34th Year of Service 2026


# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 08, 2026 Vol. XXXIV No. 23




SUNNY FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT Peer Rated for Highest Level of Professional Excellence 2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഡൽഹി ഹോട്ടലിൽ വൻതീപിടിത്തം

8 മുഖ്യമന്ത്രി വി.ഡി. സതീശൻ ധവളപത്രം പുറത്തിറക്കി

14 ഫൊക്കാന 'ടീം ഇന്റഗ്രിറ്റി' പ്രകടനപത്രിക പുറത്തിറക്കി

24 AI-IKAM (AI-ഐക്യം) പദ്ധതിക്ക് തുടക്കമായി

35 മറിയാമ്മ പിള്ള മെമ്മോറിയൽ സൂപ്പർ കപ്പ്

# എസ്ഐആർ: സംശയപ്പട്ടികയിൽ അന്വേഷണം

ന്യൂഡൽഹി: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിനിടെ (എസ്ഐആർ) വിദേശ പൗരരെന്നു സംശയിച്ച് വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കിയവരെക്കുറിച്ച് കൂടുതൽ അന്വേഷണം വരുന്നു. ഇവരുടെ പേരുവിവരം ആഭ്യന്തരമന്ത്രാലയത്തിനു കൈമാറാൻ സംസ്ഥാനങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർമാർക്ക് (സിഇഒ) തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നല്കി. ജില്ലാ ഭരണകൂടം, സംസ്ഥാന പോലീസ് എന്നിവ വഴിയാണ് വിവരങ്ങൾ ശേഖരിക്കുക. പട്ടികയിൽ നിന്ന് ഒഴിവാക്കുന്നവരുടെ വിശദാംശങ്ങൾ അധികൃതർക്ക് കൈമാറണമെന്ന് എസ്ഐആർ കേസിൽ വിധി പറയവേ സുപ്രീം കോടതി നിർദേശിച്ചിരുന്നു. ഒഴിവാക്കപ്പെട്ടവരുടെ പൗരത്വനില 1955-ലെ പൗരത്വനിയമപ്രകാരം നിർണയിക്കുന്നതിനാണിത്.

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപ് കഴിഞ്ഞവർഷമാണ് രാജ്യത്ത് ആദ്യമായി എസ്ഐആർ നടത്തിയത്. അന്നത്തെ വിശദീകരണത്തിൽ, ബിഹാർ വോട്ടർ പട്ടികയിൽ ഒട്ടേറെ ബംഗ്ലാദേശ്, നേപ്പാൾ, മ്യാൻമർ വിദേശികൾ ഉൾപ്പെട്ടിട്ടുണ്ടെന്നു കമ്മീഷൻ പറഞ്ഞിരുന്നു. എന്നാൽ, കരട് പട്ടികയും അന്തിമ വോട്ടർപട്ടികയും പ്രസിദ്ധീകരിച്ചപ്പോൾ ഇവരുടെ കൃത്യമായ എണ്ണമോ വിവരങ്ങളോ പുറത്തുവിട്ടിരുന്നില്ല. (ശേഷം 34-ാം പേജിൽ)

# കേരളത്തിൽ എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്

തിരുവനന്തപുരം: കേരളത്തിൽ എല്ലായിടത്തും ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ അതീവ ജാഗ്രതാനിർദ്ദേശം പുറപ്പെടുവിച്ചു. കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഓറഞ്ചലർട്ടാണ്. മറ്റ് 13 ജില്ലകളിൽ മഞ്ഞ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

മണ്ണിടിച്ചിൽ സാദ്ധ്യത കണക്കിലെടുത്ത് പൊന്മുടിയിലേക്കുള്ള വിനോദ സഞ്ചാരത്തിന് നിരോധനം ഏർപ്പെടുത്തി. അരുവിക്കര ഡാമിന്റെ ഷട്ടറുകൾ ഉയർത്തുകയും ചെയ്തു. ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിലും നദീതീരങ്ങളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്. കടൽക്ഷോഭ സാദ്ധ്യതകൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി.

ഇടുക്കി ഉൾപ്പെടെയുള്ള മലയോരപ്രദേശങ്ങളിൽ രാത്രിയാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

# പരീക്ഷാ നടത്തിപ്പിനെതിരെ കോക്രോച്ച് പാർട്ടി: ജന്തർമന്തറിൽ വൻ പ്രതിഷേധം




ജന്തർമന്തറിൽ കോക്രോച്ച് ജനതാ പാർട്ടി നടത്തിയ പ്രതിഷേധത്തിൽ പങ്കെടുക്കാനെത്തിയവർ.

ന്യൂഡൽഹി: 'ഞങ്ങൾ പാറ്റകൾ മണ്ണിലിറങ്ങി പോരാടില്ലെന്നാണ് അവർ കരുതിയത്. ഞങ്ങൾ ഇറങ്ങിക്കഴിഞ്ഞു. ഇതു ട്രെയ്‌ലർ മാത്രം.' 40 ഡിഗ്രി ചൂട് വകവെക്കാതെ പ്രതിഷേധത്തിൽ അണിചേർന്ന ജനക്കൂട്ടത്തെ ചൂണ്ടിക്കാട്ടി കോക്രോച്ച് ജനതാ പാർട്ടിയുടെ (സിജെപി) പോരാട്ടപ്രഖ്യാപനം.

പരീക്ഷാ നടത്തിപ്പുകളുമായി ബന്ധപ്പെട്ട വീഴ്ചകളിൽ ഉത്തരവാദിത്വമേറ്റ് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെക്കണമെന്ന ആവശ്യവുമായി ഇന്ത്യാതലസ്ഥാനത്ത് തെരുവിലിറങ്ങി 'പാറ്റ'കളുടെ സമരം.

സാമൂഹികമാധ്യമ മുന്നേറ്റമായി തുടങ്ങിയ കോക്രോച്ച് ജനതാ പാർട്ടിയുടെ (സി.ജെ.പി) ആദ്യ പ്രത്യക്ഷസമരത്തിൽ ആയിരങ്ങൾ അണിനിരന്നു. ഓൺലൈൻ ആഹ്വാനപ്രകാരം പ്രതിഷേധത്തിനെത്തിയ (ശേഷം 34-ാം പേജിൽ)

# നടൻ സലിംകുമാർ ഓർമ്മയായി



കൊച്ചി: നടനും സംവിധായകനുമായ സലിംകുമാർ (56) ഓർമ്മയായി. ജൂൺ ആറിന് ശനിയാഴ്ച രാത്രി 10.43-ന് എറണാകുളം അമൃത ആശുപത്രിയിലായിരുന്നു അന്ത്യം. ന്യുമോണിയ ബാധിച്ച് ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഹൃദയാഘാതം ഉണ്ടാകുകയായിരുന്നു. കരൾ രോഗബാധിതനായി ഏറെക്കാലമായി സലിം കുമാർ ചികിത്സയിലായിരുന്നു.

എറണാകുളം വടക്കൻ പറവൂരിലെ ലാഫിംഗ് വില്ലയിലായിരുന്നു താമസം. ഭാര്യ: സുനിത. മക്കൾ: നടൻ ചന്തു, ആരോമൽ.

1969 ഒക്ടോബർ പത്തിന് വടക്കൻ പറവൂരിൽ ഗംഗാധരൻ-കൗസല്യ ദമ്പതികളുടെ ഇളയ മകനായാണ് സലിം കുമാറിന്റെ ജനനം. പേരു കേട്ടാൽ മതം തിരിച്ചറിയണ്ട എന്നുകരുതി അച്ഛൻ ഇട്ട പേരാണു സലിം. സ്കൂളിൽ ചെന്നപ്പോൾ അദ്ധ്യാപിക നിർബന്ധിച്ചാണു കുമാർ എന്നുകൂടി ചേർത്ത് സലിംകുമാർ ആക്കിയത്. മാല്യങ്കര എസ്എൻഎം കോളജിലായിരുന്നു പ്രീഡിഗ്രി വിദ്യാഭ്യാസം. (ശേഷം 28-ാം പേജിൽ)

# ആദ്യം ഓർഡിനറിയിൽ മാത്രം സൗജന്യയാത്ര

തിരുവനന്തപുരം: കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്രാപദ്ധതി ആദ്യഘട്ടത്തിൽ ഓർഡിനറി ബസുകളിൽ മാത്രമായി നടപ്പാക്കാൻ തീരുമാനം. മുഖ്യമന്ത്രി വി.ഡി. സതീശനും ഗതാഗതമന്ത്രി സി.പി. ജോണും തമ്മിൽ നടത്തിയ ചർച്ചയിലാണ് ധാരണയായത്. ജൂൺ 15 മുതൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആദ്യ നൂറുദിവസം പരീക്ഷണാടിസ്ഥാനത്തിൽ ഓർഡിനറി ബസുകളിൽ പദ്ധതി നടപ്പിലാക്കും. ഇതിനുശേഷം വിലയിരുത്തൽ നടത്തിയശേഷം മറ്റു ബസുകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകും. കെഎസ്ആർടിസിക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നത് പഠിക്കാൻ ധനകാര്യ സെക്രട്ടറിയെ ചുമതലപ്പെടുത്തി. യുഡിഎഫിന്റെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു കെഎസ്ആർടിസി ബസുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര. ഏതൊക്കെ ബസിൽ പദ്ധതി നടപ്പാക്കിയാൽ എത്ര രൂപ വീതം ചെലവു വരുമെന്ന കണക്കുകൾ കെഎസ്ആർടിസി കൈമാറിയിരുന്നു. മുഴുവൻ ബസുകളിലും സൗജന്യം അനുവദിച്ചാൽ മൂന്നു മാസത്തെനഷ്ടം 112 കോടി രൂപയാണ്. ഓർഡിനറി ബസുകളിൽ മാത്രമാക്കിയാൽ 57 കോടി, സിറ്റി ഫാസ്റ്റ്, ഓർഡിനറി എന്നിവയിൽ നടപ്പാക്കിയാൽ 65 കോടി, ഓർഡിനറി, ഫാസ്റ്റ്പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് എന്നിവയിൽ നടപ്പാക്കിയാൽ 90 കോടി എന്നിങ്ങനെയാണ് നഷ്ടം കണക്കാക്കിയിരിക്കുന്നത്.

ശമ്പളത്തിനും പെൻഷനുമുള്ള സാമ്പത്തിക സഹായത്തിനു പുറമെ ഈ തുക കൂടി സർക്കാർ കെഎസ്ആർടിസിക്ക് നല്കേണ്ടിവരും. പ്രതിദിനം 10 മുതൽ 12 വരെ ലക്ഷം വനിതകൾ കെഎസ്ആർടിസിയിൽ സഞ്ചരിക്കുന്നുവെന്നാണ് കണക്ക്. പദ്ധതി നടപ്പാക്കുന്നതോടെ കൂടുതൽ വനിതകൾ യാത്ര ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരുമാനം മുഖ്യമന്ത്രി പ്രഖ്യാപിക്കുമെന്ന് ഗതാഗതമന്ത്രി സി.പി. ജോൺ പറഞ്ഞു. എല്ലാ സ്ത്രീകൾക്കും സൗജന്യ യാത്ര അനുവദിക്കും. എപിഎൽ, ബിപിഎൽ വ്യത്യാസമുണ്ടാകില്ല. ട്രാൻസ്ജൻഡർ വിഭാഗത്തിനും സൗജന്യ യാത്ര അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. തുക സർക്കാർ കെഎസ്ആർടിസിക്ക് റീഫണ്ട് ചെയ്യും. 15-ന് പദ്ധതി ആരംഭിക്കും. കെഎസ്ആർടിസിക്ക് സാമ്പത്തിക ആശങ്ക വേണ്ടെന്നും മന്ത്രി പറഞ്ഞു.

# ഡൽഹി ഹോട്ടലിൽ വൻതീപിടിത്തം: വിദേശികളടക്കം 21 മരണം

ന്യൂഡൽഹി: തലസ്ഥാനത്ത് ഹോട്ടലിലുണ്ടായ വൻതീപിടിത്തത്തിൽ 17 വിദേശികൾ ഉൾപ്പെടെ 21 പേർ വെന്തുമരിച്ചു. പൊള്ളലേറ്റ 11 പേർ ഗുരുതരാവസ്ഥയിൽ. 37 പേരെ രക്ഷിച്ചു. മാളവ്യനഗറിലെ അഞ്ചുനിലക്കെട്ടിടത്തിന്റെ ഏറ്റവും താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ഫ്ളോറിഷ് സ്റ്റേ ഹോട്ടൽ



ഡൽഹി മാളവ്യനഗറിലെ ഫ്ളോറിഷ് സ്റ്റേ ഹോട്ടൽ റസ്റ്റോറന്റിലുണ്ടായ അഗ്നിബാധ.

റസ്റ്റോറന്റിൽ ജൂൺ മൂന്നിന് രാവിലെ 8.50-നാണ് തീപിടിത്തമുണ്ടായത്. തുടർന്ന്, മുകൾനിലകളിലേക്കും സമീപത്തുള്ള മികാസ ഇൻ ഹോട്ടലിലേക്കും തീ പടർന്നു.

ലൈബീരിയ, നൈജീരിയ, മൊസാംബിക്, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് മരിച്ചവരിൽ ഏറെയും. വിദ്യാർത്ഥികളും ചെറുപ്പക്കാരായ പ്രഫഷണൽസും കൂടുതലായി താമസിക്കുന്ന മേഖലയിലാണു ദുരന്തമുണ്ടായത്. തീപിടിത്തത്തിന്റെ കാരണം വ്യക്തമല്ല. കെട്ടിടത്തിൽ അനധികൃതനിർമാണം നടന്നിരുന്നതായും സൂചനയുണ്ട്. അഗ്നിശമനസേനയടക്കം രക്ഷാപ്രവർത്തകർ ഏറെ പണിപ്പെട്ടാണ് തീ നിയന്ത്രണവിധേയമാക്കിയത്. പ്രാണരക്ഷാർത്ഥം കെട്ടിടത്തിനു മുകളിൽനിന്ന് ചാടിയ നിരവധിപ്പേർക്ക് പരുക്കേറ്റു. ചാടുന്നവരെ രക്ഷിക്കാൻ കെട്ടിടത്തിനു താഴെ അഗ്നിരക്ഷാസേന മെത്തകളടക്കം നിരത്തി.

ഹാവൂസ് റാണിയെന്ന ഇടുങ്ങിയ തെരുവിലാണ് ലാവ്കേഷ് ബജാജിന്റെ ഉടമസ്ഥതയിലുള്ള, 25 മുറികളുള്ള ഹോട്ടൽ പ്രവർത്തിക്കുന്നത്. തീപിടിത്തമുണ്ടാകുമ്പോൾ വിദേശികളടക്കം നാൽപ്പതിലേറെപ്പേർ ഇവിടെ താമസിച്ചിരുന്നു. ഡൽഹി സർക്കാർ നൽകിയ ലൈസൻസ് പ്രകാരം ഫ്ളോറിഷ് സ്റ്റേ ഹോട്ടലിൽ ആറ് മുറികൾക്കു മാത്രമാണ് 'ബെഡ് ആൻഡ് ബ്രേക്ഫാസ്റ്റ്' രീതിയിൽ പ്രവർത്തനാനുമതിയുള്ളത്. ഹോട്ടലിന് അഗ്നിരക്ഷാസേനയുടെ നിരാക്ഷേപപത്രം (എൻ.ഒ.സി) ഇല്ലായിരുന്നെന്നും പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തി. ഫയർ എൻഒസിയില്ലാതെ നിരവധി ഹോട്ടലുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. തീപിടിത്തമുണ്ടായ ഹോട്ടലിൽ പ്രവേശിക്കാനും പുറത്തുപോകാനും ഒരുവാതിൽ മാത്രമാണുള്ളത്. കെട്ടിടത്തിനു ജനാലകളില്ലെന്നും ചീഫ് ഫയർ ഓഫീസർ എ.കെ. മാലിക് പറഞ്ഞു. താഴത്തെ നിലയ്ക്കു ഷട്ടറാണുള്ളത്. ഷട്ടർ മുറിച്ചുമാറ്റിയാണ് അഗ്നിരക്ഷാസേന അകത്തു പ്രവേശിച്ചത്. 17 ഫയർ യൂണിറ്റുകൾ നടത്തിയ രക്ഷാപ്രവർത്തനത്തിൽ 37 പേരെ പുറത്തെത്തിക്കാനായി. തീപിടിത്തമുണ്ടായ ഹോട്ടലിന്റെ ഉടമ ലാവ്കേഷ് ബജാജിനും പങ്കാളികൾക്കും ഇതേ മേഖലയിൽ മൂന്ന് ഹോട്ടലുകൾ കൂടിയുണ്ട്. രാവിലെ ഇലക്ട്രിക് സ്റ്റൗവിൽ ചായയുണ്ടാക്കവേയാണ് വലിയ പൊട്ടിത്തെറിയോടെ അഗ്നിബാധ ശ്രദ്ധയിൽപ്പെട്ടതെന്ന് സമീപത്തു പ്രവർത്തിക്കുന്ന മികാസ ഇൻ ഹോട്ടലിലെ പാചകക്കാരൻ കേസർ സിങ് പറഞ്ഞു.

# കരുവന്നൂർ കേസ്: സിപിഎമ്മിന് തിരിച്ചടി

കൊച്ചി: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ സിപിഎം നേതാക്കളെ പ്രതിചേർത്ത് ഇഡി സമർപ്പിച്ച അനുബന്ധ കുറ്റപത്രം കോടതി അംഗീകരിച്ചു. സിപിഎം നേതാക്കൾക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്നു വ്യക്തമാക്കി ഇവരടക്കം കുറ്റപത്രത്തിലെ 28 പേർക്കും കള്ളപ്പണം വെളുപ്പിക്കൽ കേസുകൾ കൈകാര്യം ചെയ്യുന്ന പിഎംഎൽഎ കോടതി സമൻസ് അയച്ചു. മുൻമന്ത്രി എ.സി. മൊയ്തീൻ എംഎൽഎ, സിപിഎം തൃശൂർ ജില്ലാ മുൻ സെക്രട്ടറിമാരായ എം.എം. വർഗീസ്, കെ. രാധാകൃഷ്ണൻ എംപി, പൊറത്തിശേരി നോർത്ത് ലോക്കൽ സെക്രട്ടറി എ.ആർ. പീതാംബരൻ, പൊറത്തിശേരി സൗത്ത് ലോക്കൽ സെക്രട്ടറി എം.ബി. രാജു, ഇരിങ്ങാലക്കുട ഏരിയാ സെക്രട്ടറി കെ.സി. പ്രേമരാജൻ തുടങ്ങിയവരടക്കം പ്രതികളെല്ലാവരും വിചാരണ നേരിടണമെന്ന് പ്രത്യേക ജഡ്ജി പി. ശബരീനാഥൻ വ്യക്തമാക്കി. ജൂലൈ നാലിന് നേരിട്ട് ഹാജരാകാനാണ് സമൻസ്.

പ്രതിപ്പട്ടികയിൽ പാർട്ടിയുടെയും നേതാക്കളുടെയും സ്ഥാനം 67 മുതൽ 73 വരെയാണ്. കരുവന്നൂർ ബാങ്കിലുണ്ടായ ക്രമക്കേടുകളെത്തുടർന്ന് തൃശൂർ ജില്ലാ കമ്മിറ്റി ചുമതലപ്പെടുത്തിയ ജില്ലാ സെക്രട്ടേറിയറ്റ് അംഗങ്ങളടങ്ങുന്ന സബ് കമ്മിറ്റി വലിയ വായ്പകൾ അനർഹർക്ക് അനുവദിക്കാൻ ഭരണസമിതിയിൽ സമ്മർദ്ദം ചെലുത്തിയെന്നതാണ് പാർട്ടിക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള പ്രധാന കുറ്റം.

വായ്പ തിരിച്ചടയ്ക്കാതെ വന്നതോടെ നിക്ഷേപകരുടെ പണം നഷ്ടപ്പെട്ടു. പൊറത്തിശേരിയിൽ സ്ഥലം വാങ്ങി പാർട്ടി ഓഫീസ് നിർമ്മിക്കാൻ ലോക്കൽ കമ്മിറ്റി തീരുമാനമെടുക്കുകയും ജില്ലാ സെക്രട്ടേറിയറ്റ് അംഗീകാരം നല്കുകയും ചെയ്തു. ഇതിനായി പാർട്ടി പിആർവൈ ബിൽഡിങ് ഫണ്ട് എന്ന പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി.

അനധികൃത വായ്പകളിൽ നിന്ന് കമ്മീഷൻ വാങ്ങി ഈ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കാൻ ബാങ്ക് അധികൃതരും ഭരണസമിതി അംഗങ്ങളുമടക്കമുള്ളവരെ ചുമതലപ്പെടുത്തി. പാർട്ടിയും ജില്ലാ കമ്മിറ്റി അംഗങ്ങളുമാണ് ബാങ്കിനെ നിയന്ത്രിച്ചത്. ബിനാമി വായ്പകളും പാർട്ടിയുടെ നിർദേശപ്രകാരമാണ് നല്കിയത്. പാർട്ടിയുടെ പേരിൽ തുടങ്ങിയ വിവിധ അക്കൗണ്ടുകളിൽ ലക്ഷങ്ങൾ നിക്ഷേപിക്കപ്പെട്ടു. -കുറ്റപത്രത്തിൽ പറയുന്നു.

# എഐ കരുത്തിൽ പുതിയ സൂപ്പർ വാക്സിൻ

ലണ്ടൻ: ലോകത്തെയാകെ ഭീതിയിലാഴ്ത്തുന്ന പകർച്ച വ്യാധികൾക്കും വൈറസ് വകഭേദങ്ങൾക്കുമെതിരെ മുൻകൂട്ടി പ്രതിരോധം തീർക്കാൻ ശേഷിയുള്ള സൂപ്പർ ആന്റിജൻ വാക്സിൻ വികസിപ്പിച്ചെടുത്ത് ഗവേഷകർ. ചരിത്രത്തിലാദ്യമായി കൃത്രിമബുദ്ധി ഉപയോഗിച്ച് രൂപകല്പനചെയ്ത വാക്സിൻ ഘടകം മനുഷ്യരിൽ വിജയകരമായി പരീക്ഷിച്ചതായി കേംബ്രിഡ്ജ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ വ്യക്തമാക്കി.

ഏകദേശം 200 പേരെ ഉൾപ്പെടുത്തി നടത്തുന്ന രണ്ടാമത്തെ പഠനം വാക്സിൻ പ്രതിരോധശേഷി എത്രത്തോളം വർദ്ധിപ്പിക്കുമെന്ന് കൂടുതൽ വ്യക്തമാക്കും. നിലവിലെ കോവിഡ് വകഭേദങ്ങൾ മാത്രമല്ല ഭാവിയിൽ മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരാൻ സാദ്ധ്യതയുള്ള വൈറസുകൾക്കെതിരെയും സംരക്ഷണം നല്കാൻ കഴിയുന്ന വാക്സിനാണ് ഇതെന്നാണ് അവകാശവാദം.

കോവിഡ് വകഭേദങ്ങൾക്കു പുറമെ സീസണൽ ഫ്ളൂ, പക്ഷിപ്പനി, എബോള തുടങ്ങിയ വൈറസുകൾക്കെതിരെയുള്ള എഐ വാക്സിനുകളുടെ ഗവേഷണങ്ങളും മൃഗങ്ങളിലെ പരീക്ഷണങ്ങളും വിജയകരമായി നടക്കുന്നുണ്ട്. വാക്സിൻ നിർമ്മാണരംഗത്ത് എഐ സാങ്കേതികവിദ്യ വലിയൊരു കുതിച്ചു ചാട്ടമാണെന്നും ഭാവിയിലെ മഹാമാരികളെ മുൻകൂട്ടി പ്രതിരോധിക്കാൻ ഇതു സഹായിക്കുമെന്നും ശാസ്ത്രലോകം വിലയിരുത്തുന്നു.

# അമേരിക്കൻ മലയാള സാഹിത്യ ചരിത്രകാരനും സാമൂഹിക സാംസ്കാരിക പ്രവർത്തകനുമായ ജോർജ് മണ്ണിക്കരോട്ട് അന്തരിച്ചു



ഹൂസ്റ്റൺ: അമേരിക്കൻ മലയാള സാഹിത്യ ചരിത്രകാരനും പ്രമുഖ സാമൂഹിക സാംസ്കാരിക പ്രവർത്തകനും സംഘാടകനുമായ ജോർജ് മണ്ണിക്കരോട്ട് ഹൂസ്റ്റണിൽ അന്തരിച്ചു. ജൂൺ 6-ന് ശനിയാഴ്ച വൈകുന്നേരം 7.55-നായിരുന്നു അന്ത്യം. കുറച്ചുനാളുകളായി വിവിധ രോഗങ്ങൾക്ക് അദ്ദേഹം ചികിത്സയിലായിരുന്നു. പരേതയായ ഏലിയാമ്മയാണ് സഹധർമ്മിണി.

ബൃഹത്തായ അമേരിക്കൻ മലയാള സാഹിത്യചരിത്രം എന്ന ഗ്രന്ഥത്തിനു പുറമെ നോവൽ, ചെറുകഥ, ലേഖന സമാഹാരം ഒക്കെയായി നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. നിലവിൽ ജോർജ് മണ്ണിക്കരോട്ട് മലയാളം സൊസൈറ്റി ഓഫ് അമേരിക്കയുടെ പ്രസിഡണ്ട് കൂടിയാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡണ്ടായിട്ടും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മറ്റ് മലയാളം സൊസൈറ്റി ഓഫ് അമേരിക്ക ഭാരവാഹികളും പ്രവർത്തകരും അതുപോലെ കേരള ലിറ്റററി ഫോറം യുഎസ്എ പ്രവർത്തകരും അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

**വാർത്ത: എ.സി. ജോർജ്**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 23
June 08, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം


അതിനിസ്സാരകാര്യങ്ങളെക്കുറിച്ച് അത്യഗാധമായ അറിവുള്ളവരാണ് വിദഗ്ധർ.

**ബട്ലർ**

ഏകാഗ്രതാ പരിശീലനമാണ് വിദ്യാഭ്യാസത്തിന് ഒന്നാമതായി വേണ്ടത്.

**സ്വാമി വിവേകാനന്ദൻ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


# ആൻഡമാൻ തീരത്ത് വൻ പ്രകൃതിവാതക ശേഖരം: ഓയിൽ ഇന്ത്യക്ക് ചരിത്ര നേട്ടം

ന്യൂഡൽഹി: ആൻഡമാൻ ദ്വീപിനോട് ചേർന്നുള്ള സമുദ്രതീരത്ത് വൻ തോതിൽ പ്രകൃതിവാതക ശേഖരം കണ്ടെത്തി. ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തിയ പര്യവേക്ഷണത്തിലാണ് സുപ്രധാനമായ കണ്ടെത്തൽ. ഇന്ത്യയുടെ സമുദ്രാന്തര പര്യവേക്ഷണ പദ്ധതിയായ 'സമുദ്ര മന്ഥൻ' ദൗത്യത്തിലാണ് നിർണായക നേട്ടം കൈവരിച്ചത്.

കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രി ഹർദീപ് സിങ് പുരിയാണ് ഇക്കാര്യം ഇന്ത്യയെ അറിയിച്ചത്. ആൻഡമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്ത് നിന്ന് ഏകദേശം 15 കിലോമീറ്റർ അകലെയുള്ള 'ശ്രീ വിജയപുരം -3' എന്ന പര്യവേക്ഷണ കിണറിലാണ് വാതക ശേഖരം കണ്ടെത്തിയത്. ഈ ഭാഗത്ത് സമുദ്രത്തിന് 355 മീറ്ററാണ് ആഴം.

സമുദ്രനിരപ്പിന് താഴെ 1,900 മീറ്ററിലധികം ആഴത്തിൽ ഡ്രില്ലിങ് നടത്തിയപ്പോഴാണ് വാതക സാന്നിധ്യം വ്യക്തമായത്.

ഇതിന് മുൻപ് 2025 സെപ്റ്റംബറിൽ 'വിജയപുരം-2' കിണറ്റിലും പ്രകൃതിവാതകം കണ്ടെത്തിയിരുന്നു. അന്ന് ശേഖരിച്ച സാമ്പിളുകളിൽ 87 ശതമാനവും ഉയർന്ന ഗുണനിലവാരമുള്ള 'മീഥെയ്ൻ' വാതകമാണെന്ന് കണ്ടെത്തിയിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി 2025-ലെ സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രഖ്യാപിച്ച 'സമുദ്ര മന്ഥൻ' മിഷന്റെ ഭാഗമായാണ് ഈ പര്യവേഷണം നടന്നത്. ഇന്ത്യയിലെ ആഴക്കടൽ എണ്ണ-വാതക നിക്ഷേപങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുക എന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം. ആൻഡമാൻ ബേസിനിൽ ഓയിൽ ഇന്ത്യ ലിമിറ്റഡ് നടത്തിയ പര്യവേക്ഷണങ്ങളിൽ, നിലവിൽ കുഴിച്ച മൂന്ന് കിണറുകളിൽ രണ്ടെണ്ണത്തിലും ഹൈഡ്രോകാർബൺ സാന്നിധ്യം കണ്ടെത്താനായി എന്നത് വലിയ നേട്ടമായി കണക്കാക്കപ്പെടുന്നു. ഇന്ത്യയുടെ ഊർജ സുരക്ഷയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതുറക്കുന്നതാണ് ആൻഡമാൻ കടലിലെ ഈ പുതിയ കണ്ടെത്തൽ. കണ്ടെത്തിയ വാതകത്തിന്റെ ഗുണനിലവാരം, ഘടന, കലോറി മൂല്യം എന്നിവ പരിശോധിക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ചു വരികയാണ്. ആഗോളതലത്തിലുള്ള ആഴക്കടൽ പര്യവേക്ഷണ വിദഗ്ധരുടെ സഹായത്തോടെ ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.



ആൻഡമാൻ തീരത്ത് നടത്തിയ പര്യവേക്ഷണത്തിനിടെ പ്രകൃതിവാതക സാന്നിധ്യം കണ്ടെത്തിയപ്പോൾ.

'സമുദ്ര മന്ഥൻ' മിഷന്റെ ഭാഗമായി കൂടുതൽ ആഴക്കടൽ പര്യവേക്ഷണങ്ങൾ നടത്താനാണ് കേന്ദ്രസർക്കാർ പദ്ധതിയിടുന്നത്. ഇതിനായി രാജ്യാന്തര സാങ്കേതിക സഹകരണവും ഇന്ത്യ തേടുന്നുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ പര്യവേക്ഷണം നടക്കുന്നുണ്ട്.

ഊർജാവശ്യങ്ങൾക്കായി ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുമ്പ് നടത്തി ഉപേക്ഷിച്ച പ്രകൃതിവാതക-പെട്രോളിയം പര്യവേക്ഷണങ്ങൾ നടത്താനാണ് കേന്ദ്രസർക്കാരിന്റെ തീരുമാനം.

# കടക്കെണിയിൽ കേരളം വികസനമോ വാഗ്ദാനമോ?

മലയാളിക്ക് ജൂൺ മാസം എപ്പോഴും സമ്മിശ്ര വികാരങ്ങളുടെ കാലമാണ്. എന്നാൽ ഈ വർഷം കേരളത്തിന്റെ ആകാശത്തും ഖജനാവിലും ഒരുപോലെ കനത്ത കാർമേഘങ്ങൾ ഉരുണ്ടുകൂടിയിരിക്കുന്നു. ജൂൺ നാലിന് എത്തിയ മൺസൂൺ അതിന്റെ വന്യരൂപം കാട്ടിത്തുടങ്ങുമ്പോൾ, വടക്കൻ-മധ്യകേരളത്തിലെ ജില്ലകൾ വെള്ളത്തിനടിയിലാകുകയാണ്. പ്രകൃതിയുടെ ഈ താണ്ഡവം കേരളത്തെ വീണ്ടും അതിജീവനത്തിന്റെ കഠിനമായ പരീക്ഷാഹാളിലേക്ക് തള്ളിവിടുന്നു. എന്നാൽ, ഈ പ്രകൃതി ദുരന്തങ്ങളെക്കാൾ ഭീതിദമായ മറ്റൊരു പ്രളയത്തിലേക്കാണ് നിയമസഭയിൽ അവതരിപ്പിച്ച സാമ്പത്തിക ധവളപത്രം വിരൽ ചൂണ്ടുന്നത്. രാഷ്ട്രീയ തർക്കങ്ങൾക്കപ്പുറം ആ രേഖയിലെ കണക്കുകൾ ഏതൊരു മലയാളിയെയും ഞെട്ടിക്കുന്നതാണ്.

ഒരു പതിറ്റാണ്ടിലേറെ നീണ്ട സാമ്പത്തിക കെടുകാര്യസ്ഥതയുടെ കുറ്റപത്രമാണ്. ഭാവി തലമുറകളുടെമേൽ കുന്നുകൂടിയ കടബാധ്യതകളുടെ കണക്കുപുസ്തകമാണ്. അഞ്ച് ലക്ഷം കോടിയിലധികം ബാധ്യത. സംസ്ഥാന ജിഡിപിയുടെ മൂന്നിലൊന്നിലധികം കടം. വികസന പദ്ധതികൾക്കല്ല, പലപ്പോഴും ദൈനംദിന ചെലവുകൾക്കുപോലും കടം വാങ്ങേണ്ട അവസ്ഥ. ഇതാണ് കേരളത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യമെന്ന് സർക്കാർ നിയമസഭയിൽ സമ്മതിച്ചിരിക്കുകയാണ്. വർഷങ്ങളായി കേരള ജനതയോട് പറഞ്ഞത് മറ്റൊന്നായിരുന്നു. 'കേരള മോഡൽ', 'വികസന മുന്നേറ്റം', 'സാമ്പത്തിക നേട്ടങ്ങൾ' എന്നീ പ്രചാരണങ്ങളുടെ മറവിൽ ഒളിപ്പിക്കപ്പെട്ടിരുന്നത് കടബാധ്യതകളുടെ മഹാപർവതമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമാകുകയാണ്. ഒരു കുടുംബം വരുമാനത്തേക്കാൾ കൂടുതൽ ചെലവഴിച്ചാൽ എന്ത് സംഭവിക്കും? ആദ്യം ആഭരണങ്ങൾ പണയം വെക്കും. പിന്നീട് കടം വാങ്ങും. ഒടുവിൽ പലിശ അടയ്ക്കാൻ പോലും പുതിയ കടം തേടും. കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല.

കേരളത്തിന്റെ യഥാർത്ഥ പ്രതിസന്ധി കടത്തിന്റെ വലുപ്പം മാത്രമല്ല. കടം കൊണ്ട് സൃഷ്ടിക്കപ്പെട്ട സമ്പത്ത് എത്രയെന്ന ചോദ്യമാണ്. കടം വാങ്ങി റോഡുകളും വ്യവസായങ്ങളും തൊഴിലും സൃഷ്ടിച്ചിരുന്നെങ്കിൽ അത് നിക്ഷേപമാകുമായിരുന്നു. എന്നാൽ കടം വാങ്ങി ശമ്പളവും പെൻഷനും പലിശയും അടയ്ക്കുന്ന സ്ഥിതിയാണെങ്കിൽ അത് ഭാവിയെ പണയംവെക്കലാണ്. ധവളപത്രം മറ്റൊരു അസുഖവും തുറന്നുകാട്ടുന്നു. കേരളത്തിന്റെ ഉത്പാദനമേഖല ദുർബലമാണ്. വ്യവസായ നിക്ഷേപം പരിമിതമാണ്. യുവാക്കൾ കൂട്ടത്തോടെ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നു. സർക്കാർ ചെലവുകൾ കുതിച്ചുയരുമ്പോൾ വരുമാന സ്രോതസ്സുകൾ അതേ വേഗത്തിൽ വളരുന്നില്ല. ഇത് മുൻ സർക്കാരിനെ കുറ്റപ്പെടുത്താനുള്ള രാഷ്ട്രീയ ആയുധമായി മാത്രം മാറരുത്. കാരണം കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു സർക്കാരിന്റെ മാത്രം സൃഷ്ടിയല്ല. പതിറ്റാണ്ടുകളായി എല്ലാ രാഷ്ട്രീയ മുന്നണികളും പിന്തുടർന്ന ജനപ്രിയതാ രാഷ്ട്രീയത്തിന്റെ ഫലമാണത്. വോട്ടുകൾ നേടാൻ വാഗ്ദാനങ്ങൾ നൽകുക എളുപ്പമാണ്. എന്നാൽ അതിന് വേണ്ട പണം എവിടെനിന്നു വരുമെന്ന ചോദ്യം ആരും ഗൗരവമായി ചോദിച്ചില്ല. ഇപ്പോൾ ചോദിക്കേണ്ട സമയം എത്തിയിരിക്കുന്നു.

ഓരോ ക്ഷേമപദ്ധതിയും തുടരണോ? ഓരോ പൊതുമേഖലാ സ്ഥാപനവും അതേപടി നിലനിർത്താനാകുമോ? നഷ്ടത്തിലോടുന്ന സംവിധാനങ്ങളെ രക്ഷിക്കാൻ നികുതിദായകരുടെ പണം എത്രകാലം ചെലവഴിക്കാം? സർക്കാർ ചെലവുകൾക്ക് നിയന്ത്രണം വേണമോ? ഭരണപരിഷ്കാരങ്ങൾ അനിവാര്യമാണോ? ഈ ചോദ്യങ്ങൾക്ക് രാഷ്ട്രീയ മുദ്രാവാക്യങ്ങൾകൊണ്ട് മറുപടി പറയാനാകില്ല. ധവളപത്രം അവതരിപ്പിച്ചതുകൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. രോഗനിർണയം നടത്തിയാൽ മാത്രം രോഗം മാറില്ല. കഠിനമായ ചികിത്സയും വേണം. സാമ്പത്തിക അച്ചടക്കം, ചെലവ് നിയന്ത്രണം, നിക്ഷേപ സൗഹൃദ അന്തരീക്ഷം, വ്യവസായ വികസനം, അഴിമതി രഹിത ഭരണസംവിധാനം-ഇവയെല്ലാം ഒരുമിച്ച് നടപ്പാക്കേണ്ടിവരും.

കേരളം ഇന്ന് ഒരു നിർണ്ണായക വഴിത്തിരിവിലാണ്. സത്യത്തെ അംഗീകരിച്ച് പരിഷ്കാരങ്ങളിലേക്ക് നീങ്ങുമോ? അതോ വീണ്ടും രാഷ്ട്രീയ സൗകര്യങ്ങളുടെ മയക്കത്തിൽ യാഥാർത്ഥ്യങ്ങളിൽനിന്ന് കണ്ണടയ്ക്കുമോ? ധവളപത്രം ഒരു കണക്കുപുസ്തകമല്ല. അത് ഭാവി കേരളത്തിന്റെ കണ്ണാടിയാണ്. അതിൽ കാണുന്നത് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും പ്രതിബിംബം മാറ്റാൻ ആദ്യം മുഖം മാറ്റേണ്ടിവരും. നഷ്ടത്തിലോടുന്ന സ്ഥാപനങ്ങളുടെ പുനഃസംഘടനയും കടുത്ത സാമ്പത്തിക അച്ചടക്കവും അല്ലാതെ മറ്റൊരു വഴിയും നമുക്ക് മുന്നിലില്ല. ആകാശത്തുനിന്ന് പെയ്യുന്ന മഴയെ മലയാളി ഒരുപക്ഷേ അതിജീവിച്ചേക്കും. എന്നാൽ, ദീർഘവീക്ഷണമില്ലാത്ത ഭരണരീതികളും സാമ്പത്തിക വറ്റിവരൾച്ചയും തിരുത്തിയില്ലെങ്കിൽ, വരുംതലമുറയ്ക്ക് നമ്മൾ നൽകുന്നത് കടംകൊണ്ട് ശ്വാസംമുട്ടുന്ന ഒരു കേരളത്തെ മാത്രമായിരിക്കും.

# ലോകത്തെ വൈദ്യുതിയുടെ മൂന്നുശതമാനവും ഒരുവർഷത്തെ കുടിവെള്ളവും ഇനി എഐക്കെന്ന് റിപ്പോർട്ട്

ഹാമിൽട്ടൻ: നിർമിതബുദ്ധി (എഐ) അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ടിവരുന്ന ഊർജത്തിന്റെ അളവ് 2030-ഓടെ ഇപ്പോഴുള്ളതിന്റെ ഇരട്ടിയാകുമെന്ന് ഐക്യരാഷ്ട്രസഭയുടെ (യുഎൻ) റിപ്പോർട്ട്.

ലോകത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ മൂന്നുശതമാനവും എഐ എടുക്കും. ബ്രിട്ടൻ വമിപ്പിക്കുന്നതിനു തുല്യമായ കാർബൺ ബഹിർഗമനം നടത്തുകയും ചെയ്യും. നിലവിൽ 37 കോടി ടണ്ണാണ് ബ്രിട്ടന്റെ വാർഷിക കാർബൺ പുറന്തള്ളൽ.

എഐ അടിസ്ഥാനസൗകര്യങ്ങൾ പുറപ്പെടുവിക്കുന്ന ചൂടുനിയന്ത്രിക്കാൻ ആഗോളജനതയുടെ ഒരുവർഷത്തെ കുടിവെള്ളത്തിനു തുല്യമായ അളവിൽ ജലം വേണ്ടിവരുമെന്നും 'എഐക്ക് പരിസ്ഥിതി നൽകേണ്ടിവരുന്ന വില' എന്ന പേരിലുള്ള യു.എൻ. റിപ്പോർട്ട് പറയുന്നു. 'ജെവൻസ് വൈരുധ്യം' എന്ന സാമ്പത്തികതത്ത്വമാണ് എഐയുടെ കാര്യത്തിൽ സംഭവിക്കുകയെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു. സാങ്കേതികപുരോഗതി ഒരുവിഭവത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുമ്പോൾ, അത് ആ വിഭവത്തിന്റെ മൊത്തം ഉപഭോഗത്തിൽ ഇടിവിനുപകരം വർധനയ്ക്കു കാരണമാകുമെന്നാണ് ഈ തത്ത്വം പറയുന്നത്.

സൗദി അറേബ്യ ഒരുവർഷം ഉപയോഗിക്കുന്ന വൈദ്യുതോർജം, എ.ഐ ഡേറ്റ സെന്ററുകൾ കഴിഞ്ഞവർഷം ഉപയോഗിച്ചു. ലോകത്തെ വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിൽ 11-ാം സ്ഥാനത്താണ് സൗദി. 2030-ഓടെ എ.ഐ ഡേറ്റ സെന്ററുകൾക്ക് 9.3 ലക്ഷംകോടി ലിറ്റർ വെള്ളവും മെക്സിക്കോ സിറ്റിയുടെ വലുപ്പത്തിന്റെ പത്തിരട്ടിയോളം സ്ഥലവും ആവശ്യമായി വരും. 1495 ചതുരശ്ര കിലോമീറ്ററാണ് മെക്സിക്കോ സിറ്റിയുടെ വിസ്തൃതി.

ലോകത്തെ 32 രാജ്യങ്ങളിൽ മാത്രമാണ് എ.ഐക്കുമാത്രമായുള്ള ക്ലൗഡ് അടിസ്ഥാനസൗകര്യങ്ങളുള്ളത്. ഇതിന്റെ 90 ശതമാനവും യുഎസിലും ചൈനയിലുമാണ്.

# പ്ലാസ്റ്റിക് കറൻസി നോട്ടുകൾ പരിഗണനയിലെന്ന് ആർബിഐ ഗവർണർ


ന്യൂഡൽഹി: ഇന്ത്യയിൽ പ്ലാസ്റ്റിക് കറൻസി നോട്ടുകൾ അവതരിപ്പിക്കാനുള്ള നിർദേശം പരിഗണനയിലാണെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. ഈ ആശയം പ്രഥമികഘട്ടത്തിലാണെന്നും മോണിറ്ററി പോളിസി കമ്മിറ്റി (എംപിസി) യോഗത്തിനുശേഷം മാധ്യമങ്ങളോടു സംസാരിക്കവേ അദ്ദേഹം പറഞ്ഞു.

പ്ലാസ്റ്റിക് കറൻസി നോട്ടുകൾ മാർക്കറ്റിൽ ഇറക്കുന്നതുമായി ബന്ധപ്പെട്ട ഗുണദോഷങ്ങൾ ഉൾപ്പെടെ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

നിലവിൽ ഉപയോഗിക്കുന്ന പേപ്പർ കറൻസി അച്ചടിക്കുന്നതിനുള്ള ചെലവ് വർധിച്ചതുൾപ്പെടെയുള്ള പ്രതിസന്ധി മുന്നിൽക്കണ്ടാണ് പ്ലാസ്റ്റിക് കറൻസി പുറത്തിറക്കാൻ ആർബിഐ നീക്കം നടത്തിയത്.

2014 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ ഇക്കാര്യം പാർലമെന്റിനെ അറിയിച്ചിരുന്നു. കൊച്ചി, മൈസൂരു, ജയ്പൂർ, ഷിംല, ഭുവനേശ്വർ എന്നീ നഗരങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പത്തു രൂപയുടെ നോട്ടുകൾ പുറത്തിറക്കാനായിരുന്നു പദ്ധതി.

എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉയർന്നതോടെ പദ്ധതി സ്തംഭനാവസ്ഥയിലായി. പിന്നീട് ഇപ്പോഴാണ് പ്ലാസ്റ്റിക് കറൻസികൾ സംബന്ധിച്ച നീക്കത്തെക്കുറിച്ച് ആർബിഐയുടെ ഭാഗത്തുനിന്ന് പ്രതികരണം വരുന്നത്.




# IPC SOUTH FLORIDA, INC.

## WE ARE SEEKING A FULL-TIME LEAD PASTOR POSITION AVAILABLE AS SOON AS POSSIBLE

### QUALIFICATIONS

Ordained minister in good standing in a recognized Pentecostal body.

Deep commitment to preach and teach sound Pentecostal doctrines and offer pastoral care with a desire for church growth.

At least 10 years of verifiable experience as a minister, preferably 5 years in North America.

Recognized Bachelor's degree in Bible/Theology/Ministry. Advanced theological degree/s and/or ministerial experience assisting reputable senior pastors will count partially to fulfill the required years of experience.

Prefer a person around 45 years of age.

Able to communicate and preach proficiently in English and Malayalam

Must be a citizen or legal permanent resident of the United States.

**Send inquiries and letter of interest with resume including references and photo no later than June 30, 2026 to:**

**ipcsflsearch@gmail.com**



# മുഖ്യമന്ത്രി വി.ഡി. സതീശൻ ധവളപത്രം പുറത്തിറക്കി

തിരുവനന്തപുരം: കഴിഞ്ഞ സർക്കാർ ഭരണമൊഴിയുമ്പോൾ 48,733 കോടി രൂപയുടെ കുടിശിക അവശേഷിപ്പിച്ചതായി മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ സമർപ്പിച്ച ധവളപത്രത്തിൽ വ്യക്തമാക്കി. ഇതിൽ 21,690 കോടി രൂപ അടിയന്തരമായി കൊടുത്തുതീർക്കാനുള്ളതാണ്.


ഡിഎ കുടിശിക ഇനത്തിൽ 21,670 കോടിയുണ്ട്. പെൻഷൻകാർക്കുള്ള ഡിആറിൽ 14,387 കോടിയാണു കുടിശിക. കരാറുകാർക്കുള്ള കുടിശിക 3431 കോടി രൂപയും ഉൾപ്പെടെയാണ് ആകെ കുടിശിക അരലക്ഷം കോടിയോടടുത്തത്. കേരളത്തിന്റെ ആകെ പൊതുകടം 5.07 ലക്ഷം കോടി രൂപയാണ്.

മാറ്റിവെക്കാനാകാത്ത ചെലവിനങ്ങളായ ശമ്പളം, പെൻഷൻ, പലിശ ഇനത്തിൽ ആകെയുള്ള ചെലവിന്റെ 77.6 ശതമാനം വരും. അതായത് നാലു രൂപയിൽ ഒരു രൂപ മാത്രമാണ് സ്കൂൾ, ആശുപത്രികൾ, റോഡ്, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാമായി ലഭിക്കുന്നത്.

ശമ്പളം, പെൻഷൻ, പലിശ ഇനങ്ങളിൽ മാസം 11,000 കോടിയുടെ ചെലവു കൂടാതെ അടുത്ത ഒരു വർഷത്തിൽ അടിയന്തര കുടിശികകൾ കൊടുക്കാനായി 21,690 കോടി രൂപകൂടി കണ്ടെത്തേണ്ട സ്ഥിതിയാണ്. ഇതിനൊപ്പമാണ് കിഫ്ബിയുടെ ബാധ്യതകൾ വരുത്തിവെക്കുന്ന ധനസമ്മർദം.

കിഫ്ബിയുടെ വായ്പാ ബാധ്യത 21,000 കോടി രൂപയാണ്. നിലവിലുള്ള പദ്ധതികൾക്കായി ഇനി 35,000 കോടി രൂപ കണ്ടെത്തുകയും വേണം.

കേന്ദ്രത്തിൽനിന്നുള്ള വിഹിതത്തിലും കഴിഞ്ഞ അഞ്ചുവർഷവുമായി താരതമ്യം ചെയ്യുമ്പോൾ കുറവു വരും. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തിനിടെ റവന്യൂ കമ്മി ഗ്രാന്റ് ലഭിച്ചിരുന്നു. ജിഎസ്ടി നഷ്ടപരിഹാരവും കേന്ദ്രത്തിൽനിന്നു ലഭിച്ചു. പതിനാറാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് ഇല്ല. കേന്ദ്ര വിഹിതത്തിൽ ആകെ ലഭിക്കുന്ന തുകയിൽ ഗണ്യമായ കുറവു വരും. കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ പോലും വലിയ കുറവു വരും.



മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ ധവളപത്രം അവതരിപ്പിക്കുന്നു.

കേന്ദ്ര നികുതി വിഹിതം 42,114.32 കോടി രൂപ ലഭിക്കുമെന്നു ബജറ്റിൽ പ്രതീക്ഷിച്ച സ്ഥാനത്ത് യഥാർത്ഥത്തിൽ കിട്ടാൻ പോകുന്നത് 36,355.39 കോടി രൂപ മാത്രമാണ്. ഈയിനത്തിൽ മാത്രം വരുന്ന കുറവ് 5958.93 കോടി രൂപയാണ്.


റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 14,137.69 കോടി രൂപ പ്രതീക്ഷിച്ചെങ്കിലും ധനകാര്യ കമ്മീഷൻ അവാർഡിൽ ഈ തുകയില്ല. മറ്റിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് 3522 കോടി രൂപ ലഭിക്കുമെന്നു കണക്കുകൂട്ടിയെങ്കിലും ലഭിക്കുന്നത് 2918.25 കോടി രൂപ മാത്രമാണ്. ഈയിനത്തിൽ കുറവ് 603.75 കോടിയാണ്. ബാലഗോപാലിന്റെ ബജറ്റിൽ പറഞ്ഞിരിക്കുന്ന കേന്ദ്ര സർക്കാരിൽനിന്നുള്ള പ്രതീക്ഷിത വരുമാനത്തിൽതന്നെ 20,500.47 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്.

വായ്പയെടുത്ത് വായ്പയുടെ തിരിച്ചടവും പലിശ അടയ്ക്കലും നടത്തുക വഴി ഗുരുതരമായ സാമ്പത്തിക സമ്മർദത്തിലേക്കാണു കേരളം നീങ്ങുന്നത്.

2021-22 സാമ്പത്തികവർഷം പലിശ അടയ്ക്കുന്നതിനും വായ്പ സർവീസ് ചെയ്യുന്നതിനുമായി ചെലവഴിച്ചത് 30,481 കോടി രൂപയായിരുന്നു. 2025-26-ൽ അത് 55,171 കോടി രൂപയായി വർധിച്ചു. നാലു വർഷത്തിനിടെ 81 ശതമാനത്തിന്റെ വർധന.

2025-26-ൽ വിപണിയിൽ നിന്നുള്ള വായ്പ 49,788 കോടി രൂപയായിരുന്നു. എന്നാൽ, ഇതേ വർഷം പലിശ അടയ്ക്കുന്നതിനും വായ്പ സർവീസ് ചെയ്യുന്നതിനുമായി 55,170.70 കോടി രൂപ ചെലവഴിക്കേണ്ടി വന്നു. ഇത് അപകടകരമായ സ്ഥിതിയാണെന്നും ധവളപത്രം ചൂണ്ടിക്കാട്ടുന്നു.

# ഡോ. സുഭാഷ് കശ്യപ് അന്തരിച്ചു



ന്യൂഡൽഹി: മുൻ ലോക്സഭാ സെക്രട്ടറി ജനറലും ഭരണഘടനാ വിദഗ്ധനുമായ ഡോ. സുഭാഷ് കശ്യപ് (97) അന്തരിച്ചു. സംസ്കാരം നടത്തി.

1983 മുതൽ 1990 വരെ ലോക്സഭാ സെക്രട്ടറി ജനറൽ പദവി വഹിച്ചു. ഒന്നാം ലോക്സഭ മുതൽ ഒൻപതാം ലോക്സഭ വരെ 37 വർഷക്കാലം അദ്ദേഹം പാർലമെന്റിന്റെ വിവിധ പദവികൾ വഹിച്ചു. 2015-ൽ ഇന്ത്യ പത്മഭൂഷൺ നൽകി ആദരിച്ചു.

പാർലമെന്റിൽനിന്ന് വിആർഎസ് എടുത്ത ശേഷം പഞ്ചായത്തി രാജ് നിയമവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ ഓണററി ഭരണഘടനാ ഉപദേഷ്ടാവായി പ്രവർത്തിച്ചു. 2000-ൽ അടൽ ബിഹാരി വാജ്പേയിയുടെ ഭരണകാലത്ത് ഭരണഘടനയിൽ ആവശ്യമായ ഭേദഗതികളെക്കുറിച്ച് പഠിക്കാനായി നിയോഗിക്കപ്പെട്ട 11 അംഗ സമിതിയിൽ അംഗമായിരുന്നു. ഒറ്റത്തിരഞ്ഞെടുപ്പ് നിർദേശം പഠിക്കാനായി കേന്ദ്രസർക്കാർ നിയോഗിച്ച ഉന്നതാധികാരസമിതിയുടെയും ഭാഗമായിരുന്നു.

# കോട്ടയം മെഡിക്കൽ കോളജിന് ദേശീയ ഗുണനിലവാര അംഗീകാരം

ഗാന്ധിനഗർ: കോട്ടയം മെഡിക്കൽ കോളജിലെ ഗൈനക്കോളജി വിഭാഗത്തിന് ദേശീയ ആരോഗ്യ മിഷൻ (എൻഎച്ച്എം) നടപ്പാക്കുന്ന 'ലക്ഷ്യ' പദ്ധതിയുടെ ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചു. പുനർമൂല്യനിർണയത്തിൽ 96.5 ശതമാനം മാർക്ക് നേടിയാണ് മെഡിക്കൽ കോളജ് ഈ നേട്ടം സ്വന്തമാക്കിയത്.

പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ പ്രസവമുറികളുടെയും മാതൃത്വശസ്ത്രക്രിയ തിയറ്ററുകളുടെയും സേവന നിലവാരം വിലയിരുത്തി മികച്ച പ്രകടനം കാഴ്ചവെക്കുന്ന സ്ഥാപനങ്ങൾക്കാണ് 'ലക്ഷ്യ' ഗുണനിലവാര സർട്ടിഫിക്കേഷൻ നൽകുന്നത്. ഗർഭിണികൾക്ക് സുരക്ഷിതവും മാന്യവും ഗുണമേന്മയുള്ളതുമായ പ്രസവ പരിചരണം ഉറപ്പാക്കുകയും മാതൃ-നവജാതശിശു മരണനിരക്ക് കുറയ്ക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 2017-ൽ ദേശീയ ആരോഗ്യ മിഷന്റെ ഭാഗമായി പദ്ധതി ആരംഭിച്ചിരുന്നു.

2022-ലാണ് കോട്ടയം മെഡിക്കൽ കോളജിന് ആദ്യമായി 'ലക്ഷ്യ' അംഗീകാരം ലഭിച്ചത്. കേരളത്തിൽ ഈ അംഗീകാരം നേടിയ ആദ്യ സർക്കാർ മെഡിക്കൽ കോളജും കോട്ടയം മെഡിക്കൽ കോളജായിരുന്നു. നിലവിലെ പുനർമൂല്യനിർണയത്തിലും ഉയർന്ന സ്കോർ നിലനിർത്തി അംഗീകാരം പുതുക്കാൻ സ്ഥാപനത്തിന് സാധിച്ചു.

ഗൈനക്കോളജി വിഭാഗത്തിന്റെ ഒപി, അത്യാഹിത വിഭാഗം, പ്രസവമുറി, ഓപ്പറേഷൻ തിയറ്റർ, വാർഡുകൾ എന്നിവയുടെ പ്രവർത്തന മികവും സേവന നിലവാരവും ദേശീയതല വിദഗ്ധ സമിതി വിശദമായി വിലയിരുത്തിയ ശേഷമാണ് അംഗീകാരം നൽകിയത്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ മിഷൻ 96.5 ശതമാനം മാർക്കോടെ ഗുണനിലവാര അംഗീകാരം പ്രഖ്യാപിച്ചു.

മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ്, സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാർ, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ആർ. ബീനാകുമാരി, നോഡൽ ഓഫീസർമാരായ ഡോ. അക്ക പ്രിയ വർഗീസ്, ഡോ. അജയ് കുമാർ എന്നിവരുടെ നേതൃത്വത്തിലും സെൻട്രൽ ക്വാളിറ്റി വിംഗിന്റെയും സീനിയർ നേഴ്സിംഗ് ഓഫീസർമാരായ നൈസ്മോൾ ജോർജ്, ബിജോ ലൂക്കോസ് എന്നിവർ നയിക്കുന്ന മുഴുവൻ ടീമിന്റെയും കൂട്ടായ പ്രവർത്തന ഫലമായാണ് ഈ നേട്ടം കൈവരിച്ചത്.


ഗൈനക്കോളജി വിഭാഗത്തിന്റെ സേവന മികവിനും രോഗീകേന്ദ്രീകൃത പരിചരണത്തിനും ഉയർന്ന നിലവാരമുള്ള ആരോഗ്യസേവനങ്ങൾക്കുമുള്ള ദേശീയതല അംഗീകാരമായാണ് ഈ നേട്ടത്തെ വിലയിരുത്തുന്നത്.







K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


DOULOS BIBLICAL SEMINARY
VECHOOCHIRA RANNI
DOULOS
BIBLICAL SEMINARY
DOULOS INTERNATIONAL MINISTRIES INC. VECHOOCHIRA, RANNI
RECOGNIZED BY IPC GENERAL COUNCIL. ACCREDITED BY NATA
26 Years in Ministry
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
www. doulosvechoochira. org
C.Th.
B.Th.
M.Div.
M.Th.
2026-27 Admission Open
STARTING
ENGLISH AND MALAYALAM MEDIUM
C.Th., B.Th., M.Div. classes started
M.Th. (Missions) is starting from June 15th
Pr. Dr. V.P. Jose
Pr. Dr. John K. Mathew
Pr. Anil Kodithottam
Pr. Reji Mooledam
Pr. Babu Cherian
Pr. Dr. O.M. Rajukutty
Pr. Dr. Allen Pallivadakkan
Pr. Dr. Binu Alummottil
Pr. Dr. T.M Jose
Pr. Dr. Mani Philip
Pr. Dr. Jacob Mathew
Pr. Dr. Lalachan Abraham
Pr. Jai Thomas
DOULOS BIBLICAL SEMINARY പുതിയ കോഴ്സ് ആരംഭിക്കുന്നു
26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് പത്തനംതിട്ട ജില്ലയിൽ വെച്ചൂച്ചിറയിൽ ആരംഭിച്ച DOULOS BIBLICAL SEMINARY-യുടെ പുതിയ M.Th. (Missions) കോഴ്സ് ജൂൺ 15 ന് ആരംഭിക്കുന്നു. ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവവചനം അഭ്യസിപ്പിക്കുവാൻ ദൈവം സഹായിച്ചു. ആത്മീയരും സമർപ്പിതരും ദൈവവചനപണ്ഡിതരുമായ അധ്യാപകർ ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ONLINE ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. ഈ സെമസ്റ്ററിന്റെ ക്ലാസുകൾ മെയ് 13 നു പ്രാർത്ഥിച്ച് ആരംഭിക്കുകയുണ്ടായി.
C.Th., B.Th., M.Div. (Malayalam/English) എന്നീ കോഴ്സുകൾ ഓൺലൈൻ ആയി നടന്നുകൊണ്ടിരിക്കുന്നു.
Pr. Dr. V. P. Jose (Director), Pr. Dr. John K. Mathew (Principal), Pr.Anil Kodithottam (Vice Principal), Pr. Reji Mooledom (Academic Dean), Sr. Preethi Das (Registrar) തുടങ്ങിയവർ കോളേജിന് നേതൃത്വം നൽകുന്നു.
Pr. Dr. O. M. Rajukutty, Pr. Dr. Binu Alummoottil, Pr. Dr. T. M. Jose, Pr. Dr. Biju Eapen, Pr. Dr. Lalachan Abraham, Pr. Dr. Allen Pallivadakkan, Pr. Dr. Mani Philip, Pr. Jomon Jacob, Pr.Jai Thomas, Pr. Moncy Mammen, Pr. John Mammen, Pr. James Abraham, Pr. Sreevals, Pr. A. T. Johnson, Pr.Syalan Chacko, Evg.P.S Cherian എന്നിവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
Pr. Shinto Johnson, Pr. Sajan Samuel, Br. Rajan Ariyappally, Br. Benny Kochuvadakayil, Br. Peter Mathew Valliath ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു. നമ്മുടെ ആയുസ്സിന്റെ നാളുകൾ അതിവേഗം തീരുന്നു. കർത്താവും വാതിൽക്കലായി. വെറും കൈയായി നാഥന്റെ മുമ്പിൽ നിൽപ്പാൻ ഇടയാകാതിരിക്കട്ടെ! പകലുള്ളേടുത്തോളം അയച്ചവന്റെ വേല ചെയ്യാം!
Pr. Jomon Jacob
Pr. James Abraham
Pr. Syalan Chacko
Pr. A.T. Johnson
Pr. P.S. Cherian
Pr. John Mammen
Pr. Sreevals
Dr. Biju Eapen
Pr. Moncy Mammen
CONTACT +91 9164603370
ഈ സെമസ്റ്ററിലെ അഡ്മിഷൻ ജൂൺ 15 വരെ തുടരുന്നതാണ്.

# യോഗ്യതയുള്ളവർക്ക് സംവരണതസ്തിക നിഷേധിക്കരുതെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: താഴ്ന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കായി സംവരണം ചെയ്ത തസ്തികയിലേക്ക് ഉയർന്ന യോഗ്യതയുള്ളവരെ നിയമിക്കരുതെന്ന് സുപ്രീംകോടതി. അങ്ങനെചെയ്യുന്നത് അർഹരായവരുടെ അവകാശങ്ങളെ ഹനിക്കുമെന്നും ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ള അദ്ധ്യക്ഷനായ ബെഞ്ച് പറഞ്ഞു. അധികയോഗ്യത മറച്ചുവെച്ച് ജോലിയിൽ പ്രവേശിച്ചയാളെ പിരിച്ചുവിടാമോ എന്ന വിഷയം ഈയിടെ സുപ്രീംകോടതിയുടെ മറ്റൊരു ബെഞ്ച് പരിശോധിക്കാനായി മാറ്റിയിരുന്നു. തമിഴ്നാട്ടിലെ സിൻഡിക്കേറ്റ് ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട കേസിലാണ് ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ളയുടെ ബെഞ്ചിന്റെ നടപടി. ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവരുമായി മത്സരിക്കാൻ സാധിക്കാത്ത വിഭാഗങ്ങൾക്കായി തസ്തികകൾ സംവരണം ചെയ്യാൻ സർക്കാരിന് സാധിക്കും. അതിനാൽ അത്തരം തസ്തികകളിൽ ഉയർന്ന യോഗ്യത മറച്ചുവെച്ച് പ്രവേശിക്കാനാകില്ലെന്നും സിൻഡിക്കേറ്റ് ബാങ്ക് കേസിൽ സുപ്രീംകോടതി പറഞ്ഞു.

സിൻഡിക്കറ്റ് ബാങ്കിൽ താത്കാലിക ബാങ്ക് അറ്റൻഡന്റ് തസ്തികയിൽ അധികയോഗ്യത മറച്ചുവെച്ച് പ്രവേശിച്ചയാളെ പിരിച്ചുവിട്ടിരുന്നു. പത്താം ക്ലാസ് യോഗ്യതയുള്ളവരെ നിയമിക്കേണ്ട തസ്തികയിലേക്ക് ബിരുദധാരി പ്രവേശനം നേടുകയായിരുന്നു. എന്നാൽ, മദ്രാസ് ഹൈക്കോടതി ഇയാളെ പുനർനിയമിച്ചതിനെതിരെ ബാങ്ക് സുപ്രീംകോടതിയെ സമീപിച്ചു. ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി.

# മോദിസർക്കാർ വിദ്യാഭ്യാസ സമ്പ്രദായത്തെ നശിപ്പിച്ചുവെന്ന് രാഹുൽ

ന്യൂഡൽഹി: കഴിഞ്ഞ 12 വർഷമായി മോദി സർക്കാർ ഇന്ത്യയിലെ വിദ്യാഭ്യാസ സംവിധാനത്തെ നശിപ്പിച്ചതിന്റെ വില നൽകേണ്ടിവരിക ഇന്ത്യയിലെ യുവതലമുറയായിരിക്കുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

നീറ്റ് യുജി പരീക്ഷാ ക്രമക്കേടുകൾക്കും പരീക്ഷ റദ്ദാക്കലിനും പിന്നാലെ നാഗ്പുരിൽ നീറ്റ് പരീക്ഷയെഴുതിയ മധ്യപ്രദേശിൽനിന്നുള്ള ആകാൻഷ ചതുർവേദി എന്ന വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിലാണ് കേന്ദ്രസർക്കാരിനെതിരെ രൂക്ഷവിമർശനവുമായി രാഹുൽ രംഗത്തെത്തിയത്.

ആകാൻഷയുടെ മരണം ആത്മഹത്യയല്ലെന്നും മോദിയുടെ കീഴിൽ അഴിമതിനിറഞ്ഞ തകർന്ന വ്യവസ്ഥയുടെ അനന്തരഫലമാണെന്നും രാഹുൽ കുറ്റപ്പെടുത്തി.

ആകാൻഷയുടെ ആത്മഹത്യാക്കുറിപ്പ് പുസ്തകങ്ങൾക്കിടയിൽനിന്ന് ഈയിടെയാണ് കുടുംബത്തിനു ലഭിച്ചത്. "നല്ല മാർക്ക് വാങ്ങാമെന്നു വലിയ പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ പരീക്ഷ വീണ്ടും എഴുതേണ്ടിവന്നാൽ എനിക്ക് പഴയതുപോലെ മികച്ച വിജയം നേടാനാകുമെന്ന് യാതൊരു ഉറപ്പുമില്ല. എന്നോട് ക്ഷമിക്കൂ" എന്നായിരുന്നു ആത്മഹത്യാക്കുറിപ്പിൽ ഉണ്ടായിരുന്നത്.

ഒരു ഡോക്ടറാകാനും തന്റെ രാജ്യത്തെയും സമൂഹത്തെയും സേവിക്കാനുമാണ് ആ പെൺകുട്ടി ആഗ്രഹിച്ചത്. അവളുടെ അച്ഛൻ കർഷകനാണ്. മകളുടെ ഡോക്ടറാകാനുള്ള സ്വപ്നത്തെ പിന്തുണയ്ക്കാൻ അദ്ദേഹം മൂന്നു ലക്ഷം രൂപ വായ്പയെടുത്തു. മകളെ നാഗ്പുരിൽ കോച്ചിംഗ് ക്ലാസിൽ വിടാനായി അദ്ദേഹം അവിടെ പാചകക്കാരനായി ജോലി ചെയ്തു. ആ അച്ഛൻ തന്നാൽ കഴിയുന്നതെല്ലാം ചെയ്തു.

എന്നാൽ നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർന്നു. തുടർന്ന് പരീക്ഷ റദ്ദാക്കി. ആ അനിശ്ചിതത്വങ്ങൾക്കിടയിലാണ് ആകാൻഷ നമ്മെ വിട്ടുപിരിഞ്ഞത് – രാഹുൽ തന്റെ സമൂഹമാധ്യമമായ എക്സിലെ പോസ്റ്റിൽ ചൂണ്ടിക്കാട്ടി.

പരീക്ഷ വീണ്ടും നടത്തുന്നതുകൊണ്ടു മാത്രം കുട്ടികൾക്കു നീതി ലഭിക്കില്ലെന്നും ഇന്ത്യയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസമാഫിയയെ പൂർണമായി തുടച്ചുനീക്കണമെന്നും ആം ആദ്മി പാർട്ടി ദേശീയ അദ്ധ്യക്ഷൻ കെജ്രിവാൾ ആവശ്യപ്പെട്ടു. ഈ പരീക്ഷാ അനിശ്ചിതത്വങ്ങൾക്കിടയിൽ എത്രയോ കുട്ടികളാണ് ഇതിനകം ജീവനൊടുക്കിയത്. കുട്ടികളുടെ മരണത്തിന് എപ്പോഴാണു നീതി ലഭിക്കുകയെന്നും കേജ്രിവാൾ ചോദിച്ചു.

ഇന്ത്യയിലെ പരീക്ഷാ സംവിധാനത്തിൽ സുതാര്യത കൊണ്ടുവരാൻ കഴിയാത്ത മോദി സർക്കാർ ഇന്ത്യയിലെ വിദ്യാർത്ഥികളെ വഞ്ചിക്കുകയാണെന്ന് തൃണമൂൽ കോൺഗ്രസ് ഔദ്യോഗിക എക്സ് അക്കൗണ്ടിലൂടെ കുറ്റപ്പെടുത്തി.

# താല്ക്കാലിക ജീവനക്കാർക്കും പെൻഷന് അർഹത

ന്യൂഡൽഹി: സർക്കാർ വകുപ്പുകളിൽ ദീർഘകാലമായി ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാർക്ക് അവരുടെ ജോലി ഔദ്യോഗികമായി സ്ഥിരപ്പെടുത്തിയിട്ടില്ലെങ്കിൽപ്പോലും വിരമിക്കുമ്പോൾ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടെന്ന് സുപ്രീംകോടതി. തൊഴിലുടമ നല്കുന്ന ഔദാര്യമല്ല പെൻഷനെന്നും മറിച്ച് ദീർഘകാലത്തെ സേവനത്തിലൂടെ ജീവനക്കാരൻ നേടിയെടുക്കുന്ന ഭരണഘടനാപരമായ അവകാശമാണതെന്നും ജസ്റ്റീസുമാരായ സഞ്ജയ് കരോൾ, അഗസ്റ്റിൻ ജോർജ് മസിഹ് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. താല്ക്കാലിക ജീവനക്കാർക്ക് പെൻഷൻ നൽകുന്നത് വലിയ സാമ്പത്തിക ബാധ്യത വരുത്തുമെന്ന കേന്ദ്ര സർക്കാരിന്റെ വാദം തള്ളിക്കൊണ്ടാണ് കോടതി ഉത്തരവ്. ഒരു സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി ദീർഘകാലം സേവനം നല്കിയ ജീവനക്കാർക്ക് കേവലം തസ്തികയുടെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാർക്കു നല്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാനാവില്ലെന്ന് കോടതി വ്യക്തമാക്കി. ഒരേ തരത്തിലുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്ന ഒരുകൂട്ടം ജീവനക്കാർക്കു മാത്രം ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് തരംതിരിവുകൾക്ക് കാരണമാകുമെന്നും ഭരണഘടനാധാർമ്മികതയ്ക്കു നിരക്കാത്തതാണെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി. തപാൽ വകുപ്പിൽ മൂന്നു പതിറ്റാണ്ടായി താൽക്കാലിക ജീവനക്കാരനായിരുന്ന, അന്തരിച്ച സൂരജ് സാഹി എന്ന ജീവനക്കാരന്റെ ഭാര്യ നല്കിയ ഹർജിയിലാണ് സുപ്രീം കോടതിയുടെ ഉത്തരവ്.

# ദലൈലാമയ്ക്ക് ഗ്രാമി പുരസ്കാരം




ദലൈലാമ ഗ്രാമി ശിൽപവുമായി.

ധരംശാല: ദയയുടെയും സമാധാനത്തിന്റെയും സന്ദേശങ്ങൾ ഓഡിയോ ബുക്കിലൂടെ അവതരിപ്പിച്ചതിനുള്ള ഗ്രാമി പുരസ്കാരം ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയുടെ വസതിയിലെത്തി. ധരംശാലയിലെ താമസസ്ഥലത്ത് പ്രശസ്ത സരോദ് വിദ്വാൻ അംജദ് അലി ഖാൻ പുരസ്കാരം കൈമാറി. 'മെഡിറ്റേഷൻസ്: ദ് റിഫ്ളക്ഷൻസ് ഓഫ് ഹിസ് ഹോളിനെസ് ദ് ദലൈലാമ' എന്ന ആൽബത്തിലൂടെയാണ് ദലൈലാമ ഗ്രാമി പുരസ്കാരത്തിന് അർഹനായത്. 90 വയസ്സുകാരനായ ദലൈലാമയുടെ ശബ്ദത്തിനൊപ്പം അംജദ് അലി ഖാൻ ഉൾപ്പെടെ പ്രശസ്ത കലാകാരന്മാരുടെ സംഗീതവും ഉപയോഗിച്ചിരുന്നു.

# 563 ഇന്ത്യൻ സൈനികർക്ക് യുഎന്നിന്റെ അംഗീകാരം

ജുബ: ദക്ഷിണ സുഡാനിലെ 563 ഇന്ത്യൻ സമാധാനദൗത്യ സേനാംഗങ്ങൾക്ക് യുഎൻ പുരസ്കാരം. സംഘർഷബാധിത മേഖലയിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനും സമാധാനശ്രമങ്ങൾക്കു ചുക്കാൻ പിടിക്കുന്നതിനുമാണ് അംഗീകാരം. പുരസ്കാരം നേടിയവരിൽ 53 വനിതാ സൈനികരുമുണ്ട്. ദക്ഷിണ സുഡാനിലെ മലാക്കലിൽ നടന്ന ചടങ്ങിൽ മെഡലുകൾ സമ്മാനിച്ചു. നേപ്പാൾ കഴിഞ്ഞാൽ യുഎന്നിന്റെ സമാധാന ദൗത്യങ്ങൾക്ക് ഏറ്റവും കൂടുതൽ സൈനികരെ നൽകുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

നിലവിൽ യുഎന്നിന്റെ വിവിധ മിഷനുകളിലായി 4200 ഇന്ത്യൻ സേനാംഗങ്ങളാണുള്ളത്. കോംഗോയിലെ ഔദ്യോഗിക സേവനത്തിനിടെ വീരമൃത്യു വരിച്ച ലാൻസ് ഹവിൽദാർ ഹർഭജൻ സിങ്, ദക്ഷിണ സുഡാനിലെ നായിബ് സുബേദാർ സുജിത് കുമാർ പ്രധാൻ എന്നിവർക്ക് അടുത്തിടെ യുഎന്നിന്റെ മരണാനന്തര ബഹുമതി ലഭിച്ചിരുന്നു.





BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641


മത്തായിച്ചൻ
MATHAICHEN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
COMMERCIAL AND RESIDENTIAL
FREE ESTIMATE
CALL MATHEW:
630-205-5585

# വിവാഹിതയായ മകൾക്കും ആശ്രിതനിയമനം ബാധകം

ന്യൂഡൽഹി: വിവാഹിതയായി എന്ന കാരണത്താൽ ആശ്രിത നിയമനത്തിൽ നിന്ന് യോഗ്യതയുള്ള മകളെ ഒഴിവാക്കാനാകില്ലെന്ന് സുപ്രീംകോടതി. ആശ്രിത നിയമനത്തിനുള്ള 'കുടുംബം' എന്ന നിർവചനത്തിൽ വിവാഹിതരായ പെൺമക്കൾ ഉൾപ്പെടില്ലെന്ന അലഹബാദ് ഹൈക്കോടതിയുടെ മുൻ വിധി റദ്ദാക്കിക്കൊണ്ടാണ് സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്.

വിവാഹിതയായി എന്നത് യോഗ്യതയുള്ള മകൾക്ക് ആശ്രിതനിയമനം നിഷേധിക്കുന്നതിനുള്ള സാധുവായ കാരണമായി കണക്കാക്കാനാകില്ലെന്ന ബോംബെ, കർണാടക ഹൈക്കോടതികളുടെ വിധികൾ ശരിവെക്കുന്നതായി ജസ്റ്റീസ്മാരായ പി.എസ്. നരസിംഹ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

വിവാഹിതരായ ആൺമക്കൾക്കില്ലാത്ത ഇത്തരം വിവേചനങ്ങൾ പെൺമക്കൾക്കുമേൽ മാത്രം ചുമത്താൻ സാധിക്കുമോയെന്ന ചോദ്യത്തിന് അലഹബാദ് ഹൈക്കോടതിയിലെ സിംഗിൾ ബെഞ്ച് ജഡ്ജി നല്കിയ റഫറൻസിന്റെ അടിസ്ഥാനത്തിലാണ് സുപ്രീംകോടതി വിഷയം പരിഗണിച്ചത്.

വിവാഹിതയാണെങ്കിലും സ്വന്തം കുടുംബത്തോടൊപ്പം താമസിച്ചു ഭിന്നശേഷിക്കാരിയായ സഹോദരിയെ പരിചരിക്കുകയും അമ്മയോടൊപ്പം റേഷൻകട നടത്തുകയും ചെയ്തിരുന്ന ഒരു യുവതി സമർപ്പിച്ച ഹർജിയാണ് കേസിന് അടിസ്ഥാനം. അമ്മയുടെ മരണശേഷം റേഷൻകടയുടെ ലൈസൻസിനായി ഇവർ അപേക്ഷിച്ചെങ്കിലും വിവാഹിതരായ പെൺമക്കളെ കുടുംബാംഗങ്ങളുടെ നിർവചനത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള ഉത്തർപ്രദേശ് സർക്കാരിന്റെ 2019-ലെ ഉത്തരവ് ചൂണ്ടിക്കാട്ടി അധികൃതർ അപേക്ഷ നിരസിക്കുകയായിരുന്നു. ഇതിനെതിരെയാണ് യുവതി നിയമപോരാട്ടം നടത്തി സുപ്രീംകോടതിയിൽ നിന്ന് അനുകൂല വിധി നേടിയത്.

# ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാൻ



തിരുവനന്തപുരം: പതിനാറാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി കോൺഗ്രസ് അംഗം ഷാനിമോൾ ഉസ്മാനെ (59) തെരഞ്ഞെടുത്തു. സിപിഐയിലെ ഭാർഗ്ഗവി തങ്കപ്പനുശേഷം (1987-91) ഈ പദവിയിലെത്തുന്ന ആദ്യവനിതയാണ്. അരൂർ എംഎൽഎ ആയി ഷാനിമോൾക്ക് 99 വോട്ടും എൽഡിഎഫിനു വേണ്ടി മത്സരിച്ച സിപിഐയിലെ മുഹമ്മദ് മുഹ്സിന് 34 വോട്ടും ലഭിച്ചു. ബിജെപി വോട്ടെടുപ്പിൽ പങ്കെടുത്തില്ല. ഭരണപക്ഷത്തെ സന്ദീപ് വാരിയർ, ആബിദ് ഹുസൈൻ തങ്ങൾ, പ്രതിപക്ഷത്തെ സി.കെ. ഹരീന്ദ്രൻ എന്നിവർ സഭയിൽ ഉണ്ടായിരുന്നില്ല. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണനും വോട്ട് ചെയ്തില്ല.

കെ.എസ്.യുവിലൂടെ രാഷ്ട്രീയപ്രവർത്തനം തുടങ്ങിയ ഷാനിമോൾ കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡണ്ട്, ആലപ്പുഴ ജില്ലാപഞ്ചായത്ത് അംഗം, ആലപ്പുഴ നഗരസഭാദ്ധ്യക്ഷ, മഹിളാ കോൺഗ്രസ് സംസ്ഥാന അദ്ധ്യക്ഷ, എംഎസ്സി സെക്രട്ടറി, കെപിസിസി രാഷ്ട്രീയകാര്യ സമിതിയംഗം തുടങ്ങിയ ചുമതലകൾ വഹിച്ചു. പെരുമ്പാവൂരിലും (2005) ഒറ്റപ്പാലത്തും (2016) നിന്നു നിയമസഭയിലേക്കും 2019-ൽ ആലപ്പുഴയിൽ നിന്ന് ലോക്സഭയിലേക്കും മത്സരിച്ചു പരാജയപ്പെട്ടു. 2019-ലെ ഉപതെരഞ്ഞെടുപ്പിൽ അരൂരിൽനിന്ന് നിയമസഭയിലേക്ക് ആദ്യജയം. 2021-ൽ പരാജയപ്പെട്ടു. അരൂരിൽ നിന്ന് ഇത്തവണ വീണ്ടും ജയം.

റിട്ട. തഹസിൽദാർ ആലപ്പുഴ ആലിശ്ശേരി പൂപ്പറമ്പിൽ മുഹമ്മദ് ഉസ്മാനാണ് ഭർത്താവ്. ആസിയ തമി ഉസ്മാൻ, അലിഫ് സത്താർ ഉസ്മാൻ എന്നിവർ മക്കൾ.

# ഊർജരംഗത്ത് ഇന്ത്യ–വെനസ്വേല ദീർഘകാല പങ്കാളിത്തം ഉറപ്പാക്കും

ന്യൂഡൽഹി: ഇന്ത്യയിലെത്തിയ വെനസ്വേലൻ ആക്ടിംഗ് പ്രസിഡണ്ട് ഡെൽസി റൊഡ്രിഗസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച നടത്തി. ഊർജം, വ്യാപാരം, നിക്ഷേപം എന്നീ മേഖലകളിലെ ഉഭയകക്ഷി സഹകരണം സംബന്ധിച്ചായിരുന്നു ചർച്ച. പശ്ചിമേഷ്യൻ പ്രതിസന്ധി മൂലം ഊർജ വിതരണത്തിന് തടസങ്ങൾ നേരിട്ട ഇന്ത്യ തങ്ങളുടെ ഊർജ ആശ്രയത്വം വിപുലീകരിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ലോകത്തിലെ ഏറ്റവും വലിയ എണ്ണ ശേഖരമുള്ള രാജ്യങ്ങളിലൊന്നായ വെനസ്വേലയുടെ പ്രസിഡണ്ടിന്റെ ഇന്ത്യൻ സന്ദർശനം.



ഇന്ത്യയിലെത്തിയ വെനസ്വേലൻ ആക്ടിംഗ് പ്രസിഡണ്ട് ഡെൽസി റൊഡ്രിഗസും പ്രധാനമന്ത്രി നരേന്ദ്ര മോദിയും കൂടിക്കാഴ്ച നടത്തിയപ്പോൾ.

പ്രസിഡണ്ടായിരുന്ന നിക്കോളാസ് മഡുറോയെ യുഎസ് സുരക്ഷാസേന കഴിഞ്ഞ ജനുവരിയിൽ തടങ്കലിലാക്കിയതിനു പിന്നാലെയായിരുന്നു ഡെൽസി റൊഡ്രിഗസ് വെനസ്വേലയുടെ ആക്ടിംഗ് പ്രസിഡണ്ടായി ചുമതലയേറ്റത്. ഇതിനുശേഷം ഡെൽസി നടത്തുന്ന ആദ്യ ഇന്ത്യൻ സന്ദർശനമാണിത്. അഞ്ചു ദിവസത്തെ സന്ദർശനത്തിനായി എത്തിയ ഡെൽസി വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായും കൂടിക്കാഴ്ച നടത്തി.

റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നതിന് യുഎസ് ഇന്ത്യക്ക് അനുവദിച്ച ഇളവ് ഈ മാസം 17-ന് അവസാനിക്കുമെന്നതിനാൽ വെനസ്വേല ഉൾപ്പെടെയുള്ള മറ്റു രാജ്യങ്ങളിൽനിന്ന് കൂടുതൽ എണ്ണ ഇറക്കുമതി ചെയ്യേണ്ടത് ഇന്ത്യയുടെ ആവശ്യമാണ്. 2020 വരെ വലിയ അളവിൽ വെനസ്വേലയിൽനിന്ന് ക്രൂഡ്ഓയിൽ ഇറക്കുമതി ചെയ്തിരുന്ന ഇന്ത്യ വെനസ്വേലയ്ക്കുമേൽ അമേരിക്ക ഉപരോധം ഏർപ്പെടുത്തിയതോടെ ഇറക്കുമതി കുറയ്ക്കുകയായിരുന്നു. അമേരിക്കയുമായി മെച്ചപ്പെട്ട നയതന്ത്ര ബന്ധം സൂക്ഷിക്കുന്ന ഡെൽസിയുടെ വരവോടെ കൂടുതൽ എണ്ണ വെനസ്വേലയിൽനിന്ന് ഇറക്കുമതി ചെയ്യാനുള്ള കരാറിൽ എത്തിച്ചേരാമെന്നാണ് ഇന്ത്യ പ്രതീക്ഷിക്കുന്നത്.

# ഹെൽമെറ്റില്ലെങ്കിൽ ലൈസൻസും പോകും

തിരുവനന്തപുരം: സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനങ്ങൾക്കുള്ള ശിക്ഷാനടപടികൾ മോട്ടോർ വാഹനവകുപ്പ് കർശനമാക്കുന്നു. ഇനിമുതൽ ഹെൽമെറ്റ് ധരിക്കാതെ ഇരുചക്രവാഹനം ഓടിച്ചാൽ 500 രൂപ പിഴ ഒടുക്കേണ്ടി വരുന്നതിനോടൊപ്പം മൂന്നു മാസത്തേക്ക് ഡ്രൈവിങ് ലൈസൻസ് റദ്ദാക്കും.

എം.വി.ഡി നടത്തുന്ന ഒരു ദിവസത്തെ നിർബന്ധിത സുരക്ഷിത ഡ്രൈവിങ് പരിശീലന ക്ലാസിൽ പങ്കെടുത്താൽ മാത്രമേ ലൈസൻസ് പുനഃസ്ഥാപിച്ച് നല്കുകയുള്ളൂ. ഗതാഗത നിയമങ്ങളുടെ ഗൗരവം കണക്കിലെടുത്ത് ശിക്ഷാകാലാവധിയും പരിശീലന കാലയളവും കൃത്യമായി നിശ്ചയിച്ച് സംസ്ഥാന സർക്കാർ പുതിയ ഉത്തരവിറക്കി.

കേന്ദ്ര മോട്ടോർവാഹന നിയമപ്രകാരം ലൈസൻസ് സസ്പെൻഡ് ചെയ്യാൻ നേരത്തെ വ്യവസ്ഥയുണ്ടായിരുന്നെങ്കിലും കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിനനുസരിച്ചുള്ള കൃത്യമായ മാനദണ്ഡങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നില്ല. പുതിയ ഉത്തരവോടെ നിയമലംഘനങ്ങളെ 13 വ്യത്യസ്ത വിഭാഗങ്ങളായി തിരിച്ചാണ് ശിക്ഷ നിശ്ചയിച്ചിരിക്കുന്നത്. പുതിയ നിയമപ്രകാരമുള്ള വിവിധ ശിക്ഷകൾ ഇപ്രകാരമാണ്:

(നിയമലംഘനം, ലൈസൻസ് സസ്പെൻഷൻ കാലാവധി, നിർബന്ധിത ക്ലാസ് എന്നീ ക്രമത്തിൽ)

മദ്യപിച്ച് അലക്ഷ്യമായി ഓടിച്ച് ആളപായമുണ്ടാക്കൽ: ഒരു വർഷം. 5 ദിവസം.

അപകടത്തിൽ ഗുരുതര പരുക്കേല്പിക്കൽ: 6 മാസം, അഞ്ച് ദിവസം.

മദ്യപിച്ചുള്ള ഡ്രവിങ്, മത്സരയോട്ടം, അലക്ഷ്യമായ ഡ്രൈവിങ് 6 മാസം, 3 ദിവസം.

ആംബുലൻസ്, ഫയർഫോഴ്സ് വാഹനങ്ങൾ തടസ്സപ്പെടുത്തൽ: 6 മാസം 1 ദിവസം.

അമിതവേഗം: 3 മാസം, 3 ദിവസം.

അമിത ഭാരം കയറ്റൽ: 3 മാസം, ഒരു ദിവസം.

ഹെൽമെറ്റ് ഇല്ലാതെയുള്ള യാത്ര: 3 മാസം, ഒരു ദിവസം.

കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ആർടിഒ ഓഫീസുകളിൽ നിന്ന് ലൈസൻസ് തിരികെ ലഭിക്കൂ. സാങ്കേതിക തകരാറുകളുള്ള വാഹനം നിരത്തിലിറക്കുന്നവർക്കു 6 മാസത്തെ സസ്പെൻഷനും മൂന്നു ദിവസത്തെ ക്ലാസും നിർബന്ധമാക്കിയിട്ടുണ്ട്.

നേരത്തെ ഹെൽമെറ്റ് ധരിക്കാത്തതു പോലുള്ള ചെറിയ കുറ്റങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്ന നടപടികളിലേക്ക് എംവിഡി കടന്നിരുന്നില്ല. എന്നാൽ, നിയമലംഘനങ്ങൾ വ്യാപകമായ പശ്ചാത്തലത്തിലാണ് പുതിയ നീക്കം.



# മതാതീത ദൈവവിശ്വാസത്തിന്റെ ആഴങ്ങളിൽ

പുസ്തകപരിചയം



പ്രൊഫ. ഡോ. റോയ്സ് മല്ലശ്ശേരി
റിട്ട. പ്രിൻസിപ്പാൾ,
സെ. തോമസ് കോളജ്, കോഴഞ്ചേരി

## ആദം നീ എവിടെയാകുന്നു?

**രചയിതാവ്: കേരള മുഖ്യമന്ത്രി വി.ഡി. സതീശൻ**

സ്വന്ത മതപശ്ചാത്തലത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന മതഗ്രന്ഥങ്ങൾ ഉയർത്തുന്ന ദർശനങ്ങളും ആചാര്യന്മാരുടെ ചിന്തകളും സ്വന്തജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് വെളിവാക്കുന്ന സാഹിത്യരചനയെ 'ആദ്ധ്യാത്മിക യാത്രാവിവരണം' (Spiritual Reflection or Interfaith Memoir) എന്ന് വിശേഷിപ്പിക്കാം.

'ആദം' സാർവ്വകാലിക സാർവ്വദേശീയ വിശ്വമതേതര സങ്കല്പമാണ്. പ്രപഞ്ചമാകുന്ന ഏദൻ പറുദീസയിൽ വസിക്കുന്ന സമഗ്ര ജീവജാലങ്ങളെ ഉൾക്കൊള്ളുന്ന ദൈവസൃഷ്ടിയുടെ പ്രതീകമാണ് 'ആദം.' പ്രപഞ്ചത്തിന്റെ കാര്യവിചാരകത്വവും പരസ്പരാശ്രയത്വത്തിന്റെയും പരസ്പര ബന്ധത്തിന്റെയും ധർമ്മവും 'ആദ'ത്തിലൂടെയാണ് പൂർത്തീകരിക്കപ്പെടുന്നത്.




സ്രഷ്ടാവായ ദൈവം 'ആദമേ നീ എവിടെ' എന്ന ചോദ്യത്തിലൂടെ പ്രപഞ്ചത്തിന്റെമേൽ തന്റെ സൃഷ്ടികളിലൂടെ നിർവഹിക്കപ്പെടേണ്ട വിശ്വധാർമ്മികതയെ വെളിവാക്കുന്നു. അതേ ചോദ്യം വർത്തമാനകാല ധാർമ്മികതയുടെ വെളിച്ചത്തിൽ വി.ഡി. സതീശൻ ആവർത്തിക്കുന്നു.

ബൈബിൾ ഒരു വിശ്വമതേതര ഇതിഹാസമാണ്. സനാതന ദൈവിക ദർശനങ്ങൾ ഇതിൽ നിറഞ്ഞുനിൽക്കുന്നു. ഒരു മതത്തിന്റെയും കുത്തകയല്ല ബൈബിൾ. സർവ്വജനതയുടെയും മതേതര ദർശനമുള്ള ഒരു പഠിതാവിന് മാത്രമേ ബൈബിളിനെ വിശ്വമാനവികതയുടെ ഒരു പുസ്തക സമുച്ചയമായി ഉൾക്കൊള്ളാൻ കഴിയൂ. ക്രിസ്തുദർശനത്തിൽ ജീവിക്കുന്ന ആചാര്യന്മാരെ മതേതര സാമൂഹിക പരിഷ്കർത്താക്കളായും അവർ കണ്ടെത്തുന്നു.

വി.ഡി. സതീശൻ വിശ്വമാനവികതയുടെ രക്ഷയുടെ സന്ദേശമായി ബൈബിളിനെ കണ്ടെത്തുന്നു. ഈ പുസ്തകത്തിൽ തന്റെ ജീവിതത്തെ ആഴമായി സ്പർശിച്ച ആചാര്യന്മാരെ പരിചയപ്പെടുത്തുന്നു. പഴയനിയമ രചനകളിലെ ദൈവസാന്നിദ്ധ്യവും ദൈവനീതിയുടെയും ആശ്രയത്തിന്റെയും അനുഭവങ്ങളും അക്കമിട്ട് പ്രഭാഷണങ്ങളിൽ ഉൾപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിയുന്നു. ജീവിതസംഘർഷങ്ങളിൽ ക്രിസ്തുമൊഴികളുടെയും സുവിശേഷ രചയിതാക്കളുടെയും വിശുദ്ധ പൗലോസിന്റെ കത്തുകളുടെയും സങ്കീർത്തനങ്ങളുടെയും അത്യഗാധമായ വിശ്വാസതീക്ഷ്ണത പ്രഭാഷണങ്ങളുടെ അന്തർധാരയാകുന്നു.

മതാതീതവും മതേതരവുമായ ദിവ്യവചനങ്ങളായി ബൈബിളിനെ ഉൾക്കൊള്ളുന്നവർക്ക് മാത്രമേ വി.ഡി.യെപ്പോലെ ജീവൽപ്രശ്നങ്ങളുടെ ഉത്തരമായി ബൈബിൾ മൊഴികൾ ഉപയോഗിക്കാൻ സാധിക്കൂ. മനഃപാഠമാക്കിയതല്ല, ഹൃദയത്തിന്റെ അന്തർഗതത്തിൽ ജ്വലിച്ചു നിൽക്കുന്നതാണ് അദ്ദേഹത്തിന്റെ ബൈബിൾ വചനങ്ങൾ.

പുസ്തകത്തിലെ 32 അദ്ധ്യായങ്ങളിലും പരാമർശിക്കപ്പെടുന്ന ക്രിസ്തുമത ആചാര്യന്മാരുടെ ജീവിതദർശനവും നിലപാടുകളും കേരളത്തിലെ ക്രിസ്തുസഭയുടെ സംഭാവനകളും ചരിത്രവും നന്നായി വിശദീകരിക്കുന്നു. പ്രസിദ്ധ മാധ്യമപ്രവർത്തകൻ റോയ് മാത്യു വി.ഡിയുടെ പ്രഭാഷണ സമാഹാരങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത് രൂപപ്പെടുത്തിയതാണ് ഈ പുസ്തകം.




സ്വാതന്ത്ര്യസമരം, സർ സിപിയുടെ ചരിത്രം, നിവർത്തന പ്രസ്ഥാനം, മലബാർ കുടിയേറ്റം, മലങ്കരസഭയിലെ നവീകരണം, ഭൂദാന പ്രസ്ഥാനം, ലഹരിക്കെതിരെയുള്ള യുദ്ധം, അടിയന്തരാവസ്ഥയിലെ മാധ്യമനിയന്ത്രണത്തോടുള്ള ക്രൈസ്തവ സമീപനം, ഇതര മതാചാര്യന്മാരോടും മതഗ്രന്ഥങ്ങളോടുമുള്ള സമീപനവും പഠനവും, മാരാമൺ കൺവൻഷനിൽ ക്ഷണിച്ചുവരുത്തിയ 1/2 നാരായണീയനായ സി.വി. കുഞ്ഞുരാമൻ, കമ്യൂണിസ്റ്റ് ആചാര്യനായിരുന്ന സി. അച്യുതമേനോൻ എന്നിവരുടെ പ്രഭാഷണചരിത്രം... ഇങ്ങനെ നീണ്ടുപോകുന്നു സംഭവപരമ്പരകൾ.

കേരളത്തിലെ എല്ലാ ക്രൈസ്തവ സമുദായങ്ങളുടെയും വൈഎംസിഎ പോലുള്ള എക്യുമെനിക്കൽ സമൂഹങ്ങളുടെയും വേദികളിലാണ് വി.ഡി. സതീശൻ തന്റെ ചിന്തോദ്ദീപകങ്ങളായ പ്രഭാഷണങ്ങൾ നടത്തിയത്.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആചാര്യന്മാരായ തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ, ഏബ്രഹാം മാർത്തോമ്മാ, യൂഹാനോൻ മാർത്തോമ്മാ അലക്സാണ്ടർ മാർത്തോമ്മാ, ജോസഫ് മാർത്തോമ്മാ, തിയോഡേഷ്യസ് മാർത്തോമ്മാ, ജോസഫ് മാർ ബർണബാസ് സഫ്രഗൻ എന്നീ മെത്രാപ്പോലീത്താമാരുടെ നിലപാടുകളും ദർശനങ്ങളും വിവിധ അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെടുന്നു. സർ സിപിക്കെതിരെ ഏബ്രഹാം മാർത്തോമ്മാ സ്വീകരിച്ച നിലപാട് വിശദമായി രേഖപ്പെടുത്തുന്നു.

തോമസ് അപ്പോസ്തലൻ, ജോൺപോൾ ഒന്നാമൻ മാർപാപ്പ, പരിശുദ്ധ കാതോലിക്കാ ബാവ, കർദ്ദിനാൾ മാർ ക്ലീമീസ് ബാവ, മാർ ദിവന്നാസിയോസ്, കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്, മാർ റാഫേൽ തട്ടിൽ, മാർ തോമസ് തറയിൽ, സ്റ്റാൻലി ജോൺസ്, സ്റ്റാൻ സ്വാമി, ബെഞ്ചമിൻ ബെയ്ലി തുടങ്ങി ഒട്ടേറെപ്പേരെ അനുസ്മരിക്കുന്നു.

സാമൂഹികവും പാരിസ്ഥിതികവും നൈതികവുമായ ഒട്ടേറെ വിഷയങ്ങളെ ക്രിസ്തുദർശനത്തിൽ വിലയിരുത്തുന്ന രചയിതാവ് ദൈവസാന്നിധ്യത്തിൽ സൃഷ്ടിക്കപ്പെട്ട 'ആദ'മിന്റെ നിലപാടുകൾ എന്തെന്ന് വീണ്ടും ചോദിക്കുന്നു.

മലങ്കര സഭയുടെ ചരിത്രം അന്വേഷിക്കുന്നവർക്ക് ഇത് ഒരു പാഠപുസ്തകമാണ്.

**ഡി.സി. ബുക്സ് പ്രസിദ്ധീകരണം**






## ജോലിയില്ലെങ്കിലും ഭാര്യയെയും മക്കളെയും സംരക്ഷിക്കണമെന്ന് കോടതി

ന്യൂഡൽഹി: ജോലി ഇല്ലെന്ന കാരണം കാട്ടി ഭാര്യയേയും മക്കളെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞു മാറാനാകില്ലെന്ന് യുവാവിനോട് സാകേത് കോടതി പറഞ്ഞു. ഗാർഹിക പീഡന പരാതിയിലാണ് അഡീഷണൽ സെഷൻസ് ജഡ്ജി ശീതൾ ചൗധരി പ്രധാന കുടുംബത്തെ പരിപാലിക്കേണ്ട ചുമതല ഭർത്താവിനുണ്ടെന്നും ജോലിയില്ലെന്ന ഒഴിവ്കഴിവ് പറയാനാകില്ലെന്നും ചൂണ്ടിക്കാട്ടിയത്.

തനിക്കു ജോലിയില്ലെന്നും മറ്റു സാമ്പത്തിക ബാധ്യതകളുണ്ടെന്നുമായിരുന്നു യുവാവിന്റെ വാദം. ചെലവുകൾ നിയന്ത്രിക്കേണ്ടത് വ്യക്തിപരമായ ഉത്തരവാദിത്വമാണ്. വരുമാനം കണ്ടെത്താൻ ശേഷിയുള്ള ഒരാൾ ജോലിയില്ലെന്നു പറയുന്നതിൽ അർത്ഥമില്ല, മകന് പ്രായപൂർത്തി ആകുന്നതുവരെ മാസം ആറായിരം രൂപ വീതം നല്കണം-കോടതി നിർദ്ദേശിച്ചു.

2013-ൽ വിവാഹിതരായ ദമ്പതിമാരിൽ ഗർഭിണിയായിരിക്കെ കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് പീഡിപ്പിച്ച ഭർതൃവീട്ടുകാർ 2015-ൽ തന്നെ വീട്ടിൽനിന്നു പുറത്താക്കിയെന്നാണ് യുവതിയുടെ പരാതിയിലുള്ളത്. പിന്നീട് വിചാരണക്കോടതി ഗാർഹികപീഡന പരാതി തള്ളിയതോടെയാണ് യുവതി സെഷൻസ് കോടതിയെ സമീപിച്ചത്. 2015 മുതൽ മകന്റെ ചെലവുകൾക്കായി ഭർത്താവ് ഒരു സഹായവും നല്കിയിട്ടില്ലെന്ന് കോടതി കണ്ടെത്തി. ഭാര്യ വിദ്യാഭ്യാസമുള്ള വ്യക്തിയായതിനാൽ ജീവനാംശത്തിന് അർഹതയില്ലെന്ന ഭർത്താവിന്റെ വാദവും കോടതി തള്ളി. വരുമാനം നേടാൻ കഴിവുണ്ടെന്നതും യഥാർത്ഥത്തിൽ വരുമാനം ലഭിക്കുന്നുണ്ടെന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളാണെന്നു കോടതി ചൂണ്ടിക്കാട്ടി.

ഭാര്യയ്ക്ക് സ്വയം ജീവിക്കാനും മകനെ വളർത്താനും മതിയായ വരുമാനമുണ്ടെന്നു തെളിയിക്കുന്ന രേഖകൾ ഭർത്താവ് നല്കിയിട്ടില്ല. കുടുംബനിയമവുമായി ബന്ധപ്പെട്ട സമീപകാല വിധികളിൽ കോടതികൾ സമാന നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. തൊഴിലില്ലായ്മ, വരുമാനക്കുറവ്, സ്വമേധയാ ജോലി ഉപേക്ഷിക്കുക തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഭർത്താവിന് ജീവനാംശ ബാധ്യതയിൽ നിന്ന് ഒഴിവാക്കാനാവില്ലെന്നു വിവിധ കോടതികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ടെന്ന് ജഡ്ജി പറഞ്ഞു.

# കേരളത്തിൽ സാംക്രമികരോഗങ്ങൾ വ്യാപിക്കുന്നതായി വിലയിരുത്തൽ

തിരുവനന്തപുരം: സാംക്രമിക രോഗവ്യാപനത്തിൽ സംസ്ഥാനത്ത് ദുരന്ത സമാന സാഹചര്യമെന്നു വിലയിരുത്തിയ ആരോഗ്യവകുപ്പ് ജാഗ്രതാനിർദ്ദേശം നല്കി. കാലാവസ്ഥയിലെ പെട്ടെന്നുള്ള മാറ്റങ്ങൾ കാരണം എച്ച്1 എൻ1, ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻ ഗുനിയ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ 2017-ന് സമാനമായി വ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് വിലയിരുത്തൽ. ദുരന്ത സാഹചര്യങ്ങളിലേതുപോലെ വിവിധ വകുപ്പുകൾ ചേർന്നു പ്രവർത്തിച്ച് പ്രതിരോധ നടപടികൾ ഊർജിതമാക്കണമെന്ന് മന്ത്രിതല യോഗത്തിൽ നിർദ്ദേശം നല്കി.

ജല-ഭക്ഷണജന്യ രോഗമായ ഷിഗെല്ല ബാധിച്ച് കോഴിക്കോട്ട് ഒരു കുട്ടി കൂടി മരിക്കുകയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ രോഗം കൂടുതൽ പേരിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ആരോഗ്യം, ഭക്ഷ്യസുരക്ഷ, തദ്ദേശ വകുപ്പുകളോട് കർശനമായ പരിശോധനയ്ക്കും നിർദ്ദേശം നല്കി.

ആലപ്പുഴയിൽ ഷിഗെല്ല ബാധയ്ക്കു കാരണമായ ബാക്ടീരിയയുടെ ഉറവിടം കണ്ടെത്തിയെങ്കിലും കോഴിക്കോട്ടെ ഉറവിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരം, എറണാകുളം, തൃശൂർ തുടങ്ങിയ ജില്ലകളിൽ ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ തുടങ്ങിയ രോഗങ്ങൾക്കു വലിയ



സാദ്ധ്യതയുണ്ട്. വിവിധ വകുപ്പുകൾ ചേർന്നുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശം നല്കിയിരുന്നു. എച്ച്1എൻ1 സാധാരണ ജലദോഷപ്പനിയായി തെറ്റിദ്ധരിക്കാറുള്ളതിനാൽ പനി, ജലദോഷം തുടങ്ങിയ ലക്ഷണങ്ങളുള്ള ഗർഭിണികൾ സ്വയം ചികിത്സ ഒഴിവാക്കി ആശുപത്രിയിൽ ചികിത്സ തേടണം. ഈ രോഗം ഗർഭാവസ്ഥയിലുള്ള ശിശുക്കളുടെ മരണത്തിനു കാരണമാകാറുണ്ട്.

## പൈക്ക പദ്ധതി ഫണ്ട് തട്ടിപ്പിൽ അന്വേഷണം

തിരുവനന്തപുരം: കായിക വികസനത്തിനുള്ള മുൻ കേന്ദ്രപദ്ധതിയായ പൈക്ക (പഞ്ചായത്ത് യുവക്രീഡാ ഔർ ഖേൽ അഭിയാൻ) വഴി കേരളത്തിന് അനുവദിച്ച തുകയിൽ 12 കോടി രൂപ കാണാതായ സംഭവത്തിൽ വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ച് കായികമന്ത്രി ഒ.ജെ. ജനീഷ്. വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കായികവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പൈക്ക അഴിമതിയിൽ നടപടി ആവശ്യപ്പെട്ടുള്ള ഫയൽ കേരള സ്പോർട്സ് കൗൺസിലിൽ എട്ട് മാസമായി പൂഴ്ത്തിവെച്ചെന്ന വാർത്തയെ തുടർന്നാണ് നടപടി. കോടികൾ കാണാതായ സംഭവത്തിൽ പൈക്കയുടെ മുൻ സംസ്ഥാന കോ-ഓർഡിനേറ്ററും നിലവിലെ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡണ്ടുമായ എം.ആർ. രഞ്ജിത്തിന്റെ പങ്കിനെക്കുറിച്ച് വിശദമായി അന്വേഷിക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. ഫയൽ പൂഴ്ത്തിയതുമായി ബന്ധപ്പെട്ട വാർത്തകൾക്കു പിന്നാലെ കൗൺസിൽ വൈസ് പ്രസിഡണ്ട് രാജിക്കൊരുങ്ങുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ, പൈക്ക തട്ടിപ്പിലെ അന്വേഷണ റിപ്പോർട്ട് വരുന്നതുവരെ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കരുതെന്ന് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതമൂലം 2011-ൽ പൈക്ക കോ-ഓർഡിനേറ്റർ സ്ഥാനത്തുനിന്ന് പുറത്താക്കപ്പെട്ട രഞ്ജിത് 2016-ൽ കേരള സ്പോർട്സ് കൗൺസിൽ ഭരണസമിതി അംഗമായാണ് തിരിച്ചെത്തിയത്.

ഗ്രാമീണ മേഖലയിലെ കായിക വികസനത്തിനുള്ള കേന്ദ്ര പദ്ധതിയായിരുന്ന പൈക്ക വഴി കേരളത്തിനു ലഭിച്ച തുകയിൽ 11.91 കോടി രൂപ കാണാനില്ലെന്ന് വിവരാവകാശ അപേക്ഷയിൽ സ്പോർട്സ് കൗൺസിലിൽ നിന്നു മറുപടി ലഭിച്ചതോടെയാണ് തട്ടിപ്പുവിവരം പുറത്തായത്. പദ്ധതി വഴി കേരളത്തിന് അനുവദിച്ച 36.37 കോടി രൂപയിൽ 23.88 കോടി രൂപയാണ് ഇവിടെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ വഴി ചെലവഴിച്ചത്. 2014-ൽ പൈക്ക പദ്ധതി നിർത്തലാക്കിയപ്പോൾ 48.29 ലക്ഷം രൂപ കേന്ദ്രത്തിൽ തിരിച്ചേച്ചിന്നും 8.97 ലക്ഷം രൂപ പൈക്കയുടെ ബാങ്ക് അക്കൗണ്ടിൽ ബാക്കിയുണ്ടെന്നും വിവരാവകാശ രേഖയിൽ വ്യക്തമാക്കിയ സ്പോർട്സ് കൗൺസിലിന്, അവശേഷിക്കുന്ന 11.91 കോടി എവിടെപ്പോയെന്ന് കണ്ടെത്താനായിട്ടില്ല.

## നോർവേയിൽ പ്രഗ്നാനന്ദ ജേതാവ്

ഓസ്ലോ: നോർവേ ക്ലാസിക്കൽ ചെസിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരനെന്ന ഖ്യാതിയുമായി ആർ. പ്രഗ്നാനന്ദ അവസാന റൗണ്ടിൽ ജർമനിയുടെ വിൻസന്റ് കെയ്മറിനെ തോൽപ്പിച്ചതോടെയാണ് തമിഴ്നാട്ടുകാരനായ പ്രാഗ് ജേതാവായത്.



ക്ലാസിക്കൽ ചെസ് അവസാന റൗണ്ടിലെത്തുമ്പോൾ പ്രാഗ് 15 പോയിന്റുമായി മൂന്നാം സ്ഥാനത്തായിരുന്നു. ജർമൻ ഗ്രാൻമാസ്റ്ററെ തോൽപ്പിച്ചതോടെ 18 പോയിന്റുമായി ഒന്നാം സ്ഥാനത്തെത്തി. മുൻ ലോകചാമ്പ്യൻ വിശ്വനാഥൻ ആനന്ദ്, നിലവിലെ ലോക ചാമ്പ്യൻ ദൊമ്മരാജു ഗുകേഷ് എന്നിവർക്കു നേടാൻ കഴിയാത്ത കിരീടമാണ് 20 വയസുകാരനായ പ്രഗ്നാനന്ദ സ്വന്തമാക്കിയത്. 2013-ലാണു നോർവേ ക്ലാസിക്കൽ ചെസ് മത്സരങ്ങൾ ആരംഭിച്ചത്. ടൂർണമെന്റിൽ ലോക ഒന്നാം നമ്പർ നോർവേയുടെ മാഗ്നസ് കാഴ്സനെ രണ്ടു വട്ടം തോൽപ്പിക്കാനും പ്രാഗിനായി.

ആദ്യ ആറ് ഗെയിമുകളിൽ മൂന്നിൽ തോറ്റതോടെ പ്രാഗിന്റെ സാധ്യതകൾ നൂൽപ്പാലത്തിലൂടെയായിരുന്നു. ഏഴാം റൗണ്ടിൽ അലിറേസ ഫിറൗസ്ജ, മാഗ്നസ് കാഴ്സൻ, ലോക ചാമ്പ്യനും സഹതാരവുമായ ഗുകേഷ് എന്നിവരെ തുടരെ തോൽപ്പിച്ചതോടെയാണു കിരീടത്തിലെത്തിയത്. അലിറോസ ഫിറൗസ്ജയും വെസ്ലി സോയും തമ്മിലുള്ള അവസാന റൗണ്ട് മത്സരം സമനിലയായതും പ്രാഗിന്റെ കിരീടത്തിലേക്കുള്ള വഴി സുരക്ഷിതമാക്കി. വെസ്ലി സോ 17 പോയിന്റുമായി രണ്ടാം സ്ഥാനത്തും ഫിറൗസ്ജ 15.5 പോയിന്റുമായി മൂന്നാം സ്ഥാനത്തും ഫിനിഷ് ചെയ്തു.

13 പോയിന്റ് നേടിയ കാഴ്സൻ നാലാം സ്ഥാനത്താണ്. ആറ് താരങ്ങൾ മത്സരിച്ച ടൂർണമെന്റിൽ ഗുകേഷ് എട്ട് പോയിന്റുമായി ഏറ്റവും പിന്നിലായി. വനിതകളിൽ 16.5 പോയിന്റുമായി ബിബിസാര അസൗബയേവ ജേതാവായി.

## ഗാർഹിക എൽപിജി വിലയിൽ വീണ്ടും വർധന

ന്യൂഡൽഹി: ഗാർഹിക ആവശ്യത്തിനുള്ള പാചകവാതക വില 29 രൂപ വർധിപ്പിച്ചു. കഴിഞ്ഞ മാർച്ചിൽ 14.2 കിലോ സിലിണ്ടറിന്റെ വില 60 രൂപ കൂട്ടിയതിനുശേഷമാണ് ജൂൺ ആറിന് ശനിയാഴ്ച അർധരാത്രിയിൽ ഇരുട്ടടിപോലെ 29 രൂപ വീണ്ടും വർധിപ്പിച്ചത്. ഇതോടെ കേരളത്തിൽ ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽപിജി സിലിണ്ടറിന്റെ വില 951 രൂപ കടന്നു. പെട്രോൾ, ഡീസൽ വിലയിൽ തുടർച്ചയായി പത്തു രൂപയോളം വർധിപ്പിച്ചതിനു പിന്നാലെയാണ് സാധാരണക്കാരുടെ കുടുംബബജറ്റ് താളംതെറ്റിച്ച നടപടി. വാണിജ്യ ആവശ്യങ്ങൾക്കുള്ള എൽപിജി വില കഴിഞ്ഞയാഴ്ച 42 രൂപ വർധിപ്പിച്ചിരുന്നു.

ആഗോളവിപണിയിൽ പാചകവാതക വില 46 ശതമാനത്തോളം വർധിച്ചതാണ് ഇന്ത്യയിൽ എൽപിജി സിലിണ്ടറുകൾക്കു വില കൂടാൻ കാരണമെന്നാണു കേന്ദ്രസർക്കാരിന്റെ ന്യായീകരണം. പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ മൂലം ഹോർമുസ് കടലിടുക്കിലുണ്ടായ തടസങ്ങൾ ആഗോളതലത്തിൽ ഇന്ധനവില കുതിച്ചുയരാൻ കാരണമായെന്നും ഇതിന്റെ ആഘാതം പൂർണമായും ഉപയോക്താക്കളിലേക്ക് അടിച്ചേൽപ്പിച്ചിട്ടില്ലെന്നും സർക്കാർ വ്യക്തമാക്കി.

ഫെബ്രുവരിയിൽ എൽപിജി ടണ്ണിന് 543 ഡോളറായിരുന്ന വില ഹോർമുസ് കടലിടുക്കിലെ തടസങ്ങളെത്തുടർന്ന് ജൂണിൽ 790 ഡോളറായി വർധിച്ചു. വിപണനവിലയനുസരിച്ച് ഒരു സിലിണ്ടർ വിതരണം ചെയ്യാൻ 1600 രൂപയിലധികം ചെലവ് വരുന്നുണ്ടെന്നാണ് സർക്കാർ നൽകുന്ന വിശദീകരണം. ഭാരിച്ച വില ജനങ്ങളിലേക്ക് എത്താതിരിക്കാൻ വലിയൊരു തുക സർക്കാർ സബ്സിഡിയായി വഹിക്കുന്നുവെന്നും മന്ത്രാലയം വ്യക്തമാക്കി.

പാകിസ്താൻ, നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ അയൽരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ പാചകവാതക വില കുറവാണെന്ന് സർക്കാർ അവകാശപ്പെട്ടു. എന്നാൽ 2025-26 സാമ്പത്തിക വർഷത്തിൽ മാത്രം പൊതുമേഖലാ എണ്ണക്കമ്പനികൾ 77,280.65 കോടി രൂപയുടെ വൻ ലാഭം നേടി. പുതിയ വിലവർധനവിനെ പ്രതിപക്ഷം ചോദ്യംചെയ്യുന്നു. പൊതുജനങ്ങളെ പിഴിഞ്ഞു സമ്പന്നരായ സുഹൃത്തുക്കളുടെ ഖജനാവ് നിറയ്ക്കുന്ന 'ഇൻഫ്ളേഷൻ മാൻ മോദി' വീണ്ടും സാധാരണക്കാരെ ചാട്ടവാറിനടിക്കുകയാണെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് ആരോപിച്ചു.

## ഫാ. ഡോ. സോണി തെക്കുംമുറി അന്തരിച്ചു



കോട്ടയം: ചങ്ങനാശേരി അതിരൂപതാംഗവും കോട്ടയ്ക്കുപുറം സെ. മാത്യൂസ് പള്ളി വികാരിയുമായ ഫാ. ഡോ. സോണി തെക്കുംമുറി (സോണിയച്ചൻ-59) അന്തരിച്ചു. ചേന്നങ്കരി തെക്കുംമുറിയിൽ പരേതരായ മാത്യു-പെണ്ണമ്മ ദമ്പതികളുടെ മകനാണ്. 1993-ൽ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച സോണിയച്ചൻ തൃക്കൊടിത്താനം, ചങ്ങനാശേരി കത്തീഡ്രൽ, കിഴക്കേമിത്രക്കരി, പുതുക്കരി, പാമ്പാടി, കിളിരൂർ, ഐക്കരച്ചിറ, താഴത്തങ്ങാടി, വടവാതൂർ, സൗദി അറേബ്യ, പൂന്തോപ്പ്, മാമ്മൂട് താഴത്തുവടകര, അരുവിക്കുഴി എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹോദരങ്ങൾ: പരേതനായ ബേബിച്ചൻ, ഗ്രേസമ്മ, ജോർജുകുട്ടി, സിസ്റ്റർ മേഴ്സി എസ്എബിഎസ്, സിസ്റ്റർ ലിസി എസ്എബിഎസ്.

# ഒരേ സമൂഹം, ഒരേ ദർശനം, ഒരേ ഭാവി: ഫൊക്കാന 'ടീം ഇന്റഗ്രിറ്റി' പ്രകടനപത്രിക പുറത്തിറക്കി

സജി ഏബ്രഹാം

ന്യൂയോർക്ക്: ഫൊക്കാനയുടെ 2026–2028 കാലയളവിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രസിഡൻഷ്യൽ സ്ഥാനാർത്ഥി ഫിലിപ്പോസ് ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള 'ടീം ഇന്റഗ്രിറ്റി' സമഗ്രമായ പ്രകടനപത്രിക പുറത്തിറക്കി. 'തലമുറകളെ ബന്ധിപ്പിക്കുക, സമൂഹങ്ങളെ ശാക്തീകരിക്കുക, മലയാളി വ്യക്തിത്വത്തെ ഉയർത്തുക' എന്ന മുദ്രാവാക്യവുമായി പുറത്തിറക്കിയ പ്രകടനപത്രികയിൽ, ഫൊക്കാനയെ വാർഷിക കൺവൻഷനുകളിൽ ഒതുങ്ങുന്ന സംഘടനയിൽനിന്ന് വർഷം മുഴുവൻ പ്രവർത്തിക്കുന്ന ഒരു ആഗോള മലയാളി ഇക്കോസിസ്റ്റമാക്കി മാറ്റുമെന്ന കാഴ്ചപ്പാടാണ് അവതരിപ്പിച്ചിരിക്കുന്നത്.




സുതാര്യത, ഉൾക്കൊള്ളൽ, പരിവർത്തനാത്മക നേതൃത്വം എന്നിവ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന പദ്ധതിയാണ് ടീം ഇന്റഗ്രിറ്റി മുന്നോട്ടു വെക്കുന്നത്. മുതിർന്ന തലമുറയുടെ നേതൃത്വത്തിൽ മാത്രം ഒതുങ്ങാതെ, യുവജനങ്ങളെയും രണ്ടാം തലമുറയെയും നേതൃത്വത്തിന്റെ ഭാഗമാക്കുന്ന 'തലമുറാന്തര നേതൃത്വം' എന്ന ആശയത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു.

പ്രകടന പത്രികയുടെ ഭാഗമായി മൂന്ന് പ്രധാന പദ്ധതികളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. വിവിധ മേഖലകളിൽ മികവ് തെളിയിച്ച 100 മലയാളികളെ ആദരിക്കുന്ന 'ഫൊക്കാന 100 ലീഡേഴ്സ് റെക്കഗ്നിഷൻ ഇനിഷ്യേറ്റീവ്', അംഗസംഘടനകളെ ഒരു കുടക്കീഴിൽ ബന്ധിപ്പിക്കുന്ന 'മലയാളി കണക്ട്' ഡിജിറ്റൽ പ്ലാറ്റ്ഫോം, ഭാവി തലമുറ നേതാക്കളെ വളർത്തിയെടുക്കാനുള്ള 'ഫൊക്കാന ഫ്യൂച്ചർ ലീഡേഴ്സ് അക്കാദമി' എന്നിവ.

ഏഴ് പ്രധാന ലക്ഷ്യങ്ങൾ (seven pillars) അടിസ്ഥാനമാക്കിയാണ് സംഘടനയുടെ ഭാവി വികസന കാഴ്ചപ്പാട് രൂപപ്പെടുത്തിയിരിക്കുന്നത്. യുവജന ശാക്തീകരണം, കുടുംബ-സീനിയർ പരിചരണം, സംസ്കാര-സാഹിത്യ സംരക്ഷണം, തൊഴിൽ-ബിസിനസ് വളർച്ച, വനിതാ ശാക്തീകരണം, കായിക-ആരോഗ്യ വികസനം, സുതാര്യ ഭരണസംവിധാനം എന്നിവ. യുവജനങ്ങൾക്ക് ദേശീയ തലത്തിലുള്ള ഫൊക്കാന യൂത്ത് കൗൺസിൽ, മെന്റർഷിപ്പ് നെറ്റ്‌വർക്ക്, കേരള-അമേരിക്ക വിദ്യാർത്ഥി കൈമാറ്റ പദ്ധതികൾ, യുവജനോത്സവം, സ്റ്റാർട്ടപ് ചലഞ്ച് എന്നിവ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മലയാളം പഠനത്തിനും സംസ്കാര സംരക്ഷണത്തിനുമായി ഏകീകൃത ഡിജിറ്റൽ പഠന പ്ലാറ്റ്ഫോമും രൂപീകരിക്കും.

സീനിയർ സിറ്റിസൻസിനും കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക സപ്പോർട്ട് നെറ്റ്‌വർക്ക്, ആരോഗ്യ സേവനങ്ങൾ, കേരളത്തിലെ സ്വത്ത്-നിയമ പ്രശ്നങ്ങൾക്കുള്ള ഹെൽപ് ഡെസ്ക്, അടിയന്തര സാഹചര്യങ്ങളിൽ സഹായം എത്തിക്കുന്ന എമർജൻസി റെസ്പോൺസ് സംവിധാനവും പ്രകടനപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന ടീം ഇന്റഗ്രിറ്റി, അമേരിക്കൻ സ്കൂൾ ജില്ലകളിലും സർവകലാശാലകളിലും മലയാളത്തെ രണ്ടാം ഭാഷയായി പ്രോത്സാഹിപ്പിക്കുമെന്നും പ്രഖ്യാപിച്ചു. സാഹിത്യകാരന്മാർക്കും എഴുത്തുകാർക്കും കൂടുതൽ വേദികൾ ഒരുക്കുമെന്നും കേരള സർക്കാരുമായും ഇന്ത്യൻ നയതന്ത്ര സംവിധാനങ്ങളുമായും സഹകരണം ശക്തമാക്കുമെന്നും രേഖയിൽ പറയുന്നു.

തൊഴിൽ-ബിസിനസ് രംഗത്ത് മലയാളികൾക്കായി ജോബ് & ടാലന്റ് പോർട്ടൽ, സി.എക്സ്.ഒ ലീഡർഷിപ്പ് നെറ്റ്‌വർക്ക്, സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സംവിധാനം, വിസ-ഇമിഗ്രേഷൻ സഹായ ഫോറം, വിവിധ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ച പ്രൊഫഷണൽ നെറ്റ്‌വർക്കുകൾ എന്നിവ ആരംഭിക്കാനും പദ്ധതിയുണ്ട്.

വനിതാ ശാക്തീകരണത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന പ്രകടനപത്രികയിൽ വനിതാ ഫോറത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കൽ, ജോലിയിൽ തിരിച്ചെത്തുന്ന സ്ത്രീകൾക്കായുള്ള പരിശീലന പരിപാടികൾ, വനിതാ സംരംഭക ശൃംഖല, ആരോഗ്യ-മാനസികാരോഗ്യ പദ്ധതികൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതാഫോറത്തിന്റെ പ്രത്യേക പ്രകടനപത്രികയും പുറത്തിറക്കിയിട്ടുണ്ട്.

കായിക രംഗത്ത് ദേശീയ സ്പോർട്സ് ലീഗ്, വാർഷിക ഫൊക്കാന ഗെയിംസ്, യുവജന കായിക പരിശീലന പദ്ധതികൾ, വെൽനസ് ചലഞ്ചുകൾ എന്നിവ നടപ്പാക്കുമെന്ന് ടീം പ്രഖ്യാപിച്ചു.

സാമ്പത്തിക സുതാര്യത ഉറപ്പാക്കാൻ ഫൊക്കാനയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോം, ഓൺലൈൻ അംഗത്വ സംവിധാനം, ഇവന്റ് മാനേജ്മെന്റ്, വോട്ടിംഗ് സംവിധാനം, ത്രൈമാസ സാമ്പത്തിക റിപ്പോർട്ടുകൾ, അംഗസംഘടനകളുമായി സ്ഥിരം ആശയവിനിമയ സംവിധാനം എന്നിവ നടപ്പിലാക്കുമെന്നും പ്രകടനപത്രിക വ്യക്തമാക്കുന്നു.

ഭാവി തലമുറയെ പൊതുസേവനത്തിലേക്കും രാഷ്ട്രീയ നേതൃത്വത്തിലേക്കും എത്തിക്കുന്ന 'യങ് മലയാളി സിവിക് എൻഗേജ്മെന്റ് പ്രോഗ്രാം', മലയാളി അമേരിക്കൻ അനുഭവങ്ങൾ രേഖപ്പെടുത്തുന്ന 'മലയാളി ഐഡന്റിറ്റി ഇൻ നോർത്ത് അമേരിക്ക' പദ്ധതി എന്നിവയും ദീർഘകാല കാഴ്ചപ്പാടിന്റെ ഭാഗമാണ്.

'ഒരു സമൂഹം, ഒരേ ദർശനം, ഒരേ ഭാവി' എന്ന സന്ദേശത്തോടെയാണ് ടീം ഇന്റഗ്രിറ്റി തങ്ങളുടെ പ്രകടനപത്രിക അവതരിപ്പിച്ചിരിക്കുന്നത്. ഫൊക്കാനയുടെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ അംഗങ്ങളാണെന്നും, അർത്ഥവത്തായ പ്രവർത്തനങ്ങളിലൂടെ സംഘടനയെ വളർത്തുകയാണ് ലക്ഷ്യമെന്നും പ്രകടനപത്രികയിൽ വ്യക്തമാക്കുന്നു.






വഴിവിളക്കുകൾ 15

# തൂശിയാൻ

‘സൂസൻ’ എന്ന അടിപൊളി മാമ്മോദീസ പേരിനെ മലയാളീകരിച്ചാണ് തൂശൻ ഉണ്ടായതും അത് ക്രമേണ തൂശിയാൻ ആയതും. എന്റെ ഏഴാമത്തെയോ, എട്ടാമത്തെയോ വയസ്സിൽ ഞാൻ തൂശിയാനെ കണ്ടുതുടങ്ങുമ്പോൾ അവർക്ക് തീർച്ചയായും എൺപതിനോടടുത്ത് പ്രായമുണ്ടായിരുന്നു. നന്നേ മെലിഞ്ഞ, പൊക്കം കുറഞ്ഞ ഒരു സാധു സ്ത്രീ. പല്ലുകൾ പലതും അപ്രത്യക്ഷമായി തുടങ്ങിയ മോണകാട്ടി, കണ്ടുമുട്ടുമ്പോഴൊക്കെയും അവർ ചിരിച്ചിരുന്നു. കള്ളിമുണ്ടും ചട്ടയുമായിരുന്നു സാധാരണ അവരുടെ വേഷം. റോഡിനോട് ചേർന്നുള്ള ഞങ്ങളുടെ വീടിനു മുൻപിലൂടെ ആണ് അവർ പതിവായി രാവിലെയും വൈകുന്നേരവും പോയിരുന്നത്.

വർഷങ്ങൾക്കു മുൻപേ ഭർത്താവിനെ നഷ്ടപ്പെട്ട തൂശിയാൻ ഉപജീവനത്തിനുള്ള വക സ്വയം കണ്ടെത്തിയിരുന്ന ഒരു സ്ത്രീയാണ്. അവരുടെ മക്കളെയോ ബന്ധുക്കളെയോ കുറിച്ച് കൂടുതലൊന്നും എനിക്ക് അറിയില്ലെങ്കിലും, എഴുന്നേറ്റ് നടക്കാൻ കഴിയുന്ന അവസാനത്തെ ദിവസം വരെ തൂശിയാൻ സ്വന്തം കാര്യങ്ങൾക്ക് അവരെ അധികം ആശ്രയിച്ചിരുന്നില്ലെന്ന് മാത്രമറിയാം. അത് അവരോടുള്ള സ്നേഹക്കൂടുതൽ കൊണ്ട് തന്നെയായിരുന്നു. അല്ലെങ്കിലും ആ കുറിയ സ്ത്രീക്ക് എല്ലാവരൊടും സ്നേഹമായിരുന്നു. അല്ലെങ്കിൽ അവരെന്തിനാണ് വഴിയരികിൽ നിന്നും അവർക്ക് കിട്ടിയ നാട്ടുമാങ്ങ പഴങ്ങൾ തേക്കിലയിൽ പൊതിഞ്ഞ് ഞങ്ങൾക്ക് തന്നിരുന്നത്? ഓർക്കുമ്പോൾ കണ്ണ് നിറയുന്നു, മനസ്സും.

തൂശിയാൻ പതിവായി രാവിലെയും വൈകുന്നേരവും പോയിരുന്നത് അടുത്തുള്ള കവലയിലേക്കാണ്. എൺപത് വയസ്സിനു മുകളിൽ പ്രായമുള്ള ആ സ്ത്രീയാണ് രാവിലെയും വൈകുന്നേരവും അവരോളം വലിപ്പമുള്ള ഒരു ചൂൽ ഉപയോഗിച്ച് ആ കവലയും പരിസരവും വൃത്തിയാക്കിയിരുന്നത്. ചെയ്യുന്ന ജോലിയോട് നൂറു ശതമാനം ആത്മാർത്ഥത അവർ പുലർത്തിയിരുന്നത് കൊണ്ടാവണം, അവരുണ്ടായിരുന്നിടത്തോളം കാലം ഞങ്ങളുടെ കവല ഇത്ര വൃത്തിയായും ഭംഗിയായും ഇരുന്നത്. കൊതുക്, ഈച്ച തുടങ്ങിയവയുടെയും തെരുവുനായ്ക്കളുടെയുമൊക്കെ ശല്യത്തിൽനിന്ന് ആ പൊതുസ്ഥലത്തെ അവർ സംരക്ഷിച്ചുപോന്നു. പൊതുജനങ്ങളുടെ ആരോഗ്യവും വൃത്തിയുള്ള ഒരു പൊതുസ്ഥലത്തിനുള്ള അവരുടെ അവകാശവും ഞങ്ങൾക്ക് ഉറപ്പു തന്നിരുന്നത് അവരാണ്.

നന്നേ തുച്ഛമായ വരുമാനം ആയിരുന്നിരിക്കണം അവർക്കതിന് കിട്ടിയിരുന്നത്. ആരും ഒരു അഭിനന്ദന വാക്കുപോലും ഒരിക്കലും അവരോട് പറഞ്ഞിട്ടുണ്ടാവുകയുമില്ല. എങ്കിലും തൂശിയാൻ പരാതികളേതുമില്ലാതെ, സന്തോഷത്തോടെ, തന്റെ ജോലി ചെയ്തിരുന്നു. ഒരുപാട് വലിയ ആഗ്രഹങ്ങളോ, സ്വപ്നങ്ങളോ ഒന്നും അവർക്കുണ്ടായിരുന്നതായി തോന്നിയിട്ടില്ല.

ഓരോദിവസവും അവർ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുകയായിരുന്നു; ആഘോഷിക്കുകയായിരുന്നു. ഓരോ ദിവസത്തെയും കൂലിയുടെ പങ്ക് അവർ സ്വയം ആഘോഷിക്കാൻ മാറ്റിവെച്ചിരുന്നു. വൈകുന്നേരത്തെ ജോലിക്കുശേഷം സന്തതസഹചാരിയായ ജാനകിയമ്മയ്ക്കൊപ്പം അടുത്തുള്ള കള്ളുഷാപ്പിൽ പോവുകയും ഒരു കുപ്പി കള്ള് കുടിക്കുകയും ചെയ്തിരുന്നു. ആ ദിവസത്തിന്റെ സന്തോഷങ്ങളും സങ്കടങ്ങളുമൊക്കെ പങ്കുവെച്ച്, നാടൻപാട്ടും നാട്ടുവർത്തമാനങ്ങളും ഒക്കെയായി, സന്ധ്യ മയങ്ങുന്ന നേരത്ത് രണ്ടാളും അവരവരുടെ വീടുകളിലേക്ക് മടങ്ങും. ആകാശത്തിലെ പറവകളെയും വയലിലെ പുഷ്പങ്ങളെയുംപോലെ എന്ത് ഭക്ഷിക്കുമെന്നോ, എന്ത് പാനം ചെയ്യുമെന്നോ, എന്ത് ധരിക്കുമെന്നോ, നാളയേക്കുറിച്ചുള്ള ആശങ്കകൾ ഏതുമില്ലാതെ....



**ആൻസി സിറിയക് ഇലക്കാട്ട്**

സോളമൻ പോലും തന്റെ സർവ്വ മഹത്വത്തിലും അവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല!!!

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# ഷോൺ ജെ. ഏബ്രഹാം ഇമിഗ്രേഷൻ ജഡ്ജിയായി ചുമതലയേറ്റു



**പി.പി. ചെറിയാൻ**

വാഷിങ്ടൺ ഡിസി: വാഷിങ്ടൺ ഡിസിയിൽ മെയ് മൂന്നാം വാരം നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഷോൺ ജെ. ഏബ്രഹാം ഇമിഗ്രേഷൻ ജഡ്ജിയായി സത്യപ്രതിജ്ഞ ചെയ്തു. ചിക്കാഗോ ഫെഡറൽ ജഡ്ജ് ആയിട്ടാണ് അദ്ദേഹം ഇനി സേവനമനുഷ്ഠിക്കുക.

ചിക്കാഗോയിലെ മാത്യൂസ് ഏബ്രഹാമിന്റെയും (കുഞ്ഞുമോൻ) ഗ്രേസ് ഏബ്രഹാമിന്റെയും (ബേബി) മകനാണ് ഷോൺ. ട്രെയ്സി കുര്യൻ ഏക സഹോദരിയാണ്. തൃശൂർ നെല്ലിക്കുന്ന് പാസ്റ്റർ വി.കെ. ഏബ്രഹാമിന്റെയും കൊടൈക്കനാൽ പാസ്റ്റർ കെ.സി. ഏബ്രഹാമിന്റെയും കൊച്ചുമകനാണ് ഷോൺ. നിമ്മി ഏബ്രഹാമാണ് അദ്ദേഹത്തിന്റെ ഭാര്യ. സെക്കി, സാറ എന്നിവർ മക്കളാണ്.

മെയ് മാസത്തിൽ കേസുകൾ കേൾക്കാൻ തുടങ്ങുന്നതിനായി ഷോൺ ജെ. ഏബ്രഹാമിനെ ഇമിഗ്രേഷൻ ജഡ്ജിയായി നിയമിച്ചു. ജഡ്ജി ഏബ്രഹാം 2008-ൽ ട്രിനിറ്റി ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ബൈബിൾ സ്റ്റഡീസിൽ ബാച്ചിലർ ഓഫ് ആർട്സും 2011-ൽ ഒക്ലഹോമ സിറ്റി യൂണിവേഴ്സിറ്റി കോളജ് ഓഫ് ലോയിൽ നിന്ന് ജൂറിസ് ഡോക്ടറേറ്റും നേടി. 2025 നവംബർ മുതൽ 2026 ഏപ്രിൽ വരെ അദ്ദേഹം ചിക്കാഗോയിലെ ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പിലെ യുഎസ് ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റിന്റെ പ്രിൻസിപ്പൽ ലീഗൽ അഡ്വൈസർ ഓഫീസിൽ അസിസ്റ്റന്റ് ചീഫ് കൗൺസിലറായിരുന്നു. 2012 ജനുവരി മുതൽ 2025 ഒക്ടോബർ വരെ ചിക്കാഗോയിലെ കുക്ക് കൗണ്ടി സ്റ്റേറ്റ് അറ്റോർണി ഓഫീസിൽ അസിസ്റ്റന്റ് സ്റ്റേറ്റ് അറ്റോർണിയായി സേവനമനുഷ്ഠിച്ചു. ജഡ്ജി ഏബ്രഹാം ഇല്ലിനോയി സ്റ്റേറ്റ് ബാറിലെ അംഗമാണ്.



ഷോണിന്റെ സ്ഥാനാരോഹണം ഒക്ലഹോമയിലെയും ചിക്കാഗോയിലെയും മലയാളി സമൂഹത്തിന് ഒന്നടങ്കം അഭിമാന നിമിഷമായി മാറിയിരിക്കുകയാണ്. ചടങ്ങിൽ നിരവധി പ്രമുഖരും കുടുംബാംഗങ്ങളും പങ്കെടുത്തു.





# കെ.സി.സി.എൻ.എ കൺവൻഷൻ: കെ.സി.എസ് ചിക്കാഗോയുടെ ഘോഷയാത്ര നയിക്കാൻ കരുത്തുറ്റ നേതൃത്വസംഘം

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: വരാനിരിക്കുന്ന കെ.സി.സി.എൻ.എ കൺവൻഷനിലെ ഘോഷയാത്രയിൽ ചിക്കാഗോ കെ.സി.എസിന്റെ അഭിമാനവും പാരമ്പര്യവും മികച്ച രീതിയിൽ അവതരിപ്പിക്കുന്നതിനായി കഴിവും നേതൃത്വമികവും തെളിയിച്ച ഒരു ശക്തമായ സംഘത്തെ തെരഞ്ഞെടുത്തു.

വിവിധ വിമൻസ് ഫോറം റീജിയണുകളിൽ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ അതീവ കാര്യക്ഷമതയോടെയും സംഘാടന മികവോടെയും വിജയകരമായി പൂർത്തിയാക്കിയ മാർഗരറ്റ് പാട്ടകണ്ടത്തിൽ, കൂടാതെ സെന്റ് ആന്റണീസ് കൂടാരയോഗത്തിന്റെ ക്രിസ്മസ് കരോൾ പരിപാടിയെ മികച്ച രീതിയിൽ ഏകോപിപ്പിച്ച് സമൂഹത്തിൽ ശ്രദ്ധേയമായ നവീൻ കണിയാപറമ്പിൽ എന്നിവരാണ് ഈ വർഷത്തെ കെ.സി.സി.എൻഎ കൺവൻഷനിൽ കെ.സി.എസ് ചിക്കാഗോയുടെ ഘോഷയാത്രയ്ക്ക് നേതൃത്വം നല്കുന്നത്.

ഇവരുടെ നേതൃത്വത്തിന് കൂടുതൽ കരുത്തേകുന്നതിനായി പ്രവർത്തനരംഗത്ത് സജീവ സാന്നിദ്ധ്യമായ മഞ്ജു കൊല്ലപ്പള്ളിൽ, ബിനി ചാലുങ്കൽ, കൂടാതെ യുവജനങ്ങളുടെ പ്രിയങ്കരനായി മാറിക്കൊണ്ടിരിക്കുന്ന ടോണി പോങ്ങന എന്നിവരും സംഘത്തോടൊപ്പം ചേരുന്നു. ഈ കൂട്ടായ്മയുടെ നേതൃത്വത്തിൽ ചിക്കാഗോയുടെ ഘോഷയാത്ര ഈ വർഷം ശ്രദ്ധേയമായ പ്രകടനം കാഴ്ചവെക്കുമെന്ന ആത്മവിശ്വാസമാണ് സമൂഹാംഗങ്ങൾ പങ്കുവെക്കുന്നത്.

പ്രൊസഷൻ കമ്മിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും പിന്തുണയും നല്കുകയും ചെയ്യുന്നതിനായി വിമൻസ്ഫോറം ഭാരവാഹികളായ ഷാനിൽ വെട്ടിക്കാട്ട് (പ്രസിഡണ്ട്), ജിനു നെടിയകാലായിൽ (വൈസ് പ്രസിഡണ്ട്), മന്നു തിരുനെല്ലിപ്പറമ്പിൽ (സെക്രട്ടറി), ജെയിൻ മുണ്ടപ്ലാക്കിൽ (ജോ. സെക്രട്ടറി), ഡെന്നി തുരുത്തുവേലിൽ (ട്രഷറർ) എന്നിവർ സജീവമായി പ്രവർത്തിച്ചുവരുന്നു.




കെ.സി.സി.എൻ.എ കൺവൻഷൻ ഘോഷയാത്രയിൽ ചിക്കാഗോ കെ.സി.എസ് മികച്ച പ്രകടനം കാഴ്ചവെച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കട്ടെയെന്ന് കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല പ്രൊസഷൻ ടീമിനെ ആശംസ അറിയിച്ചു. സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പൈതൃകവും പ്രതിഫലിപ്പിക്കുന്ന ഈ ഘോഷയാത്ര കൺവൻഷനിലെ ഏറ്റവും ശ്രദ്ധേയമായ അവതരണങ്ങളിലൊന്നായി മാറുമെന്ന പ്രതീക്ഷയിലാണ് ചിക്കാഗോയിലെ കെ.സി.എസ് കുടുംബം.

## ചിക്കാഗോ കൾച്ചറൽ പ്രോഗ്രാം ടീമിന് കരുത്തേകാൻ കഴിവുറ്റ നേതൃത്വനിര

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: അടുത്ത് നടക്കുന്ന കെ.സി.സി.എൻ.എ കൺവൻഷനിൽ ചിക്കാഗോയുടെ അഭിമാനവും കലാപാരമ്പര്യവും ഉയർത്തിക്കാട്ടുന്നതിനായി മികച്ച കാര്യശേഷിയും കലാബോധവും സംഘാടനമികവുമുള്ള നേതാക്കളെ ഉൾപ്പെടുത്തി ശക്തമായ ഒരു കൾച്ചറൽ പ്രോഗ്രാം ടീം രൂപീകരിച്ചു.




ചിക്കാഗോ വിമൻസ് ഫോറത്തിന്റെ മുഖച്ഛായ തന്നെ മാറ്റിമറിച്ച കരുത്തുറ്റ വിമൻസ് ഫോറം മുൻ പ്രസിഡണ്ടായ ടോസ്മി കൈതക്കത്തൊട്ടിയിൽ ആണ് ഈ വർഷത്തെ കൺവൻഷൻ കൾച്ചറൽ പ്രോഗ്രാം ടീമിന് നേതൃത്വം നല്കുന്നത്. അവരുടെ നേതൃത്വത്തിൽ യുവത്വത്തിന്റെ ഊർജ്ജവും സൃഷ്ടിപരമായ ചിന്തകളും കൈമുതലായ ടോണി പോങ്ങന, അഭിലാഷ് നെല്ലാമറ്റം, ചാരി വണ്ടന്നൂർ എന്നിവർ ടീമിന്റെ ഭാഗമാകുന്നത് പരിപാടികൾക്ക് കൂടുതൽ മിഴിവേകുമെന്ന പ്രതീക്ഷയിലാണ് സമൂഹം.

ഇവർക്കൊപ്പം കെ.സി.എസ് ട്രഷറർ ടീന നെടുവാമ്പുഴയും, ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറവും കൾച്ചറൽ പ്രോഗ്രാം ടീമുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആവശ്യമായ പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നല്കുകയും ചെയ്യുന്നു. കൾച്ചറൽ പ്രോഗ്രാമുകളുടെ ആസൂത്രണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണെന്നും പദ്ധതികൾക്ക് അന്തിമരൂപം ലഭിക്കുന്നതോടെ വിവിധ പരിപാടികളുടെ പരിശീലനങ്ങൾ ആരംഭിക്കുമെന്നും കൺവൻഷൻ കൾച്ചറൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ ടോസ്മി കൈതക്കത്തൊട്ടിയിൽ അറിയിച്ചു.

ചിക്കാഗോ വിമൻസ് ഫോറം ഭാരവാഹികളായ ഷാനിൽ വെട്ടിക്കാട്ട് (പ്രസിഡണ്ട്), ജിനു നെടിയകാലായിൽ (വൈസ് പ്രസിഡണ്ട്), മനു തിരുനെല്ലിപ്പറമ്പിൽ (സെക്രട്ടറി), ജെയിൻ മുണ്ടപ്ലാക്കിൽ (ജോയിന്റ് സെക്രട്ടറി), ഡെന്നി തുരുത്തുവേലിൽ (ട്രഷറർ) എന്നിവർ നല്കിവരുന്ന ശക്തമായ പിന്തുണയും സഹകരണവും കൾച്ചറൽ പ്രോഗ്രാം ടീമിന് കൂടുതൽ ആത്മവിശ്വാസവും കരുത്തും പകരുന്നതായി സംഘാടകർ അഭിപ്രായപ്പെട്ടു.

ഈ വർഷവും യാതൊരു പരാതികൾക്കും ഇടവരുത്താതെ, കലാമികവിലും അവതരണ ഭംഗിയിലും മികവ് തെളിയിച്ച് ഓവറോൾ കൾച്ചറൽ ചാമ്പ്യൻഷിപ്പ് ചിക്കാഗോയിലേക്കു തന്നെ എത്തിക്കുവാൻ സാധിക്കട്ടെയെന്ന് കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമലയും വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശ്ശേരിയും ആശംസിച്ചു.

## സിസ്റ്റർ സിൽവേരിയൂസിന് സ്നേഹനിർഭരമായ യാത്രയയപ്പ്

റോയി ചേലമലയിൽ

ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പത്തു വർഷത്തെ ആത്മീയ ശുശ്രൂഷയ്ക്കുശേഷം നാട്ടിലേക്കു യാത്രയാകുന്ന സിസ്റ്റർ സിൽവേരിയൂസിന് ഇടവകസമൂഹം സ്നേഹനിർഭരമായ യാത്രയയപ്പ് നല്കി. മെയ് 31-ന് ഞായറാഴ്ച ചിക്കാഗോ സീറോ മലബാർ രൂപത വികാരി ജനറാളും ക്നാനായ റീജിയന്റെ ഡയറക്ടറുമായ ഫാ. തോമസ് മുളവനാലിന്റെ മുഖ്യ കാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. വികാരി ഫാ. സിജു മുടക്കോടിൽ, ഫാ. ജിനു പതിയകം എന്നിവർ സഹകാർമ്മികരായിരുന്നു. താൻ വികാരിയായിരുന്ന ഏഴു വർഷത്തെ സിൽവേരിയൂസ് അമ്മയുടെ സേവനങ്ങൾ ഓർത്തെടുത്തുകൊണ്ട് സംസാരിച്ച ഫാ. തോമസ് മുളവനാൽ അവയ്ക്ക് ഹൃദ്യമായ നന്ദി രേഖപ്പെടുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകൾ അർപ്പിക്കുകയും ചെയ്തു. വിശുദ്ധ ബലിക്കുശേഷം നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ഇടവകജനം ഒന്നടങ്കം പങ്കെടുത്തു. വികാരി ഫാ. സിജു മുടക്കോടിൽ, ഫാ. തോമസ് മുളവനാൽ, ട്രസ്റ്റി കോ-ഓർഡിനേറ്റർ സേവ്യർ നടുപ്പറമ്പിൽ, വിവിധ മിനിസ്ട്രികളെ പ്രതിനിധാനം ചെയ്ത് ലിസി മുല്ലപ്പള്ളിൽ, പീറ്റർ കുളങ്ങര, ആഞ്ജലീന കണ്ണച്ചാംപറമ്പിൽ എന്നിവർ സിസ്റ്റർ സിൽവേരിയൂസിന് ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് സിസ്റ്റർ സിൽവേരിയൂസ് നടത്തിയ നന്ദിപ്രസംഗത്തിൽ തന്റെ സന്യാസജീവിതത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഇടവക ശുശ്രൂഷയാണ് ചിക്കാഗോയിലേതെന്നും ഇവിടെ ചെലവഴിച്ച സമയമൊക്കെയും ഇടവക ജനങ്ങളുടെയും വൈദികരുടെയും മറ്റു സിസ്റ്റേഴ്സിന്റെയും നിർലോഭമായ സഹകരണവും സ്നേഹവും തനിക്ക് ലഭിച്ചുവെന്നും അതിന് ഏവർക്കും ഹൃദ്യമായ നന്ദി അർപ്പിക്കുകയും ചെയ്യുന്നതായി സിസ്റ്റർ പറഞ്ഞു. തന്റെ പ്രാർത്ഥനയിൽ ചിക്കാഗോയിലെ ഇടവക സമൂഹത്തെ തുടർന്നും സമർപ്പിച്ചു പ്രാർത്ഥിക്കുന്നതാണെന്നും പറഞ്ഞു.



വികാരി ഫാ. സിജു മുടക്കോടിൽ സിസ്റ്ററിനു ബൊക്കെ നല്കി അഭിനന്ദിച്ചു. വികാരി ജനറൽ ഫാ. തോമസ് മുളവനാൽ ഇടവക എക്സിക്യൂട്ടീവിന്റെയും മറ്റു സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ സിസ്റ്റർ സിൽവേരിയൂസിനെ പൊന്നാട അണിയിച്ച് ആദരിച്ചു. ഇടവകയുടെ ഉപഹാരം ട്രസ്റ്റിമാർ ചേർന്ന് സിസ്റ്ററിനു സമർപ്പിച്ചു.

യൂത്ത് ട്രസ്റ്റി ഫെലിക്സ് പാലകൻ കോ-ഓർഡിനേറ്റ് ചെയ്ത ഈ യോഗത്തിൽ അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ കൃതജ്ഞത രേഖപ്പെടുത്തി, കോ-ഓർഡിനേറ്റർ ജോബി പണയപറമ്പിലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം മംഗളഗാനം ആലപിച്ചു.

പങ്കെടുത്ത ഏവർക്കും പുരുഷ-വനിതാ മിനിസ്ട്രികളുടെ നേതൃത്വത്തിൽ പായസം വിതരണം ചെയ്തു. ഈ പരിപാടിയുടെ ക്രമീകരണങ്ങൾക്ക് കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, പിആർഒ റോയി ചേലമലയിൽ, സിസ്റ്റർ ശാലോം, സിസ്റ്റർ ജെസീന, സിസ്റ്റർ അനീറ്റ എന്നിവർ നേതൃത്വം നല്കി.

# ഫൊക്കാന കൺവൻഷൻ വേദിയായി ടൈംസ് സ്ക്വയർ മാരിയറ്റ് ലക്ഷ്യമിട്ട് ഫിലിപ്പോസ് ഫിലിപ്പും ടീം ഇന്റഗ്രിറ്റിയും; ഇത് ചരിത്രപരം

**സജി ഏബ്രഹാം**

ന്യൂയോർക്ക്: ടീം ഇന്റഗ്രിറ്റി ഫൊക്കാനയുടെ അമരത്ത് വന്നാൽ ന്യൂയോർക്ക് ടൈംസ് സ്ക്വയറിലെ മാരിയറ്റ് മാർക്വീസ് ഹോട്ടലിൽ കൺവൻഷൻ നടത്താൻ കഴിയുമെന്ന ആത്മവിശ്വാസവുമായി ഫിലിപ്പോസ് ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള പാനൽ സംഘടനയുടെ അടുത്ത രണ്ട് വർഷത്തെ പ്രയാണത്തിന്റെ ദിശാസൂചികയായി പ്രകടനപത്രിക പുറത്തിറക്കി.



വെസ്റ്റ്ചെസ്റ്ററിൽ വൽഹാലയിൽ മൗണ്ട് പ്ലെസന്റ് കമ്യൂണിറ്റി സെന്ററിൽ ഇന്ത്യ പ്രസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന പത്രസമ്മേളനത്തിലാണ് സുപ്രധാനമായ ലക്ഷ്യങ്ങളടങ്ങിയ മാനിഫെസ്റ്റോ പുറത്തിറക്കിയത്.

ഈ വർഷത്തെ കൺവൻഷൻ നടക്കുന്ന പോക്കനോസിലെ കൽഹാരി റിസോർട്ടിൽ മുറികൾക്ക് നല്കുന്ന വാടകയേക്കാൾ കുറഞ്ഞ നിരക്കിൽ ലോകത്തിന്റെ തന്നെ ശ്രദ്ധാകേന്ദ്രമായ ടൈംസ് സ്ക്വയറിലെ മാരിയറ്റിൽ റൂമുകൾ ലഭിക്കാൻ സാദ്ധ്യതയുണ്ട്. മുൻമുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ലോക കേരളസഭ നടന്നത് ഇവിടെ വെച്ചാണ്. മുൻപ് ഒരു മലയാളി സംഘടനയും ന്യൂയോർക്ക് സിറ്റിയിൽ കൺവൻഷൻ നടത്തിയിട്ടില്ല എന്നത് തിരുത്തിക്കുറിക്കുമെന്ന വിശ്വാസമാണ് ഫിലിപ്പോസ് ഫിലിപ്പും ടീമും പ്രകടിപ്പിച്ചത്.

ഫൊക്കാനയുടെ ഭരണസമിതി തെരഞ്ഞെടുപ്പിൽ വൻ ആത്മവിശ്വാസത്തോടെയും വിപ്ലവകരമായ പ്രകടനപത്രികയോടെയുമാണ് ഫിലിപ്പോസ് ഫിലിപ്പും ടീം ഇന്റഗ്രിറ്റിയും അങ്കത്തട്ടിലേക്ക് ഇറങ്ങിയിരിക്കുന്നത്. വാർത്താസമ്മേളനത്തിൽ പാനലിന്റെ ഔദ്യോഗിക പ്രഖ്യാപനവും സ്ഥാനാർത്ഥികളെ പരിചയപ്പെടുത്തലും നടന്നു.

കേവലം സ്ഥാനമാനങ്ങൾക്കു വേണ്ടിയുള്ള മത്സരമല്ല, മറിച്ച് വാക്കിനും പ്രവൃത്തിക്കും ഒരേപോലെ തൂക്കമുള്ള ഇന്റഗ്രിറ്റി (വിശ്വാസ്യത) മുറുകെപ്പിടിച്ചുകൊണ്ടുള്ള കമ്യൂണിറ്റി സേവനമാണ് തങ്ങളുടെ ലക്ഷ്യമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മാനിഫെസ്റ്റോയിൽ ചെയ്യുന്ന കാര്യങ്ങൾ അക്കമിട്ട് നിരത്തി. അത് എങ്ങനെ ചെയ്യുമെന്നതും കൃത്യമായി വിശദീകരിച്ചു. ഇത്തരമൊരു മാനിഫെസ്റ്റോയും പുതുമയായി. പത്രസമ്മേളനത്തിൽ മാനിഫെസ്റ്റോ പ്രകാശനം ചെയ്തു. ഫൊക്കാനയുടെ മുൻ പ്രസിഡണ്ടും പ്രമുഖ നേതാവുമായ പോൾ കറുകപ്പള്ളി ഫിലിപ്പോസ് ഫിലിപ്പിൽ നിന്ന് ആദ്യകോപ്പി ഏറ്റുവാങ്ങി.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് കുടുംബങ്ങളുടെ പൂർണ്ണ പിന്തുണയോടു കൂടിയാണെന്ന് ഫിലിപ്പോസ് ഫിലിപ്പ് തന്റെ ആമുഖപ്രസംഗത്തിൽ വ്യക്തമാക്കി. ഡെലിഗേറ്റുകളുടെയും കുടുംബാംഗങ്ങളുടെയും ഈ ഒത്തൊരുമ തന്നെയാണ് ടീമിന്റെ ഏറ്റവും വലിയ കരുത്ത്. സ്ഥാനാർത്ഥികൾ കുടുംബസമേതമാണ് വാർത്താസമ്മേളനത്തിലും തുടർന്നു നടന്ന മീറ്റ് ആൻഡ് ഗ്രീറ്റ് പരിപാടിക്കും എത്തിയത്.

മാധ്യമപ്രവർത്തകരെ ആദരപൂർവം സ്വാഗതം ചെയ്ത ഫിലിപ്പോസ് ഫിലിപ്പ് പ്രവാസി സമൂഹത്തിന്റെ വളർച്ചയ്ക്ക് മാധ്യമങ്ങൾ നൽകുന്ന പിന്തുണ വലുതാണെന്ന് ചൂണ്ടിക്കാട്ടി.

വാർത്താസമ്മേളനത്തിൽ മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടിയാണ് ഫിലിപ്പോസ് ഫിലിപ്പും സംഘവും നല്കിയത്. നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങളിൽ ലോക കേരളസഭയെ സംബന്ധിച്ചുള്ള തർക്കങ്ങളിൽ ഫൊക്കാനയുടെ നിലപാട് വ്യക്തമാക്കപ്പെട്ടു. രാഷ്ട്രീയ നിലപാടുകൾ എന്തു തന്നെയായാലും വിദേശമലയാളികളുടെ ആവശ്യങ്ങൾ പറയുവാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു മുന്നിൽ ശബ്ദം ഉയർത്തുവാനും ശക്തമായൊരു വേദി പ്രവാസികൾക്ക് ആവശ്യമാണ്. നിലവിലെ ഗവൺമെന്റ് ലോക കേരളസഭ നിർത്തിയാൽ പോലും അതിനു പകരമായി പ്രവാസികളുടെ ശബ്ദം തിരുവനന്തപുരം-ഡൽഹി ഭരണകൂടങ്ങളിൽ എത്തിക്കാൻ ഫൊക്കാന മുൻകൈ എടുക്കും. നിലവിലെ മന്ത്രിമാരുമായും എംഎൽഎമാരുമായും ഉള്ള വ്യക്തിപരമായ അടുപ്പം ഇതിനായി ഉപയോഗപ്പെടുത്തും.

വിമാന ടിക്കറ്റ് നിരക്ക് വർദ്ധന, ഇമിഗ്രേഷൻ പ്രശ്നങ്ങൾ എന്നിവയിൽ ശക്തമായ ഇടപെടലുകൾ നടത്തും. കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവീസിന്റെ സാദ്ധ്യതയും ആരായും.

കഴിഞ്ഞ വർഷങ്ങളിൽ ആരംഭിച്ച മെഡിക്കൽ കാർഡ് പദ്ധതി നിലവിൽ ആറ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുകയാണ്. ഇത് വളരെ കുറച്ചുപേർക്കു മാത്രമേ ഉപകാരപ്പെടുന്നുള്ളൂ. ടീം ഇന്റഗ്രിറ്റി അധികാരത്തിൽ വന്നാൽ ഈ മെഡിക്കൽ കാർഡ് പദ്ധതി വിപുലീകരിക്കുകയും കൂടുതൽ പ്രവാസികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കുകയും ചെയ്യും. ഓരോ ജില്ലയിലെയും സുപ്രധാനമായ 2-3 മെഡിക്കൽ സ്ഥാപനങ്ങളുമായി കൈകോർക്കാനാണ് ആലോചന.



അമേരിക്കയിൽ വളരുന്ന പുതിയ തലമുറയ്ക്ക് മലയാള ഭാഷ തീർത്തും അന്യമാകുന്ന സാഹചര്യത്തിൽ കൃത്യമായ ലക്ഷ്യത്തോടെയുള്ള ഭാഷാപഠനം നടപ്പിലാക്കും. കേരള ഗവൺമെന്റിന്റെ മലയാളം മിഷനുമായി സഹകരിച്ച് മുൻപ് മൂന്ന്-നാല് സെന്ററുകളിൽ വിജയകരമായി തുടങ്ങിയ മലയാളം സ്കൂളുകളെ അടുത്ത ലെവലിലേക്ക് പ്രൊമോട്ട് ചെയ്യും. ഇതിനായി മൂന്ന് ലെവലുകളുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. കാനഡ ഉൾപ്പെടെയുള്ള മേഖലകളിൽ സ്പാനിഷും ഫ്രഞ്ചും സെക്കൻഡ് ലാംഗ്വേജ് ആയി പഠിക്കുന്നതുപോലെ മലയാളത്തെയും സ്കൂൾ തലങ്ങളിൽ എത്തിക്കാനുള്ള ഒരു അഞ്ചുവർഷത്തെ ദീർഘകാല പദ്ധതി ടീം ഏറ്റെടുക്കും.

സാങ്കേതിക വിദ്യയുടെ അതിവേഗ വളർച്ചയെ സംഘടനയ്ക്ക് അനുകൂലമായി മാറ്റും. അസോസിയേറ്റ് സെക്രട്ടറി സ്ഥാനാർത്ഥി സോണി അമ്പൂക്കൻ എഐയെക്കുറിച്ച് എഴുതിയ പുസ്തകങ്ങളും പഠനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തും. ഫൊക്കാന മീറ്റിങ്ങുകളും പ്രസംഗങ്ങളും തത്സമയം മലയാളത്തിലേക്ക് ഓട്ടോമാറ്റിക്കായി തർജ്ജമ ചെയ്യുന്ന സാങ്കേതിക വിദ്യ ഉൾപ്പെടെ സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ നടപ്പാക്കും. മലയാളം എഴുതാനും വായിക്കാനും അറിയാത്ത പുതുതലമുറയ്ക്കായി ഡിജിറ്റൽ പുസ്കതകങ്ങൾ തയ്യാറാക്കി വിവിധ യൂണിവേഴ്സിറ്റികളിലും സ്കൂളുകളിലും ഡൊണേറ്റ് ചെയ്യുന്ന പദ്ധതി വിപുലീകരിക്കും.



കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങളായി അമേരിക്കയിലെ വിവിധ റീജിയണുകളിൽ നടന്നു വരുന്ന ശക്തമായ കാമ്പെയിനുകളിൽ നിന്ന് പ്രതീക്ഷിച്ചതിലും വലിയ ആത്മവിശ്വാസമാണ് ലഭിച്ചതെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. തങ്ങൾ വെറുതെ ഇറങ്ങിയിട്ട് ഫോട്ടോ എടുക്കാൻ വേണ്ടി നടക്കുന്നവരല്ലെന്നും നാല് വർഷമായി കഠിനാദ്ധ്വാനം ചെയ്ത്, കൃത്യമായ പ്ലാനിങ്ങോടെയും ആത്മവിശ്വാസത്തോടെയുമാണ് ഈ വേദിയിൽ നിൽക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ടീം ഇന്റഗ്രിറ്റിയിലെ 40-45 പേരടങ്ങുന്ന ശക്തമായ പാനലിന്റെ വിജയസാദ്ധ്യത നൂറ് ശതമാനമാണെങ്കിലും ഡെലിഗേറ്റുകളുടെ പൂർണ്ണ പിന്തുണയോടെ തങ്ങൾ ജയിച്ചിരിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

കൺവൻഷൻ ന്യൂയോർക്ക് സിറ്റി മാരിയറ്റിൽ നടത്താൻ ശ്രമിക്കുമെന്ന പ്രഖ്യാപനത്തോടെ ഫൊക്കാന തെരഞ്ഞെടുപ്പ് അങ്കം പുതിയൊരു തലത്തിലേക്ക് ഉയർന്നിരിക്കുകയാണ്. സുതാര്യതയും പ്രവൃത്തിയിലെ വിശ്വസ്തതയും മുറുകെപ്പിടിക്കുന്ന ഒരു പുതിയ ഭരണസമിതിക്കായി ഡെലിഗേറ്റുകൾ ടീം ഇന്റഗ്രിറ്റിയെ നെഞ്ചിലേറ്റുമെന്ന ഉറച്ച പ്രതീക്ഷയിലാണ് നേതൃത്വം.

വാർത്താസമ്മേളനത്തിൽ ടീം ഇന്റഗ്രിറ്റിയുടെ പ്രധാന ഭാരവാഹികളെ മീറ്റ് ആൻഡ് ഗ്രീറ്റിന്റെ ഭാഗമായി ഔദ്യോഗികമായി പരിചയപ്പെടുത്തി. സെക്രട്ടറി സ്ഥാനാർത്ഥി സന്തോഷ് നായർ (ചിക്കാഗോ), ട്രഷറർ ആന്റോ വർക്കി, വൈസ് പ്രസിഡണ്ട് സ്ഥാനാർത്ഥി ജോസി കാരക്കാട്ട് (കാനഡ), അസോസിയേറ്റ് സെക്രട്ടറി സ്ഥാനാർത്ഥിയും മുൻ ലോക കേരളസഭ അംഗവും എഐ വിദഗ്ദ്ധനും എഴുത്തുകാരനുമായ സോണി അമ്പൂക്കൻ, അസോസിയേറ്റ് ട്രഷറർ സ്ഥാനാർത്ഥിയും അമേരിക്കൻ മലയാളി സമൂഹത്തിനു സുപരിചിതനായ കമ്യൂണിറ്റി നേതാവുമായ അപ്പുക്കുട്ടൻ പിള്ള, അഡീ. അസോ. സെക്രട്ടറി ഡോ. അജു ഉമ്മൻ എന്നിവർ തങ്ങളുടെ നിലപാടുകൾ വിശദീകരിക്കുകയും ഈ ടീമിലെ എല്ലാവരെയും എന്തുകൊണ്ട് വിജയിപ്പിക്കണമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. കൂടാതെ, ആർവിപി സ്ഥാനാർത്ഥികളായ ഫോബി പോൾ (ന്യൂ ഇംഗ്ലണ്ട് റീജിയൻ-1), ജോൺ ജോർജ് (മെട്രോ ന്യൂയോർക്ക് റീജിയൻ-2), അഭിലാഷ് പുളിക്കത്തൊടി (അപ്സ്റ്റേറ്റ് ന്യൂയോർക്ക് റീജിയൻ-3), ഏബ്രഹാം പോത്തൻ (ന്യൂജേഴ്സി, റീജിയൻ-4), നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥികളായ അജു ഏബ്രഹാം, ഷൈമി ജേക്കബ്, ശിവ് തഷ്ണാദ്, ആദർശ് രവീന്ദ്രൻ, മേരി ഫിലിപ്പ്, യൂത്ത് കമ്മിറ്റി അംഗം സാറാ പോത്തൻ തുടങ്ങിയവരും പങ്കെടുത്തു.


അമേരിക്കൻ മലയാളി മാധ്യമരംഗത്തെ പ്രമുഖ കൂട്ടായ്മയായ ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് സജി ഏബ്രഹാമിന്റെ നേതൃത്വത്തിൽ ജോർജ് ജോസഫ്, ടാജ് മാത്യു, ജോസ് കാടാപ്പുറം, സുനിൽ ട്രൈസ്റ്റാർ, ജേക്കബ് മാനുവൽ തുടങ്ങിയവർ പങ്കെടുത്തു. പ്രസ് ക്ലബ് മുൻ നാഷണൽ പ്രസിഡണ്ട് ടാജ് മാത്യു സ്വാഗതം ആശംസിച്ചു.

പത്രസമ്മേളനത്തെ തുടർന്ന് നടന്ന മീറ്റ് ആൻഡ് ഗ്രീറ്റ് പരിപാടിയിൽ ഒട്ടേറെപ്പേർ പങ്കെടുക്കുകയും ടീമിന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

ചടങ്ങിൽ ഫിലിപ്പോസ് ഫിലിപ്പിന്റെ ജന്മദിനം പ്രമാണിച്ച് കേക്ക് മുറിച്ചു. ജോയി ഇട്ടൻ, ടെറൻസൻ തോമസ്, മത്തായി പി. ദാസ്, അലക്സ് ഏബ്രഹാം, ടോം നൈനാൻ, മത്തായി ചാക്കോ, ലിജോ ജോൺ തുടങ്ങി ഒട്ടേറെ പ്രമുഖ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.




# സുരേന്ദ്രൻ നായരുടെ 'നിരീക്ഷകന്റെ റിപ്പബ്ലിക്' പ്രകാശനം ചെയ്തു






അനിൽ പെണ്ണുക്കര



തിരുവനന്തപുരം: അമേരിക്കൻ മലയാളി എഴുത്തുകാരനും സാമൂഹ്യ സാംസ്കാരിക മേഖലയിലെ നിറ സാന്നിദ്ധ്യവുമായ സുരേന്ദ്രൻ നായരുടെ ആദ്യ പുസ്തകം 'നിരീക്ഷകന്റെ റിപ്പബ്ലിക്' തിട്ടമംഗലം മഹാവിഷ്ണു ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറിയും കവിയുമായ ഡോ. ജോയ് വാഴയിൽ പ്രകാശനം ചെയ്തു. സമസ്ത കേരള സാഹിത്യ പരിഷത്ത് എൽ.വി. ഹരികുമാർ പുസ്തകം സ്വീകരിച്ചു.

സമകാലിക സംഭവങ്ങൾ, അമേരിക്കൻ പ്രവാസ ജീവിത പരിസരങ്ങൾ, കേരളത്തിന്റെയും, ഭാരതത്തിന്റേയും രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങൾ, മലയാള ഭാഷയും ചരിത്രവും, കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനവും നമ്മുടെ പൈതൃകവും വിശദമായി പഠിച്ച് ചർച്ച ചെയ്യുന്ന പുസ്തമാണ് സുരേന്ദ്രൻ നായരുടെ നിരീക്ഷകന്റെ റിപ്പബ്ലിക് എന്ന് ഡോ. ജോയ് വാഴയിൽ പറഞ്ഞു. അധികാരത്തിന്റെ വിവിധ തലങ്ങൾ അധികാരികൾ എങ്ങനെ ആസ്വദിക്കുന്നുവെന്നും അത് പൊതു ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നും അദ്ദേഹം വിശദമായി വിവിധ ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചു. ലോകത്തെ വിവിധ അധികാര സ്ഥാനങ്ങളെക്കുറിച്ചും അവ സമകാലിക വായന സമൂഹത്തിൽ എങ്ങനെ ചർച്ച ചെയ്യപ്പെടുന്നു എന്നും നിരീക്ഷകന്റെ റിപ്പബ്ലിക് നോക്കിക്കാണുന്നു എന്നും അദ്ദേഹം പറഞ്ഞു.

പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ സമൂഹത്തിൽ നടക്കുന്ന മാറ്റങ്ങളേയും ചലനങ്ങളേയും ഒട്ടും ഭയമില്ലാതെ നിഷ്പക്ഷമായി തുറന്നു കാട്ടുന്ന ഒരു പൗരന്റെ റിപബ്ലിക്കാണ് സുരേന്ദ്രൻ നായരുടെ പുസ്തകമെന്ന് പുസ്തക പരിചയം നടത്തിയ മാധ്യമ പ്രവർത്തകൻ അനിൽ പെണ്ണുക്കര അഭിപ്രായപ്പെട്ടു. അമേരിക്കൻ പ്രവാസ ജീവിതത്തിന്റെ പശ്ചാത്തലത്തിൽ നിന്നു കൊണ്ട് മാതൃഭൂമിയിലേയും ആഗോള തലത്തിലേയും വികാസങ്ങളെ വിലയിരുത്തുന്ന ലേഖകന്റെ ശൈലി ഏറെ ശ്രദ്ധേയമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.


തന്റെ ദീർഘകാല സുഹൃത്തുകൂടിയായ സുരേന്ദ്രൻ നായരുടെ നിരീക്ഷകന്റെ റിപ്പബ്ലിക് സമകാലിക ഭാരതീയ കേരളീയ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളേയും, സാംസ്കാരിക ഭൂമികയേയും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഗ്രന്ഥമാണെന്ന് പുസ്തകം സ്വീകരിച്ച സമസ്ത കേരള സാഹിത്യ പരിഷത്ത് നിർവ്വാഹക സമിതി അംഗം എൽ. വി. ഹരികുമാർ അഭിപ്രായപ്പെട്ടു.

സംഗീതജ്ഞൻ ഡോ. മണക്കാല ഗോപാലകൃഷ്ണൻ ആശംസകൾ നേർന്ന് സംസാരിച്ചു. സുബ്രഹ്മണ്യഭാരതിയുടെ ഒരു കവിത ചൊല്ലിക്കൊണ്ട് ഭാരതീയത, ദേശീയത ആർഷ സംസ്കാരം എന്നിവയെ ബന്ധിപ്പിച്ച് എഴുതിയ സുരേന്ദ്രൻ നായരുടെ നിരീക്ഷകന്റെ റിപ്പബ്ലിക് പേര് കൊണ്ടുതന്നെ അന്വർത്ഥമാകുന്ന പുസ്തകമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഡോ. ജോയ് വാഴയിലിന്റെ കവിതയും ചൊല്ലിയായിരുന്നു അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

തിട്ടമംഗലം ഹരി സ്വാഗതം ആശംസിച്ചു. സുരേന്ദ്രൻ നായരുടെ ജന്മനാട്ടിൽ അദ്ദേഹത്തിന്റെ പുസ്തകം പ്രകാശനം ചെയ്യുവാൻ സാധിച്ചതിൽ നാടിന് അഭിമാനമുണ്ടെന്നും, അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടേയും നാട്ടുകാരുടേയും സാന്നിദ്ധ്യം ഈ പുസ്തക പ്രകാശനത്തിന് ലഭിച്ച അംഗീകാരമാണെന്നും അദ്ദേഹം പറഞ്ഞു.

സുരേന്ദ്രൻ നായർ പ്രതിസ്പന്ദനം നടത്തി സംസാരിച്ചു. താൻ ഓടി നടന്ന, പ്രസംഗം പഠിച്ച, നാടകം കളിച്ച, പുസ്തകം വായിച്ച തിട്ടമംഗലം ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ തന്റെ ആദ്യ പുസ്തകം പ്രകാശനം ചെയ്യാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി പ്രവാസ ലോകത്ത് ജീവിക്കുന്ന ഒരാൾ ജനപക്ഷത്തു നിന്ന് ആനുകാലിക വിഷയങ്ങളിൽ നടത്തിയ സ്വതന്ത്ര പ്രതികരണങ്ങളാണ് തന്റെ 'നിരീക്ഷകന്റെ റിപ്പബ്ലിക്' എന്ന് അദ്ദേഹം പറഞ്ഞു. പുസ്തക പ്രസിദ്ധീകരണത്തിന് ഒപ്പം നിന്ന എല്ലാവർക്കും അദ്ദേഹം നന്ദി പ്രകാശിപ്പിച്ചു.

സാഹിത്യകാരൻ സി. രാധാകൃഷ്ണൻ എഴുതിയ കുറിപ്പ്, ഡോ. പ്രമീളാദേവി ജെയുടെ അവതാരിക എന്നിവയോടെ മലപ്പുറം മുഖം ബുക്സാണ് നിരീക്ഷകന്റെ റിപ്പബ്ലിക് പ്രസിദ്ധീകരിച്ചിരിക്കുന്നത്.














വാരാന്ത്യം

# വികസനത്തിന്റെ പുതിയ തിരുവല്ലാ മോഡലുമായി അഡ്വ. വർഗ്ഗീസ് മാമ്മൻ MLA

ലേഖനം



ജോസ് കണിയാലി

**തി**രുവല്ലയുടെ വികസന സ്വപ്നങ്ങൾക്ക് പുതിയൊരു ജനകീയ മുഖം കൈവന്നിരിക്കുകയാണ് ഇപ്പോൾ. മുൻപ് വോട്ടു ചോദിച്ചെത്തിയ സ്ഥാനാർത്ഥിയിൽ നിന്നും ഇന്ന് തിരുവല്ലയുടെ സമഗ്ര വികസനത്തിന് ചുക്കാൻ പിടിക്കാൻ അഡ്വ. വർഗീസ് മാമ്മൻ എംഎൽഎയായി നേരിട്ടെത്തുമ്പോൾ മണ്ഡലത്തിന് അത് പ്രതീക്ഷകളുടെ പുതിയൊരു കാലഘട്ടമാണ്. കാലങ്ങൾക്കു മുൻപ് അദ്ദേഹം പങ്കുവെച്ച വികസന കാഴ്ചപ്പാടുകൾ ഇന്ന് എംഎൽഎ എന്ന നിലയിൽ യാഥാർത്ഥ്യമാക്കാനുള്ള ഒരുക്കത്തിലാണ് അദ്ദേഹം.

സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള സാധാരണക്കാരന്റെ ജീവിത നിലവാരം ഉയർത്തുന്നതാണ് യഥാർത്ഥ വികസനമെന്ന ലളിതമായ കാഴ്ചപ്പാടാണ് അഡ്വ. വർഗീസ് മാമ്മനുള്ളത്. വികസനമെന്നാൽ വെറും കൂറ്റൻ കെട്ടിടങ്ങൾ മാത്രമല്ലെന്നും, അത് ഓരോ വ്യക്തിക്കും മൂന്നുനേരത്തെ ആഹാരവും അന്തിയുറങ്ങാൻ ഒരു സുരക്ഷിത പാർപ്പിടവും ഉറപ്പാക്കലാണെന്നും അദ്ദേഹം വിശ്വസിക്കുന്നു. നെഹ്റുവിന്റെ പഞ്ചവത്സര പദ്ധതികളുടെ മാതൃകയിൽ, ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നടപ്പിലാക്കുന്ന സമഗ്ര വികസനമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം.

തിരുവല്ലയുടെ നഷ്ടപ്പെട്ടുപോയ കാർഷിക വ്യവസായ പ്രതാപം വീണ്ടെടുക്കുക എന്നതാണ് എംഎൽഎയുടെ പ്രധാന ദൗത്യങ്ങളിലൊന്ന്. തകർച്ച നേരിടുന്ന കുട്ടനാടൻ മേഖലയിലെ നെൽകൃഷിയും കിഴക്കൻ മേഖലയിലെ നാണ്യവിള കൃഷിയും പുനരുജ്ജീവിപ്പിക്കാൻ ശക്തമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഒരു കാലത്ത് സജീവമായിരുന്ന പഞ്ചസാര ഫാക്ടറിയുടെ നൂറിലധികം ഏക്കർ ഭൂമിയും, പ്രതിസന്ധിയിലായ ട്രാക്കോ കേബിൾ ഫാക്ടറിയും, പ്രവർത്തനരഹിതമായി കിടക്കുന്ന പാമല എസ്റ്റേറ്റും വികസന ലക്ഷ്യങ്ങൾക്കായി പ്രയോജനപ്പെടുത്താൻ അദ്ദേഹം പദ്ധതിയിടുന്നു.

നാട്ടിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ കുറഞ്ഞ ശമ്പളത്തിന് ദൂരദേശങ്ങളിലേക്ക് കുടിയേറുന്നത് തടയാൻ തിരുവല്ലയിൽ ഒരു ആധുനിക ഐടി പാർക്ക് സ്ഥാപിക്കുക എന്നത് അദ്ദേഹത്തിന്റെ വലിയൊരു സ്വപ്നമാണ്. ഇതിനൊപ്പം തന്നെ കായിക മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകിയ തിരുവല്ല പബ്ലിക് സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക, ഗ്രാമീണ റോഡുകളുടെ നവീകരണം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾക്കും അദ്ദേഹം മുൻഗണന നൽകുന്നു. താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളെ സാധാരണക്കാർക്ക് കൂടുതൽ ആശ്രയിക്കാവുന്ന രീതിയിൽ ആധുനിക സംവിധാനങ്ങളോടെ സജ്ജമാക്കാനും അദ്ദേഹം ലക്ഷ്യമിടുന്നുണ്ട്.

മധ്യതിരുവിതാംകൂറിന്റെ സാമ്പത്തിക നട്ടെല്ലായ പ്രവാസികളോട് മുൻ സർക്കാരുകൾ കാട്ടിയ അവഗണന അവസാനിപ്പിക്കണമെന്ന ഉറച്ച നിലപാടാണ് വർഗീസ് മാമ്മനുള്ളത്. പ്രവാസികളെ വെറും പണപ്പിരിവ് യന്ത്രങ്ങളായി കാണാതെ, അവർക്കും അവരുടെ കുടുംബങ്ങൾക്കും നാട്ടിൽ സുരക്ഷിതത്വവും മികച്ച പദ്ധതികളും ഉറപ്പാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ആനിക്കാട് പഞ്ചായത്ത് മുതൽ നിരണം വരെയുള്ള 12 പഞ്ചായത്തുകളെയും മുൻസിപ്പാലിറ്റിയെയും കൂട്ടിയിണക്കിയുള്ള ഒരു സമഗ്ര വികസന മാസ്റ്റർ പ്ലാനാണ് തിരുവല്ലയ്ക്കായി അദ്ദേഹം വിഭാവനം ചെയ്യുന്നത്.



രാഷ്ട്രീയത്തിൽ കർഷകരുടെ തോഴനായ പി.ജെ. ജോസഫിന്റെ ഗാന്ധിയൻ നിലപാടുകളും, ആത്മീയ സാമൂഹിക രംഗത്ത് ജാതിമത ഭേദമന്യേ മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിച്ച ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനിയുടെ ദർശനങ്ങളുമാണ് വർഗീസ് മാമ്മന്റെ വഴിവിളക്കുകൾ. ജനങ്ങളോട് എപ്പോഴും സുതാര്യത പുലർത്തണമെന്നും, ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ വാഗ്ദാനം ചെയ്യാവൂ എന്നും വിശ്വസിക്കുന്ന അദ്ദേഹം മുഖംമൂടികളില്ലാത്ത ഒരു ജനകീയ ജനപ്രതിനിധിയായി തിരുവല്ലയുടെ വികസന ചരിത്രം തിരുത്തിയെഴുതാനുള്ള പ്രയാണത്തിലാണ്.

തിരുവല്ലയിലെ പല ഗ്രാമീണ മേഖലകളിലും കടുത്ത വേനലിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുക എന്നത് എംഎൽഎയുടെ അടിയന്തര പദ്ധതികളിൽ ഒന്നാണ്. മല്ലപ്പള്ളി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഫെബ്രുവരി മാസമാകുമ്പോഴേക്കും ജലസ്രോതസ്സുകൾ വറ്റിപ്പോകുന്ന പ്രതിസന്ധിക്ക് പരിഹാരമായി മുൻപ് വിഭാവനം ചെയ്ത പദ്ധതികൾ സമയബന്ധിതമായി കമ്മീഷൻ ചെയ്യും. ശുദ്ധമായ കുടിവെള്ളം ഓരോ വീട്ടിലുമെത്തിച്ച് സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിലെ ഏറ്റവും വലിയ ബുദ്ധിമുട്ട് ഒഴിവാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**അടിസ്ഥാന സൗകര്യ വികസനവും ദീർഘവീക്ഷണവും**

വരുന്ന ഇരുപത് വർഷത്തെ വളർച്ച മുന്നിൽ കണ്ടുകൊണ്ടുള്ള ശാസ്ത്രീയമായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് അഡ്വ. വർഗീസ് മാമ്മൻ പ്രാധാന്യം നൽകുന്നത്. തിരുവല്ല ബൈപ്പാസ്, കെഎസ്ആർടിസി കോംപ്ലക്സ് തുടങ്ങിയ പദ്ധതികളെ കൃത്യമായ ആസൂത്രണത്തോടെ ജനങ്ങൾക്ക് പൂർണ്ണമായും ഉപകാരപ്പെടുന്ന രീതിയിലേക്ക് മാറ്റിയെടുക്കും. ഗ്രാമീണ റോഡുകളുടെ തകർച്ച പരിഹരിക്കുന്നതിനൊപ്പം തന്നെ, തിരുവല്ലയെ മധ്യതിരുവിതാംകൂറിന്റെ ഏറ്റവും മികച്ച സാംസ്കാരിക-വിദ്യാഭ്യാസ-കായിക ഹബ്ബായി ഉയർത്താനാണ് എംഎൽഎ എന്ന നിലയിൽ അദ്ദേഹം ശ്രമിക്കുന്നത്.

# ഫ്ളോറിഡ മലയാളികൾക്ക് മറക്കാനാവാത്ത രാത്രിയാക്കി ഫൊക്കാന സിനി ഫ്യൂഷൻ 2026

**സാജ് കാവിന്റെ അരികത്ത്**


ഫ്ളോറിഡ: ടാമ്പയിൽ സംഘടിപ്പിച്ച ഫൊക്കാന സിനി ഫ്യൂഷൻ പരിപാടി അമേരിക്കൻ മലയാളി സമൂഹത്തിന്റെ സാംസ്കാരിക ആഘോഷ ചരിത്രത്തിൽ വ്യത്യസ്തമായൊരു അ



ദ്ധ്യായമായി മാറി. കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങളും ആധുനിക അമേരിക്കൻ ആഘോഷ സംസ്കാരവും കുടുംബ സൗഹൃദ അന്തരീക്ഷവും സാമൂഹിക ഉത്തരവാദിത്തവും ഒരേ വേദിയിൽ ഇത്രയും മനോഹരമായി സമന്വയിപ്പിക്കാൻ സാധിച്ചതാണ് ഈ പരിപാടിയുടെ ഏറ്റവും വലിയ പ്രത്യേകത.

എണ്ണൂറു പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയത്തിൽ വിവിധ പ്രായവിഭാഗങ്ങളിലുള്ള മലയാളികൾ മണിക്കൂറുകളോളം ഒരേ ആവേശത്തിലും ഐക്യത്തിലും പങ്കെടുത്തത് ഈ പരിപാടി ഒരു സാധാരണ സ്റ്റേജ് ഷോ മാത്രമല്ലായിരുന്നു എന്ന് തെളിയിച്ചു. പാട്ട്, ക്ലാസിക്കൽ നൃത്തം, ബോളിവുഡ് ഡാൻസ്, ലൈവ് ഓർക്കസ്ട്ര, ഡിജെ അനുഭവം, അറേബ്യൻ ബെല്ലി ഡാൻസ്, കേരളത്തിന്റെ തനതായ ഭക്ഷണവിഭവങ്ങൾ - ഇതെല്ലാം ഒരുമിച്ച് ചേർത്ത് ഒരു ഫുൾ ഫാമിലി എന്റർടൈൻമെന്റ് എക്സ്പീരിയൻസ് ആക്കി മാറ്റിയ അവതരണ ശൈലി അമേരിക്കൻ മലയാളി വേദികളിൽ അപൂർവമായിരുന്നു.

പരിപാടിയിൽ വാഗ്ദാനം ചെയ്ത എല്ലാ ഘടകങ്ങളും അതേ നിലവാരത്തിൽ തന്നെ പ്രേക്ഷകർക്ക് ലഭിച്ചു എന്നതാണ് പങ്കെടുത്തവരുടെ പ്രധാന പ്രതികരണം. കേരളത്തിന്റെ സംഗീത മാധുര്യത്തിനൊപ്പം അമേരിക്കൻ സ്റ്റൈൽ ഡിജെ എനർജിയും സ്വാഭാവികമായി ലയിച്ചപ്പോൾ എല്ലാ പ്രായക്കാരും ഒരുമിച്ച് ആഘോഷത്തിൽ പങ്കുചേർന്ന കാഴ്ച സമൂഹത്തിന്റെ പുതിയ സാംസ്കാരിക മനോഭാവത്തെയാണ് സൂചിപ്പിച്ചത്.



ഫ്ളോറിഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നുമെത്തിയ മലയാളികൾക്ക് ഈ പരിപാടി ഒരു ഇവന്റ് മാത്രമല്ല ഒരു അനുഭവമായി മാറി. കേരളത്തിന്റെ ആത്മാവും അമേരിക്കയുടെ ആഘോഷസ്വാതന്ത്ര്യവും ചേർന്ന ഒരു പുതിയ തലമുറ ആഘോഷമാതൃകയെ ഫൊക്കാന ഇവിടെ വിജയകരമായി അവതരിപ്പിച്ചു.

സാമൂഹിക പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തണമെങ്കിൽ വെറും പ്രസംഗങ്ങളോ പ്രചാരണങ്ങളോ മാത്രം മതിയാകില്ല, ജനങ്ങളെ സന്തോഷത്തിലൂടെ, പങ്കാളിത്തത്തിലൂടെ, മാനസിക അടുപ്പത്തിലൂടെ ബന്ധിപ്പിക്കേണ്ടതുണ്ടെന്ന സന്ദേശവും ഈ പരിപാടി നല്കി. കേരളത്തിലെ ഹൗസിംഗ് പദ്ധതിക്ക് പിന്തുണ സമാഹരിക്കുമ്പോഴും അമേരിക്കയിലെ മലയാളികൾക്ക് സ്നേഹവും കൂട്ടായ്മയും സന്തോഷകരമായ ഓർമ്മകളും നല്കാൻ ഫൊക്കാന ശ്രമിച്ചു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഫൊക്കാന ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡണ്ട് ലിൻഡോ ജോളിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച സംഘത്തിന്റെ കഠിനാദ്ധ്വാനവും ഏകോപനവും പരിപാടിയുടെ വിജയത്തിൽ നിർണായകമായി. ദിവസങ്ങളോളം നടത്തിയ തയ്യാറെടുപ്പും പരിപാടിയെ ഒരു വ്യത്യസ്ത അനുഭവമാക്കാനുള്ള ദൃഢനിശ്ചയവും വേദിയിൽ വ്യക്തമായി പ്രകടമായി.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ സംഘടന കൈക്കൊള്ളുന്ന വിവിധ പ്രവർത്തനങ്ങൾ ഫൊക്കാനയെ കൂടുതൽ ജനകീയവും പ്രവർത്തനക്ഷമവുമായ ദിശയിലേക്ക് നയിക്കുകയാണെന്ന വിലയിരുത്തലും സമൂഹത്തിൽ ഉയരുന്നുണ്ട്. സേവനപ്രവർത്തനങ്ങൾക്കും സാംസ്കാരിക ഇടപെടലുകൾക്കും ഒരുപോലെ പ്രാധാന്യം നല്കുന്ന സമീപനം ഭാവിയിലെ മലയാളി സംഘടനകൾക്ക് ഒരു പുതിയ മാതൃകയായി മാറാമെന്ന പ്രതീക്ഷയും പലരും പങ്കുവെച്ചു.

ഇത്തരം പരിപാടികൾ മറ്റൊരു സത്യവും ഓർമ്മിപ്പിക്കുന്നു-മുൻവിധികളില്ലാതെ പൊതുസമൂഹത്തെ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന യുവനേതൃത്വങ്ങൾക്ക് അവസരം നല്കിയാൽ മലയാളി സമൂഹം കൂടുതൽ ഐക്യത്തോടെയും ഊർജ്ജത്തോടെയും മുന്നോട്ടു പോകും. വിഭജനരാഷ്ട്രീയത്തേക്കാൾ സഹകരണ മനോഭാവവും പൊതുപ്രയോജന ചിന്തയും വിജയിക്കുമ്പോഴാണ് സമൂഹത്തിനും സംഘടനകൾക്കും യഥാർത്ഥ വളർച്ച കൈവരിക്കാൻ കഴിയുക.

ഫൊക്കാന സിനി ഫ്യൂഷൻ പരിപാടിയെ വൻ വിജയമാക്കാൻ പങ്കെടുത്ത എല്ലാ ഫ്ളോറിഡ മലയാളികൾക്കും സമീപസംസ്ഥാനങ്ങളിൽ നിന്നെത്തിയ അതിഥികൾക്കും സംഘാടകർ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തി.

## ക്നാനായ യൂത്ത് മിനിസ്ട്രി യുവജന ധ്യാനം ജൂൺ 11 മുതൽ 14 വരെ ഡാളസിൽ

**ജോക്കുട്ടി മേലേടത്ത്**




ഡാളസ്: ക്നാനായ റീജിയൻ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി അവധിക്കാല ധ്യാനം ജൂൺ 11 മുതൽ 14 വരെ ഡാളസിലുള്ള ക്യാമ്പ് കോമ്പസ് ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഫാ. കെവിൻ മുണ്ടയ്ക്കൽ, ബ്രദർ റെജി മുട്ടം എന്നിവരുടെ നേതൃത്വത്തിലാണ് ധ്യാനം നടത്തപ്പെടുന്നത്. ഇതിനോടകം രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു.

ഹൈസ്കൂൾ വിദ്യാർത്ഥികൾ മുതൽ 25 വയസ് വരെയുള്ള ക്നാനായ റീജിയനിലെ വിവിധ ഇടവകകളിൽ നിന്നും മിഷനിൽ നിന്നുമുള്ള യുവജനങ്ങളാണ് ഇതിൽ പങ്കെടുക്കുന്നത്. ക്നാനായ റീജിയൻ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ബിൻസ് ചേത്തലിന്റെയും ഡാളസ് ഇടവക യൂത്ത് മിനിസ്ട്രി എക്സിക്യൂട്ടീവ് അംഗങ്ങളുടെയും നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ജൂൺ 11-ന് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 14-ന് ഞായറാഴ്ച ഉച്ചയ്ക്ക് ധ്യാനം സമാപിക്കും.

## നീ കൂടെ ഉണ്ടെങ്കിൽ: പുതിയ ക്രൈസ്തവ ഭക്തിഗാനം റിലീസിന് ഒരുങ്ങുന്നു

**ബിനോയ് തോമസ്**

ചിക്കാഗോ: 'യൂണിഫോം മ്യൂസിക് ആൻഡ് ബാൻഡ് ഇന്റർനാഷണലിന്റെ' (Uniform Music & Band Intl) ബാനറിൽ ഒരുങ്ങുന്ന ഏറ്റവും പുതിയ ക്രൈസ്തവ ഭക്തിഗാനം 'നീ കൂടെ ഉണ്ടെങ്കിൽ' റിലീസിന് തയ്യാറെടുക്കുന്നു. ഏറെ പുതുമകളും ആത്മീയഭാവവും ഉണർത്തുന്ന ഒരു വേറിട്ട ആരാധന ഗീതമായിട്ടാണ് ഈ ഗാനം പ്രേക്ഷകരിലേക്ക് എത്തുന്നത്.

ബിനോയ് തോമസ് ചിക്കാഗോയാണ് ഈ മനോഹര ഗാനത്തിന്റെ രചനയും സംഗീത സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്. പ്രശസ്ത ഗായകരായ മിനി അനിൽ, അഭിനന്ദു കെ. എന്നിവർ ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. ജോബി പ്രീമോസ് ആണ് ഗാനത്തിന്റെ മ്യൂസിക് പ്രോഗ്രാമിംഗ് നിർവ്വഹിച്ചിരിക്കുന്നത്. എറണാകുളത്തെ മ്യൂസിക് ലാബിലാണ് ഇതിന്റെ റെക്കോർഡിംഗ് പൂർത്തിയായത്. യൂണിഫോം മ്യൂസിക് & ബാൻഡ് മലയാളത്തിന് വേണ്ടി ബിനോയ് തോമസ്, ബിന്ദു സാബു എന്നിവരാണ് ഈ പ്രോജക്ടിന്റെ കോർഡിനേഷൻ നിർവ്വഹിച്ചിരിക്കുന്നത്. പോസ്റ്റർ ഡിസൈൻ 'അസ്ട്ര' (ASTRA) ആണ് ഒരുക്കിയിരിക്കുന്നത്.

സർവ്വ ദുഃഖങ്ങളിലും ഭാരങ്ങളിലും ആശ്വാസമേകുന്ന ദൈവസാന്നിധ്യത്തെയും ആരാധനയെയും മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള ഈ ഭക്തിഗാനം ഉടൻതന്നെ യൂണിഫോം മ്യൂസിക് ഒഫീഷ്യലിന്റെ യൂട്യൂബ് ചാനലിലൂടെയും മറ്റ് പ്രമുഖ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും റിലീസ് ചെയ്യും.




ആത്മീയതയും സംഗീതവും ഒത്തുചേരുന്ന ഈ പുതിയ ഗാനം ഏവർക്കും ഒരുപോലെ ഹൃദ്യമായൊരു അനുഭവമായിക്കുമെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു.

THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com

JENNI THANNIKARI
+1 713-280-8688

SOBHANA
+91 965 616 8399

GREEN NESTLE VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

B&M AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഫോമാ കൺവൻഷൻ രജിസ്ട്രേഷൻ ജൂൺ 30-ന് അവസാനിക്കുന്നു

ഹൂസ്റ്റൺ: ഫോമാ ഒൻപതാം ഫാമിലി കൺവൻഷൻ 2026-നുള്ള രജിസ്ട്രേഷൻ ജൂൺ 30-ന് ക്ലോസ് ചെയ്യുകയാണെന്നും രജിസ്ട്രേഷൻ ഫീസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി മാറ്റം വരുത്തിയിട്ടുണ്ടെന്നും നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു. രജിസ്ട്രേഷന് ഉദ്ദേശിച്ചതിൽ കൂടുതൽ ജനപങ്കാളിത്തം ഉണ്ടായതിനാലാണ് അത് അവസാനിപ്പിക്കുന്നത്. 30-ന് ശേഷമുള്ള രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ജൂൺ ഒന്നാം തീയതി മു

**എ.എസ്. ശ്രീകുമാർ**

തൽ സിംഗിൾ രജിസ്ട്രേഷന് 800 ഡോളറും ഡബിളിന് 1350 ഡോളറുമായി നിശ്ചയിച്ചിരുന്നു. എന്നാൽ, ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31-ന് ക്ലോസ് ചെയ്ത പശ്ചാത്തലത്തിൽ രജിസ്റ്റർ ചെയ്തവർ പേയ്മെന്റ് പൂർത്തിയാക്കണമെന്ന് ബേബി മണക്കുന്നേൽ അഭ്യർത്ഥിച്ചു. അവർക്ക് ഏർളി ബേർഡി രജിസ്ട്രേഷന്റെ ആനുകൂല്യം ലഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നൂറ് അംഗസംഘടനകൾ തികച്ച് റെക്കോർഡ് സ്ഥാപിച്ച ഫോമാ അതിന്റെ 9-ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശ്ശീല ഉയരുന്നത് എന്ന പ്രത്യേകത ഈ കൺവൻഷനുണ്ട്. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻ ആർജി സ്റ്റേഡിയത്തിന് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ വിൻധം ഹൂസ്റ്റണിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് ഇതിനായി രൂപീകരിക്കപ്പെട്ട വിവിധ കമ്മിറ്റികൾ. സുബിൻ കുമാരൻ കൺവൻഷൻ ചെയർമാനും ജിജു കുളങ്ങര ജനറൽ കൺവീനറുമാണ്. സാജൻ മൂലേപ്ലാക്കൽ ആണ് നാഷണൽ രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർ.

കൺവൻഷനായി ബുഷ് ഇന്റർനാഷണൽ എയർപോർട്ടിലും ഹോബി എയർപോർട്ടിലും എത്തുന്നവരെ പിക്കപ് ചെയ്യാനും കൺവൻഷൻ കഴിഞ്ഞു മടങ്ങുമ്പോൾ എയർപോർട്ടിൽ ഡ്രോപ്പ് ചെയ്യാനും ഫോമായുടെ പ്രത്യേക ട്രാൻസ്പോർട്ടേഷൻ സൗകര്യം ഉണ്ടായിരിക്കും. കൺവൻഷൻ സെന്ററിനോടനുബന്ധിച്ചുള്ള ഹോട്ടലിൽ 500 മുറികളാണ് ബുക്ക് ചെയ്തിരിക്കുന്നത്. കൺവൻഷൻ സെന്ററിന്റെ ഇരുവശങ്ങളിലുമുള്ള ഹോട്ടലുകളിലാണ് താമസസൗകര്യം ഒരുക്കിയിരിക്കുന്നത്. ഇതിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന ഫോമാ മെംബേഴ്സിന് കൺവൻഷൻ സെന്ററിന്റെ വലതുവശത്തുള്ള ഹോട്ടലിലെ 375 മുറികളിലും 375-ന് ശേഷം വരുന്നവർക്ക് ഇടതുവശത്തുള്ള ഹോട്ടലിലെ 125 മുറികളിലുമായാണ് താമസം ക്രമീകരിച്ചിരിക്കുന്നത്.





ഇത് നമ്മുടെ കൺവൻഷനാണ്. കഴിഞ്ഞ കൂട്ടായ്മയിൽ കണ്ടു പിരിഞ്ഞവരെ വീണ്ടും കാണാനും സൗഹൃദം പങ്കുവെക്കാനും ഏതാനും ദിവസങ്ങൾ ഒരുമിച്ചു ചെലവഴിക്കാനും കിട്ടുന്ന അവസരമാണ് കൺവൻഷൻ 2026. ഈ മലയാളി മാമാങ്കം നമുക്ക് അവിസ്മരണീയമാക്കാം.

കൺവൻഷന്റെ വിജയത്തിനായി ഏവരും തോളോടുതോൾ ചേർന്ന് ഒരു മനസും ഒരു ശരീരവുമായി പ്രവർത്തിച്ച് നമ്മുടെ ഐക്യവും സാഹോദര്യവും കാത്തുസൂക്ഷിക്കണമെന്ന് നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭ്യർത്ഥിക്കുന്നു.

# ഹൂസ്റ്റൺ പൂരം പൊടിപൂരം 2026

ഹൂസ്റ്റൺ: തൃശൂർ പൂരത്തിന്റെ മഹിമയും ആചാരവൈഭവവും കലാ സമ്പന്നതയും അമേരിക്കൻ മണ്ണിൽ അതേ പ്രൗഢിയോടെ പുനരാവിഷ്കരിച്ച 'പൂരപ്പറമ്പിലെ ഹൂസ്റ്റൺ പൂരം 2026' മലയാളി സമൂഹത്തിന് മറക്കാനാവാത്ത അനുഭവമായി മാറി. ഏകദേശം 1500-ഓളം ആളുകളുടെ പങ്കാളിത്തത്തോടെ നടന്ന ആഘോഷം ഹൂസ്റ്റണിലെ ഏറ്റവും വലിയ സാംസ്കാരി

**ശങ്കരൻകുട്ടി, ഹൂസ്റ്റൺ**

ക പരിപാടികളിലൊന്നായി ശ്രദ്ധേയമായി. എല്ലാ കലാകാരന്മാരും സംഘടനാ ഭാരവാഹികളും പൂരം പ്രേമികളും അണിനിരന്ന വർണാഭമായ ഘോഷയാത്ര ആഘോഷത്തിന് ആവേശം പകർന്നു. താളക്രമത്തിലും മേളക്രമത്തിലും വളരെ പ്രശസ്തരായ പല്ലാവൂർ സഹോദരന്മാരുടെ നേതൃത്വത്തിൽ ഒരു മണിക്കൂറിലേറെ നീണ്ടുനിന്ന ചെണ്ടമേളം കാണികളിൽ തൃശൂർ പൂരം നേരിട്ട് അനുഭവിക്കുന്ന പ്രതീതിയാണ് സൃഷ്ടിച്ചത്. മുപ്പത് അടി ഉയരത്തിൽ പ്രത്യേകമായി നിർമ്മിച്ച ശ്രീവടക്കുംനാഥ ക്ഷേത്രത്തിന്റെ മാതൃകയും കുടയും ആലവട്ടവും വെൺചാമരവുമായി അണിഞ്ഞൊരുക്കിയ 15 ആനകളുടെ ദൃശ്യാവിഷ്കാരവും ആഘോഷത്തിന്റെ മുഖ്യആകർഷണമായി.

തൃശൂരിൽ നിന്ന് പ്രത്യേകമായി എത്തിച്ച കുടകളും വെൺചാമരങ്ങളും ഹൂസ്റ്റണിലെ പൂരം പ്രേമികൾ സ്വന്തം കൈകളാൽ നിർമ്മിച്ച കാവടിയും കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റി. മെഗാ തിരുവാതിര, വീരനാട്യം, കാവടിയാട്ടം, ഫയർ ഡാൻസ് എന്നിവ ഉൾപ്പെടെയുള്ള തുടർച്ചയായ കലാപരിപാടികളിൽ നൂറിലധികം കലാകാരന്മാർ പങ്കെടുത്തത് ആഘോഷത്തിനു മാറ്റുകൂട്ടി. അമേരിക്ക മുഴുവനും പൂരം ആസ്പദമാക്കി സംഘടിപ്പിച്ച ദേശീയ ചിത്രരചനാ മത്സരത്തിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.


തൃശൂർ പൂരത്തിന്റെ ഓർമ്മകൾ പുതുക്കുന്ന തരത്തിൽ ഒരുക്കിയ 25-ഓളം സ്റ്റാളുകളുള്ള പൂരം എക്സിബിഷൻ വലിയ ജനശ്രദ്ധ നേടി. പൂരം ചരിത്രം അവതരിപ്പിച്ച പ്രത്യേക പ്രദർശനവും സന്ദർശകരുടെ പ്രശംസ പിടിച്ചുപറ്റി. തൃശൂരിന്റെ അഭിമാനങ്ങളായ വ്യവസായ പ്രമുഖൻ ജോയി ആലുക്കാസ്, മിത്ര ഗ്രൂപ്പ്, മാളിയേക്കൽ ഫൗണ്ടേഷൻ, പ്രശസ്ത ഗായകൻ ഫ്രാങ്കോ എന്നിവരുൾപ്പെടെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ



ത്തോളം പ്രമുഖരെ ചടങ്ങിൽ ആദരിച്ചു. ആകാശം വർണാഭമാക്കിയ കണ്ണഞ്ചിപ്പിക്കുന്ന വെടിക്കെട്ട് ആഘോഷത്തിന്റെ ഉച്ചകോടിയായി മാറി. തുടർന്ന് ഗായകൻ ഫ്രാങ്കോ ഒരുക്കിയ സംഗീതവിരുന്നും വള്ളാടൻ നെവിൻ തകർത്താടിയ ലൈവ് ഡിജെയും കാണികൾക്ക് ആവേശത്തിന്റെ പുതിയ അനുഭവം സമ്മാനിച്ചു. കലയും കലാകാരനും ജീവിക്കുന്നത് നല്ല ആസ്വാദകരിലൂടെയാണ് എന്നതിന്റെ മികച്ച ഉദാഹരണമാണ് ഹൂസ്റ്റൺ പൂരം 2026.

ധനിഷ, സാം സുരേന്ദ്രൻ, ജോൺ ആന്റണി കാട്ടൂകാരൻ, ജിനോ ജോൺസ് പള്ളത്ത്, ഡോ. സതീഷ് ചിയ്യാരത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികളുടെ അശ്രാന്ത പരിശ്രമവും സംഘാടനമികവും ആഘോഷത്തിന്റെ വിജയത്തിന് കരുത്തായി. കേരളത്തിന്റെ സാംസ്കാരിക പൈതൃകവും തൃശൂർ പൂരത്തിന്റെ ആത്മാവും അമേരിക്കൻ മലയാളികളുടെ ഹൃദയങ്ങളിലേക്ക് എത്തിച്ചു. 'പൂരപ്പറമ്പിലെ ഹൂസ്റ്റൺ പൂരം 2026' പ്രവാസലോകത്ത് മലയാളി സംസ്കാരത്തിന്റെ ശക്തമായ അടയാളപ്പെടുത്തലായി മാറിയതായി പങ്കെടുത്തവർ അഭിപ്രായപ്പെട്ടതോടെ സദിർ കഴിഞ്ഞ് യവനിക താണു, പൂരപ്പറമ്പിൽ ആളൊഴിഞ്ഞു.






# ക്യാപ്റ്റൻ വിബിൻ വിൻസന്റ് സൺഷൈൻ റീജിയണിൽ നിന്നും നാഷണൽ കമ്മിറ്റിയിലേക്ക്

സൗത്ത് ഫ്ളോറിഡ: 2026–2028 കാലയളവിലേക്കുള്ള ഫോമാ നാഷണൽ കമ്മിറ്റിയിലേക്ക് സൗത്ത് ഫ്ളോറിഡയിൽ നിന്നുള്ള ക്യാപ്റ്റൻ വിബിൻ വിൻസന്റ് മത്സരിക്കുന്നു. കേരള സമാജത്തിന്റെ നിലവിലെ കമ്മിറ്റി അംഗവും സ്പോർട്സ് കോ-ഓർഡിനേറ്ററുമായ അദ്ദേഹം വർഷങ്ങളായി ഫോമായുടെയും കേരള സമാജത്തിന്റെയും പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായ ഒരു സാമൂഹിക പ്രവർത്തകനും സംഘാടകനുമാണ്. ഫോമാ പരിപാടികൾക്ക് തന്റെ ഫ്ളൈറ്റ് സ്കൂളിൽ ആതിഥേയത്വം വഹിക്കുകയും വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ട്.

വ്യോമയാന രംഗത്തെ പ്രൊഫഷണലായ ക്യാപ്റ്റൻ വിബിൻ, സാമൂഹ്യ സേവന രംഗത്തെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ മലയാള സമൂഹത്തിന്റെ അംഗീകാരം നേടിയിട്ടുണ്ട്.

2019-ൽ ബഹാമാസിനെ തകർത്ത ചുഴലിക്കാറ്റിന് പിന്നാലെ വിവിധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും ഏകോപിപ്പിച്ച് ഭക്ഷണം, കുടിവെള്ളം, മരുന്നുകൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവയുമായി 14-ലധികം വിമാനങ്ങൾ ബഹാമാസിലേക്ക് അയയ്ക്കുക വഴി ആ മഹത്തായ ദുരിതാശ്വാസ ദൗത്യത്തിന് അദ്ദേഹം നേതൃത്വം നല്കി.

2021-ലെ കോവിഡ് മഹാമാരിക്കാലത്ത് കേരളത്തിനായുള്ള സഹായപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ദുരിതാശ്വാസ നിധിയിലേക്ക് പിന്തുണ സമാഹരിക്കുന്നതിനുമായി സ്വന്തം വിമാനത്തിൽ അമേരിക്കയിലെ 48 സംസ്ഥാനങ്ങൾ സന്ദർശിച്ച് വിവിധ ഇന്ത്യൻ കമ്യൂണിറ്റി പരിപാടികളിൽ പങ്കെടുത്ത് ബോധവത്കരണവും ഫണ്ട് ശേഖരണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു. അദ്ദേഹത്തിന്റെ പരിശ്രമ ഫലമായി നിരവധി സംഘടനകളും വ്യക്തികളും ഈ സംരംഭത്തിന് ഗണ്യമായ പിന്തുണ നല്കി.

യുവജനങ്ങൾക്കിടയിൽ പ്രത്യേക സ്വാധീനമുള്ള ക്യാപ്റ്റൻ വിബിൻ, നേതൃത്വപാടവം, സംഘാടക മികവ്, സൗഹൃദപരമായ സമീപനം, സാമൂഹിക പ്രതിബദ്ധത എന്നിവകൊണ്ട് സുപരിചിതനാണ്. സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന അദ്ദേഹം പുതുതലമുറയുടെ നാവായി മാറുമെന്ന് സംശയലേശമെന്യേ ഉറപ്പിക്കാം. കേരള സമാജം പ്രസിഡണ്ട് നോയൽ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്മിറ്റി യോഗത്തിൽ സെക്രട്ടറി സഞ്ജയ് നടുപ്പറമ്പിൽ വിഷയാവതരണം നടത്തുകയും ക്യാപ്റ്റൻ വിബിൻ വിൻസന്റിന്റെ സ്ഥാനാർത്ഥിത്വം കമ്മിറ്റി അംഗങ്ങൾ ഐകകണ്ഠ്യേന അംഗീകരിക്കുകയും പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു.

നോർത്ത് അമേരിക്കയിലെ തന്നെ പ്രമുഖവും പാരമ്പര്യമുള്ളതുമായ കേരള സമാജം ഓഫ് സൗത്ത് ഫ്ളോറിഡയെ ഫോമായിൽ പ്രതിനിധീകരിക്കാൻ ലഭിച്ച അവസരത്തിന് അദ്ദേഹം കമ്മിറ്റിയോടും സമൂഹത്തോടും നന്ദി രേഖപ്പെടുത്തി. 2026-2028 കാലയളവിലേക്കുള്ള ഫോമാ നാഷണൽ കമ്മിറ്റിയംഗ സ്ഥാനത്തേക്ക് മത്സരിക്കുന്ന ക്യാപ്റ്റൻ വിബിൻ വിൻസന്റിന് നിങ്ങളുടെ വിലയേറിയ പിന്തുണ അഭ്യർത്ഥിക്കുന്നു.

# ഡാളസ് കേരള അസോസിയേഷൻ പിതൃദിനാഘോഷം ജൂൺ 14–ന്

പി.പി. ചെറിയാൻ

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ (KAD) സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ രീതിയിൽ പിതൃദിനാഘോഷം സംഘടിപ്പിക്കുന്നു. ഇന്ത്യ കൾച്ചറൽ ആൻഡ് എജ്യുക്കേഷൻ സെന്ററുമായി സഹകരിച്ചാണ് പരിപാടി ഒരുക്കിയിരിക്കുന്നത്. തീയതി: ജൂൺ 14-ന് ഞായറാഴ്ച. സമയം: ഉച്ചകഴിഞ്ഞ് 3.30-ന്, സ്ഥലം: KAD/IC & EC ബാങ്കറ്റ് ഹാൾ (3821 Broadway Blvd, Garland, TX 75043)




ഡോ. എം.വി. പിള്ള (അഡ്വൈസറി ബോർഡ് ചെയർമാൻ), സി. സി. തിയോഫിൻ ചാമക്കാല (സംരംഭകനും കമ്യൂണിറ്റി നേതാവും) എന്നിവർ ചടങ്ങിൽ മുഖ്യ പ്രഭാഷകരായി പങ്കെടുക്കും. നമ്മെ എപ്പോഴും നയിക്കുകയും കൈപിടിച്ചു നടത്തുകയും ചെയ്ത പിതാക്കന്മാരെ ആദരിക്കുന്നതിനും ഒത്തുചേരലിന്റെ മനോഹരമായ നിമിഷങ്ങൾ പങ്കുവെക്കുന്നതിനുമായി നടത്തുന്ന ഈ ആഘോഷത്തിലേക്ക് ഏവരെയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

# റവ. ഫാ. അലക്സ് കെ. ജോയിക്ക് ആദരവ്





ജിനേഷ് തമ്പി

ന്യൂയോർക്ക്: പുതുതായി പണികഴിപ്പിച്ച സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശാദിനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വികാരി അലക്സ് കെ. ജോയി അച്ചൻ, ഇടവകയുടെ സ്നേഹോപഹാരം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. സഖറിയാ മാർ നിക്കോളോവോസ് തിരുമേനിയിൽ നിന്നും സ്വീകരിച്ചു.



# കടുത്തുരുത്തിയെ സമ്പൂർണ്ണ സാക്ഷരതയിലേക്ക് നയിക്കാൻ AI-IKAM (AI-ഐക്യം) പദ്ധതിക്ക് തുടക്കമായി

ജോസ് കണിയാലി




കടുത്തുരുത്തി: ആധുനിക സാങ്കേതിക വിദ്യയുടെ അനന്തസാദ്ധ്യതകൾ സാധാരണക്കാരനിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഇമ്മാനുവൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിപ്ലവകരമായ എഐ സാക്ഷരതാ പദ്ധതി AI-IKAM (AI-ഐക്യം) (Artificial Intelligence in Kaduthuruthy Advancement Mission) പ്രൗഢഗംഭീരമായ ചടങ്ങിൽ തുടക്കമായി. കടുത്തുരുത്തിയിൽ നടന്ന വിപുലമായ പരിപാടിയിൽ കേരള ജലവിഭവ-ഭവനനിർമ്മാണവകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ എംപി ഫ്രാൻസിസ് ജോർജ് മുഖ്യസാന്നിദ്ധ്യമായിരുന്നു. മാറുന്ന ഡിജിറ്റൽ ലോകത്ത് കൃത്രിമ ബുദ്ധി (AI) സാധാരണക്കാരുടെ നിത്യജീവിത ഉപാധിയായി മാറേണ്ടതിന്റെ ആവശ്യകത ചടങ്ങിൽ സംസാരിച്ച പ്രമുഖർ ചൂണ്ടിക്കാട്ടി.

'വിരൽത്തുമ്പിൽ ഇനി വിശ്വാസം നേടാം' എന്ന ശക്തമായ ടാഗ്ലൈനോടെ ഇമ്മാനുവൽ ഫൗണ്ടേഷൻ വിഭാവനം ചെയ്ത ഈ മിഷൻ കടുത്തുരുത്തിയെ കേരളത്തിലെ തന്നെ ആദ്യത്തെ സമ്പൂർണ്ണ എഐ സാക്ഷരതാ മണ്ഡലം ആയി മാറ്റിയെടുക്കാനുള്ള ബൃഹത്തായ ജനകീയ മുന്നേറ്റമാണ്. ഇമ്മാനുവൽ ഫൗണ്ടേഷനും അതിന്റെ മാനേജിംഗ് ട്രസ്റ്റി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരിയുമാണ് ഈ മാതൃകാപരമായ പദ്ധതിയുടെ പിന്നിൽ പ്രവർത്തിക്കുന്നത്. താഴേത്തട്ടിലുള്ള ജനങ്ങളിലേക്ക് വരെ സാങ്കേതിക വിദ്യ എത്തിക്കാനുള്ള ഈ ഫൗണ്ടേഷന്റെയും ഡോ. ജോസഫ് സണ്ണിയുടെയും ദീർഘവീക്ഷണത്തെ ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രിയും എംപിയും പ്രത്യേകം അഭിനന്ദിച്ചു. മണ്ഡലത്തിലെ ജനങ്ങളുടെ ജീവിതനിലവാരവും വിദ്യാഭ്യാസ-തൊഴിൽ സാദ്ധ്യതകളും ഉയർത്താൻ പോകുന്ന ഈ പദ്ധതി കടുത്തുരുത്തിയുടെ ചരിത്രത്തിലെ പുതിയൊരു നാഴികക്കല്ലായാണ് വിലയിരുത്തപ്പെടുന്നത്. ചടങ്ങിൽ ഇമ്മാനുവൽ ഫൗണ്ടേഷൻ പ്രതിനിധികളും സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും ജനപ്രതിനിധികളും പങ്കെടുത്തു.

## വനിതാ ചീഫ് ജസ്റ്റിസുമാരുടെ എണ്ണം നാലായി

ന്യൂഡൽഹി: ചരിത്രത്തിലാദ്യമായി ഇന്ത്യയിലെ നാല് ഹൈക്കോടതികളിൽ വനിതകൾ ചീഫ് ജസ്റ്റിസുമാർ. സിക്കിം ഹൈക്കോടതിയിലെ ജസ്റ്റിസ് മീനാക്ഷി മദൻറായ് പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിതയായതോടെയാണിത്. ജസ്റ്റിസുമാരായ സുനിത അഗർവാൾ (ഗുജറാത്ത്), രേവതി മോഹിത് ദേരേ (മേഘാലയ), ലിസ ഗിൽ (ആന്ധ്രപ്രദേശ്) എന്നിവരാണു നിലവിൽ ചീഫ് ജസ്റ്റിസ് പദവി വഹിക്കുന്ന മറ്റു വനിതകൾ. ഫെബ്രുവരിയിലെ കണക്ക് അനുസരിച്ച് ഇന്ത്യയിലെ ഹൈക്കോടതികളിൽ 781 ജഡ്ജിമാരിൽ 116 പേർ മാത്രമാണു വനിതകൾ – 14.85 ശതമാനം.

## 2050 – ഓടെ കേരളം കാർബൺ ന്യൂട്രൽ സംസ്ഥാനമാകുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: കേരളം 2050-ഓടെ കാർബൺ ന്യൂട്രൽ സംസ്ഥാനമാകുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. പരിസ്ഥിതി കാലാവസ്ഥാവ്യതിയാനം ഡയറക്ടറേറ്റും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സംസ്ഥാന ജൈവവൈവിധ്യ ബോർഡും ചേർന്ന് സംഘടിപ്പിച്ച പരിസ്ഥിതിദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരള കാർബൺ ന്യൂട്രൽ പാത് വേ-2050, സംസ്ഥാന മാലിന്യസംസ്കരണ സൗകര്യം സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് എന്നിവ മുഖ്യമന്ത്രി പ്രകാശനംചെയ്തു.

# എം.പി. രമേഷ് എഴുതിയ 'കൊച്ചിൻ ബേക്കറി' പ്രകാശനം ചെയ്തു

കോഴിക്കോട്: കോഴിക്കോട് സേവ്ഗ്രീൻ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിദ്ധീകരിച്ച കൊച്ചിൻ ബേക്കറി ചെയർമാൻ എം.പി. രമേഷ് (ഗിന്നസ് രമേഷ്) എഴുതിയ 'കൊച്ചിൻ ബേക്കറി' എന്ന പുസ്തകത്തിന്റെ പ്രകാശനം കോഴിക്കോട് ഹോട്ടൽ അളകാപുരിയിൽ മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് മുൻ എംഎൽഎ തോട്ടത്തിൽ രവീന്ദ്രന് നൽകി പ്രകാശനം ചെയ്തു.

പ്രശസ്ത കവിയും ഗാനരചയിതാവുമായ പി.കെ. ഗോപി, കാലിക്കറ്റ് ടെക്സ്റ്റയിൽസ് ചെയർമാൻ പി.പി. മുകുന്ദൻ, പ്രമുഖ വ്യവസായി ഷെവലിയാർ സി.ഇ. ചാക്കുണ്ണി, സേവ്ഗ്രീൻ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് പ്രസിഡണ്ട് എം.പി. രജുൽകുമാർ എന്നിവർ പങ്കെടുത്തു.






കോഴിക്കോട് സേവ്ഗ്രീൻ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ – ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിദ്ധീകരിച്ച കൊച്ചിൻ ബേക്കറി ചെയർമാൻ എം.പി. രമേഷ് (ഗിന്നസ് രമേഷ്) എഴുതിയ 'കൊച്ചിൻ ബേക്കറി' എന്ന പുസ്തകത്തിന്റെ പ്രകാശനം കോഴിക്കോട് ഹോട്ടൽ അളകാപുരിയിൽ മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് മുൻ എംഎൽഎ തോട്ടത്തിൽ രവീന്ദ്രന് നൽകി പ്രകാശനം ചെയ്തു. പ്രശസ്ത കവിയും ഗാനരചയിതാവുമായ പി.കെ. ഗോപി, കാലിക്കറ്റ് ടെക്സ്റ്റയിൽസ് ചെയർമാൻ പി.പി. മുകുന്ദൻ, പ്രമുഖ വ്യവസായി ഷെവലിയാർ സി.ഇ. ചാക്കുണ്ണി, സേവ്ഗ്രീൻ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ – ഓപ്പറേറ്റീവ് പ്രസിഡണ്ട് എം.പി. രജുൽകുമാർ എന്നിവർ സമീപം.



കൊച്ചിൻ ബേക്കറി ചെയർമാൻ എം.പി. രമേഷ് (ഗിന്നസ് രമേഷ്) എഴുതിയ 'കൊച്ചിൻ ബേക്കറി' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ സേവ്ഗ്രീൻ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ – ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്നേഹോപഹാരം കോഴിക്കോട് റീഗൽ ബേക്ക്സ് ചെയർമാൻ കെ.ആർ. രഞ്ജിത്ത് എം.പി. രമേഷിന് കൈമാറുന്നു. മാതൃഭൂമി ഡയറക്ടറും ശ്രീകണ്ഠേശ്വര ക്ഷേത്രയോഗം പ്രസിഡണ്ടുമായ പി.വി. ചന്ദ്രൻ, പ്രമുഖ ഗായകൻ സുനിൽകുമാർ, ബെസ്റ്റ് കോർണർ ബേക്കറി ചെയർമാൻ എം.ടി. ഷൈജു തുടങ്ങിയവർ സമീപം.



കൊച്ചിൻ ബേക്കറി ചെയർമാൻ എം.പി. രമേഷ് (ഗിന്നസ് രമേഷ്) എഴുതിയ 'കൊച്ചിൻ ബേക്കറി' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പ്രമുഖ ചിത്രകാരൻ സി.കെ. ഷിബുരാജ്, പതിമുഖം, തേക്കിൻ തളിര്, മൈലാഞ്ചി, തേയില തുടങ്ങിയ മരങ്ങളുടെ ഇലച്ചാറുകൾ ഉപയോഗിച്ച് പ്രകൃതി വർണങ്ങളാൽ ഒരുക്കിയ എം.പി. രമേഷിന്റെ ചിത്രം എം.പി. രമേഷിന് കൈമാറുന്നു.



കൊച്ചിൻ ബേക്കറി ചെയർമാൻ എം.പി. രമേഷ് (ഗിന്നസ് രമേഷ്) എഴുതിയ 'കൊച്ചിൻ ബേക്കറി' എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ സീനിയർ സിറ്റിസൺ ഫോറം തപാൽ വകുപ്പിന്റെ സഹകരണത്തോടെ എം.പി. രമേഷിന്റെ ചിത്രത്തോട് കൂടി പുറത്തിറക്കിയ തപാൽ സ്റ്റാമ്പ് വേദിയിൽവെച്ച് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് എം.പി. രമേഷിന് കൈമാറുന്നു.

## ചിക്കാഗോ രൂപത സിൽവർജൂബിലി കൺവൻഷൻ

# 151 ചെണ്ടവാദ്യക്കാർ അണിനിരക്കുന്ന താളവിസ്മയവുമായി പദ്മശ്രീ ജയറാമും (ഗസ്റ്റ് ഓഫ് ഓണർ) സ്റ്റീഫൻ ദേവസിയും

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ചിക്കാഗോ സീറോ മലബാർ രൂപത വളർച്ചയുടെ പാതയിൽ കാൽനൂറ്റാണ്ട് പിന്നിടുന്നതിന്റെ ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന നാലുദിവസം നീണ്ടുനിൽക്കുന്ന സീറോമലബാർ കൺവൻഷന്റെ സന്ധ്യകളെ ആസ്വാദ്യകരമാക്കാൻ വിവിധ കലാപരിപാടികൾ അണിയറയിൽ ഒരുങ്ങുന്നു. ഇതിൽ കൺവൻഷൻ തുടങ്ങുന്ന 9-ാം തീയതി വ്യാഴാഴ്ച രാത്രി ഒമ്പതു മണിക്ക് പ്രസിദ്ധ സിനിമ താരം പദ്മശ്രീ ജയറാമും (ഗസ്റ്റ് ഓഫ് ഓണർ) സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും ചേർന്നൊരുക്കുന്ന താളവിസ്മയം എടുത്തുപറയേണ്ടതാണ്.

വിവിധ ഇടവകകളിൽ നിന്നുള്ള നൂറ്റിയമ്പത്തിയൊന്നു കലാകാരന്മാർ പദ്മശ്രീ ജയറാമിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് വാദ്യോപകരണമായ ചെണ്ടയിൽ താളവിസ്മയത്തിന്റെ പൂരം തീർക്കുമ്പോൾ അനുഗൃഹീത കലാകാരൻ സ്റ്റീഫൻ ദേവസി 'കീത്താറിൽ' (കീബോർഡ് & ഗിറ്റാർ), സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിക്കും. കേരളീയ സംസ്കാരത്തിന്റെ പ്രൗഢി വിളിച്ചോതുന്ന താളവിസ്മയത്തിൽ ചെണ്ടയുടെ ഇടന്തലയിലും വലന്തലയിലും ഇടംകൈയും വലംകൈയും തീർക്കുന്ന താളപ്പെരുക്കം കണ്ണിനും കാതിനും ഒരുപോലെ ആസ്വാദ്യകരമായിരിക്കും.

വെള്ളിയാഴ്ച രാവിലെ നടക്കുന്ന പ്രദക്ഷിണത്തിലും 'സീറോ ബീറ്റ്സ്' കലാകാരന്മാർ അവതരിപ്പിക്കുന്ന മെഗാ ചെണ്ടമേളം ഉണ്ടായിരിക്കും. ഇതിനു പ്രശസ്തമായ കൊച്ചുവീട്ടിൽ വാദ്യട്രൂപ്പിലെ ജോനാഥൻ തോമസ് നേതൃത്വം നല്കും.

താളവിസ്മയം കോ-ഓർഡിനേറ്റ് ചെയ്യുന്നത് അമേരിക്കൻ മലയാളികൾക്ക് സുപരിചിതരായ ജോസ്മോൻ കരേടനും സ്കറിയാക്കുട്ടി തോമസുമാണ്. ഫ്ളോറിഡയിൽ നിന്നുമുള്ള ജോസ്മോൻ കരേടൻ, കോളജ് പഠനകാലത്ത് തുടർച്ചയായി മൂന്നുവർഷം യൂണിവേഴ്സിറ്റി കലോത്സവത്തിൽ തബലയിലും ജാസ് ഡ്രംസ് വിഭാഗത്തിലും ജേതാവായിരുന്നു. അമേരിക്കയിൽ നടന്നിട്ടുള്ള വിവിധ മെഗാ ചെണ്ടമേളങ്ങൾക്ക് ജോസ്മോൻ മുമ്പും ചുക്കാൻ പിടിച്ചിട്ടുണ്ട്.


ജയറാം


സ്റ്റീഫൻ ദേവസി


ജോസ്മോൻ കരേടൻ



സ്കറിയാക്കുട്ടി തോമസ്

മറ്റൊരു കോ-ഓർഡിനേറ്ററായ സ്കറിയാക്കുട്ടി തോമസ് ചിക്കാഗോയിലെ അറിയപ്പെടുന്ന കലാകാരനും സാംസ്കാരിക പ്രവർത്തകനുമാണ്. നിരവധി കലാമേളകൾക്ക് നേതൃത്വം നല്കിയിട്ടുള്ള സ്കറിയാക്കുട്ടി കൊച്ചുവീട്ടിൽ വാദ്യഗ്രൂപ്പിന്റെ സ്ഥാപകൻ കൂടിയാണ്.

ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ ജൂലൈ 9, 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സീറോമലബാർ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന കൺവൻഷനിലും അതോടൊപ്പമുള്ള ആത്മീയ, സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും ഭാഗഭാക്കാകുവാൻ എല്ലാ വിശ്വാസികളെയും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് സ്വാഗതം ചെയ്യുന്നു. കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാൻ താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**www,syroconvention.org**




# 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്കു തുടക്കമായി

തിരുവനന്തപുരം: സംസ്ഥാനത്തെ മയക്കുമരുന്നു ശൃംഖലയെ തകർക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച ലഹരി പ്രതിരോധ കർമ്മപദ്ധതിയായ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്കു തുടക്കമായി. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺ ഹിൽ സ്കൂളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ചു.

ലഹരി മാഫിയയെ കേരളത്തിൽ നിന്ന് തുരത്താൻ സമൂഹം ഒറ്റക്കെട്ടായി മുന്നോട്ടു വരണമെന്ന് മുഖ്യമന്ത്രി ആഹ്വാനം ചെയ്തു. നാടിന്റെ ഏറ്റവും വലിയ സമ്പത്തായ യുവതലമുറയെ ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന മയക്കുമരുന്നു മാഫിയയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം ആവശ്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ രാജ്യത്തിനു മാതൃകയായ കേരളം മയക്കുമരുന്നു വ്യാപനത്തിന്റെ വെല്ലുവിളി നേരിടേണ്ടിവരുന്നത് അതീവ ദൗർഭാഗ്യകരമാണ്. മയക്കുമരുന്നിന്റെ സ്വാധീനത്തിൽ കുറ്റകൃത്യങ്ങളുടെ സ്വഭാവം കൂടുതൽ ക്രൂരമാവുകയാണ്. ലഹരി ഉപയോഗം കുടുംബബന്ധങ്ങളെപ്പോലും തകർക്കുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതും ആശങ്കാജനകമാണ്. സംസ്ഥാനത്തെ ജനസംഖ്യയിൽ വലിയൊരു വിഭാഗം യുവജനതയാണെന്നും കേരളത്തിന്റെ ഭാവിപുരോഗതിക്ക് കരുത്താകേണ്ട ഈ യുവത്വത്തെയാണ് ലഹരിമാഫിയ ലക്ഷ്യമിടുന്നതെന്നും അതിൽ ജാഗ്രത വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് നേതൃത്വം നല്കിയ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയെയും പോലീസ്, എക്സൈസ് സേനകളെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

മയക്കുമരുന്നു ശൃംഖലയുടെ വരറുക്കുമെന്നും മയക്കുമരുന്ന് ഇടപാടുകാർക്കെതിരെ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ 'നോ എസ്ക്യൂസസ്' നിലപാടായിരിക്കും പോലീസ് സ്വീകരിക്കുകയെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. വരും തലമുറയ്ക്കു വേണ്ടിയുള്ള ഈ പദ്ധതി എക്സൈസ്, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്.

ഓപ്പറേഷൻ തൂഫാന്റെ നോഡൽ ഓഫീസറായി ഐജി ഇന്റലിജൻസ് പുട്ട വിമ്മലാദിത്യയെയാണ് നിയമിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാർക്കോട്ടിക് സെല്ലും ക്രൈംബ്രാഞ്ചും ഉൾപ്പെടെയുള്ള പോലീസ് സംവിധാനം ജില്ലാതലങ്ങളിൽ ഊർജസ്വലമായി പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

# ഹാസ്യത്തിനപ്പുറം – സലിംകുമാറിന്റെ കലാജീവിതം

മലയാളിയുടെ ചിരിലോകത്തുനിന്ന് ഒരാൾകൂടി അപ്രത്യക്ഷമായിരിക്കുന്നു. രോഗത്തോട് പടവെട്ടി ഗുരുതരമായ ശാരീരിക അവസ്ഥകളെ ചിരികൊണ്ട് മറികടന്ന കലാകാരൻ പലതവണ വ്യാജവാർത്തകളിൽ 'മരണപ്പെട്ട' നടൻ ഒടുവിൽ വിധിക്കു കീഴടങ്ങുമ്പോൾ ആ ചിരിയുടെ താളവും സംഭാഷണങ്ങളിലെ തനി നാടൻ ശൈലിയും മതി മലയാളിക്ക് സലിംകുമാർ എന്ന നടനെ എക്കാലവും ഓർമിക്കാൻ.

1969 ഒക്ടോബർ ഒൻപതിന് എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിൽ ഗംഗാധരൻ-കൗസല്യ ദമ്പതികളുടെ ഇളയ മകനായി ജനിച്ചു. വടക്കൻ പറവൂരിലുള്ള ഗവ. ലോവർ പ്രൈമറി സ്കൂളിലും ഗവ. ബോയ്സ് ഹൈസ്കൂളിലുമായിട്ടാണ് സലിംകുമാർ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പിന്നീട് മാല്യങ്കര എസ്.എൻ. എം. കോളജിലെ പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം എറണാകുളം മഹാരാജാസ് കോളജിൽ നിന്നും അദ്ദേഹം ബിരുദമെടുത്തു. ഭാര്യ: സുനിത കുമാർ, മക്കൾ: ചന്തുകുമാർ, ആരോമൽ കുമാർ.

30 വർഷം സിനിമയുടെ സജീവ സാന്നിധ്യമായിരുന്നു സലിംകുമാർ. ചെറിയ വേഷങ്ങളിലൂടെ തുടങ്ങി സിനിമയുടെ പല മേഖലകളിലും കൈവെച്ച് അവിടെയെല്ലാം കൈയൊപ്പു ചാർത്തിയാണ് അദ്ദേഹത്തിന്റെ മടക്കം. ഒരു ചിരിയിലൂടെ, ഡയലോഗിലൂടെ നമ്മുടെ മനസിന്റെ ഏതു പിരിമുറുക്കത്തെയും മാറ്റിമറിക്കാനാവുന്ന മാന്ത്രികത അദ്ദേഹത്തിനുണ്ടായിരുന്നു.

മിമിക്രി ഒരു തരംഗമായി വളർന്ന തൊണ്ണൂറുകളുടെ തുടക്കത്തിലാണ് സലിംകുമാർ എന്ന നോർത്ത് പറവൂരുകാരൻ കലാരംഗത്തേക്കു ചുവടുവെക്കുന്നത്. എറണാകുളം മഹാരാജാസ് കോളജിലെ ബിരുദ പഠനകാലത്ത് മിമിക്രിയിൽ തിളങ്ങി.

എംജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ മൂന്നുതവണ വിജയിയായി. തുടർന്ന് കൊച്ചിൻ കലാഭവനിൽ ചേർന്നു. വളരെ വേഗം അവിടുത്തെ പോപ്പുലർ ആർട്ടിസ്റ്റായി. നാലുവർഷത്തോളം കൊച്ചിയിലെ പ്രഫഷണൽ നാടക ഗ്രൂപ്പായ ആരതി തിയറ്റേഴ്സിൽ പ്രവർത്തിച്ചു.

സ്വകാര്യ ചാനലുകൾ രംഗത്തുവരുന്ന കാലഘട്ടമായിരുന്നു അത്. ഏഷ്യാനെറ്റും സൂര്യയും പോലുള്ള ചാനലുകളിൽ എണ്ണമറ്റ കോമഡി പരിപാടികൾ അവതരിപ്പിച്ച് സലിംകുമാർ താരമായി. ഇതാണ് സിനിമയിലേക്കും വഴിതുറന്നത്.

1996-ൽ എത്തിയ ഇഷ്ടമാണ് നൂറുവട്ടം എന്ന ചിത്രത്തിലെ ചെറിയ വേഷത്തിലൂടെയായിരുന്നു തുടക്കം. തുടർന്നും ചെറിയ വേഷങ്ങളിൽ ഒരുപിടി സിനിമകൾ. വിജിതമ്പി സംവിധാനം ചെയ്ത് രണ്ടായിരത്തിൽ റിലീസായ സത്യമേവ ജയതേയിലെ കള്ളന്റെ വേഷമാണ് ശ്രദ്ധിക്കപ്പെട്ട ആ വേഷം. ഈ ചിത്രത്തിലെ പ്രകടനമാണ് മെഗാഹിറ്റായ തെങ്കാശിപ്പട്ടണത്തിലേക്കു വഴിതെളിച്ചത്.



സത്യമേവ ജയതേയിലെ സലിംകുമാറിന്റെ പ്രകടനം കണ്ട റാഫി-മെക്കാർട്ടിൻ തെങ്കാശിപ്പട്ടണത്തിലേക്കു വിളിക്കുകയായിരുന്നു. അത് എല്ലാ അർത്ഥത്തിലും വഴിത്തിരിവായി. തെങ്കാശിപ്പട്ടണം തുറന്നുവിട്ട സലിംകുമാർ ചിരിയുടെ ഓളം മലയാളസിനിമയിൽ ഏറെക്കാലം അലയടിച്ചു.

ദിലീപ്-സലിംകുമാർ-ഹരിശ്രീ അശോകൻ ടീമിന്റെ കോമഡി സിനിമകൾ ഒന്നിനുപിറകെ ഒന്നായി മലയാളത്തിൽ ഹിറ്റുകളായി. അതെല്ലാം തിയറ്ററുകളിൽ വലിയ പൊട്ടിച്ചിരിയുണ്ടാക്കി. കോമഡിയുടെ ടീം പെർഫോമൻസിന് സലിംകുമാർ വലിയ പങ്കു വഹിച്ചു. സ്വന്തമായി തിളങ്ങുമ്പോൾ തന്നെ ഇതര കോമഡി താരങ്ങളുമായി ചേർന്ന് ചിരിയുടെ വലിയലോകം സൃഷ്ടിക്കാൻ അദ്ദേഹത്തിനായി. മീശമാധവനിലെ അഡ്വ. മുകുന്ദനുണ്ണി, പുലിവാൽ കല്യാണത്തിലെ മണവാളൻ, കല്യാണരാമനിലെ പ്യാരി, ചതിക്കാത്ത ചന്തുവിലെ ഡാൻസ്മാസ്റ്റർ വിക്രം, തിളക്കത്തിലെ ഓമനക്കുട്ടൻ, മായാവിയിലെ ആശാൻ തുടങ്ങിയ കഥാപാത്രങ്ങൾ സൃഷ്ടിച്ച തരംഗം ചെറുതല്ലായിരുന്നു.

കോമഡിയിൽ തിളങ്ങിയ പല താരങ്ങളും സീരിയസ് കഥാപാത്രങ്ങളിലൂടെ അതിശയിപ്പിച്ചിട്ടുണ്ട്. സലിംകുമാറും വ്യത്യസ്തനായിരുന്നില്ല. അഭിനയജീവിതത്തിലെ ട്രാക്ക് മാറ്റം അദ്ദേഹത്തിന് ഏറെ അംഗീകാരങ്ങൾ നേടിക്കൊടുത്തു. 2004-ൽ കമലിന്റെ പെരുമഴക്കാലത്തിലൂടെയായിരുന്നു ഈ മാറ്റത്തിനു തുടക്കം. ലാൽ ജോസ് സംവിധാനം ചെയ്ത അച്ഛനുറങ്ങാത്ത വീട് മറ്റൊരു തലത്തിലേക്ക് ഈ നടനെ കൊണ്ടുപോയി.

ഒരു തമാശപോലും പറയാത്ത കഥാപാത്രം. ചിത്രത്തിലെ സാമുവൽ എന്ന കഥാപാത്രത്തിന്റെ ഹൃദയവ്യഥകൾ പ്രേക്ഷകഹൃദയങ്ങളിലും മുറിപ്പാട് സൃഷ്ടിച്ചു. മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന അവാർഡ് ഈ കഥാപാത്രം നേടിക്കൊടുത്തു. 2010-ൽ വന്ന ആദാമിന്റെ മകൻ അബുവിലൂടെ വീണ്ടും വിസ്മയം തീർക്കാൻ അദ്ദേഹത്തിനായി. മികച്ചനടനുള്ള ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ ഈ സിനിമ നേടിക്കൊടുത്തു. മേരിക്കുണ്ടൊരു കുഞ്ഞാടിലെ ലോനപ്പൻ പ്രേക്ഷകരെ ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്ത കഥാപാത്രമായി. തമിഴിൽ ധനുഷിനൊപ്പം മാരിയാനിലും തിളങ്ങി.

രണ്ടു ചിത്രങ്ങളാണ് സലിംകുമാർ സംവിധാനം ചെയ്തിട്ടുള്ളത്. പ്രമേയത്തിലും അവതരണത്തിലും ഏറെ വ്യത്യസ്തത പുലർത്തിയവയാണ് ഈ രണ്ടു സിനിമകളും. 2017-ൽ എത്തിയ ആദ്യ സംവിധാന സംരംഭം കറുത്ത ജൂതൻ നിരൂപകപ്രശംസ പിടിച്ചുപറ്റിയ ചിത്രമായിരുന്നു. വർഷങ്ങൾക്കു മുമ്പ് കേരളത്തിലേക്കു കുടിയേറിപ്പാർത്ത ഒരു വിഭാഗം ജൂതന്മാരുടെ കഥയാണ് ചിത്രം പറഞ്ഞത്. മികച്ച കഥയ്ക്കുള്ള സംസ്ഥാന പുരസ്കാരത്തിനും ചിത്രം അർഹമായി. ജയറാമിനെ നായകനാക്കി ഒരുക്കിയ ദൈവമേ കൈ തൊഴാം കെ കുമാറാകണം ആയിരുന്നു മറ്റൊരു സിനിമ. കോമഡിയും ഫാന്റസിയുമെല്ലാം കലർന്ന ഈ ചിത്രവും വലിയ വാണിജ്യ വിജയം നേടിയില്ലെങ്കിലും ഒരു സംവിധായകന്റെ കൈയൊപ്പു ചാർത്തുന്നതായിരുന്നു.

സോഷ്യൽ മീഡിയയിൽ ട്രോളുകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയ കാലം. ഏത് ആശയവും തമാശയിലൂടെ പ്രതിഫലിപ്പിക്കാൻ പറ്റിയ മുഖമായി സലിംകുമാർ കഥാപാത്രങ്ങളെ പലരും കാണാൻ തുടങ്ങി. അങ്ങനെ ട്രോളന്മാരുടെ പ്രിയ താരമായി മാറി.

സലിം കുമാറിനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ അഭിനയത്തിന്റെ വ്യാപ്തിയാണ്. ഹാസ്യത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങാതെ ഗൗരവമേറിയ കഥാപാത്രങ്ങളെയും അതുല്യമായ തന്മയത്വത്തോടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ചിരിയിലൂടെ ജീവിതത്തെ കാണാൻ പഠിപ്പിക്കുകയും അഭിനയത്തിലൂടെ മനുഷ്യന്റെ വികാരലോകത്തെ സ്പർശിക്കുകയും ചെയ്ത കലാകാരനായിരുന്നു സലിംകുമാർ. മലയാളിയുടെ മനസിൽ സലിംകുമാർ എന്ന പേര് ചിരിയുടെയും അഭിനയപ്രതിഭയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമായി എന്നും നിലനിൽക്കും.

# വിമാനക്കമ്പനികൾക്ക് ആശ്വാസമായി 10,000 കോടിയുടെ വിലസ്ഥിരതാനിധി

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ സംഘർഷം കാരണം ഇന്ധനവില കുത്തനെ ഉയരുന്ന സാഹചര്യത്തിൽ വിമാനക്കമ്പനികൾക്ക് ആശ്വാസം നൽകാൻ 10,000 കോടി രൂപയുടെ വിലസ്ഥിരതാനിധി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ.

ടിക്കറ്റ് നിരക്കിലെ വൻവർധന തടയാനും ഇന്ത്യയിലെ വ്യോമഗതാഗതം സംരക്ഷിക്കാനും ലക്ഷ്യമിട്ടാണിതെന്ന് മന്ത്രി അശിനി വൈഷ്ണവ് പറഞ്ഞു. പാകിസ്താന്റെ വ്യോമപാത അടച്ചതിനാൽ വിമാനങ്ങൾ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാലുണ്ടാകുന്ന ഇന്ധനനഷ്ടവും മുന്നിൽക്കണ്ടാണ് നടപടിയെന്നും അദ്ദേഹം വിശദീകരിച്ചു.

പദ്ധതിപ്രകാരം പൊതുമേഖല എണ്ണക്കമ്പനികൾക്ക് പലിശരഹിത സഹായമായി 10,000 കോടിവരെ രൂപ നൽകാൻ കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചു. ആഭ്യന്തര-അന്താരാഷ്ട്ര സർവീസുകൾ നടത്തുന്ന ഇന്ത്യൻ വിമാനക്കമ്പനികൾക്ക് നിശ്ചിതവിലയിൽ വിമാന ഇന്ധനം ലഭ്യമാക്കാനാണിത്.

പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയമാണ് എണ്ണക്കമ്പനികൾക്ക് പലിശരഹിത മുൻകൂർ സഹായധനം നൽകുക. നിശ്ചയിച്ച വിലയെക്കാൾ ഇറക്കുമതിവില ഉയരുമ്പോൾ എണ്ണവിപണന സ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ഈ നിധിയിൽനിന്നു നികത്തും. പിന്നീട് അന്താരാഷ്ട്ര വില താഴുമ്പോൾ അതിനനുസരിച്ചുള്ള തുക തിരിച്ചുപിടിക്കും.

നൽകിയ മുഴുവൻ സഹായവും തിരിച്ചുകിട്ടുന്നതുവരെ ഈ ക്രമീകരണം തുടരുമെന്ന് സർക്കാർ അറിയിച്ചു. 36 മാസത്തേക്കാണ് പദ്ധതി. ഓരോ വർഷവും അവലോകനം നടത്തും. അല്ലെങ്കിൽ മുഴുവൻ മുൻകൂർ സഹായവും തിരിച്ചുകിട്ടുന്ന മുറയ്ക്ക് പദ്ധതി അവസാനിപ്പിക്കും.

## ലീലാമ്മ കുര്യാക്കോസ് കുന്നേൽ അന്തരിച്ചു



ഇരവിമംഗലം: കുന്നേൽ കുര്യാക്കോസിന്റെ ഭാര്യ ലീലാമ്മ (79) അന്തരിച്ചു. പരേത പുന്നത്തുറ കടവിൽ കുടുംബാംഗമാണ്. മക്കൾ: ബൈജു കുന്നേൽ (ചിക്കാഗോ), പരേതനായ ബിജു കുന്നേൽ, ബിന്ദു കുഴിപ്ലാക്കിൽ (ഉഴവൂർ), ബീന പുതിയകുന്നേൽ (ഡൽഹി), ബെന്നി കുന്നേൽ (ഫ്ളോറിഡ). മരുമക്കൾ: സുമ കണ്ണച്ചാംപറമ്പിൽ, അനു ചേലുപ്പള്ളിൽ, സ്റ്റീഫൻ കുഴിപ്ലാക്കിൽ, സിബി പുതിയകുന്നേൽ, നീന കുട്ടത്തുപറമ്പിൽ.

സഹോദരങ്ങൾ: പെണ്ണമ്മ മുടക്കാലിൽ, സിസ്റ്റർ ജോയ്സ് (ഹോളിക്രോസ് കോൺവന്റ്, കൊട്ടിയം, കൊല്ലം), സണ്ണി കടവിൽ, മോളി മണ്ണാത്തുമാക്കിൽ, പരേതരായ ജോൺ കടവിൽ, അന്നമ്മ മാത്യു ഇലക്കാട്ട്, തോമസ് കടവിൽ.

## തങ്കമ്മ ജോർജ് അന്തരിച്ചു



ഡാളസ്/കിടങ്ങന്നൂർ: ഡാളസ് കാർമേൽ പെന്തെക്കോസ്ത് ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ മാത്യൂസ് ജോർജിന്റെ (മോഹൻ മായാലിൽ) മാതാവ് കിടങ്ങന്നൂർ ആറന്മുള മായാലിൽ തുണ്ടിക്കാട്ടിൽ റിട്ട. അധ്യാപിക തങ്കമ്മ ജോർജ് (92) അന്തരിച്ചു. പരേത കുഴിക്കാല പുളിന്തിട്ട ചിറയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം. ജോർജ് മായാലിൽ.

മക്കൾ: മാത്യൂസ് ജോർജ്, രാജൻ ജോർജ്. മരുമക്കൾ: റാണി മാത്യൂസ് മായാലിൽ (ഓമല്ലൂർ കുമ്പാഞ്ഞിയിൽ യുഎസ്). കൊച്ചുമക്കൾ: ജെസ്റ്റിൻ മാത്യൂസ് മായാലിൽ, ജെസലിൻ മായാലിൽ മാത്യു. കൊച്ചുമരുമക്കൾ: ക്രിസ്റ്റിൻ ജോൺ മായാലിൽ, പാസ്റ്റർ ഷിബിൻ മാത്യു (എല്ലാവരും യുഎസ്). സംസ്കാരശുശ്രൂഷ ജൂൺ 9-ന് ചൊവ്വാഴ്ച രാവിലെ 8.30-ന് ഭവനത്തിൽ ആരംഭിച്ച് 12 മണിക്ക് എരുമക്കാട് ഐപിസി സഭാ സെമിത്തേരിയിൽ നടത്തുന്നതാണ്. വിവരങ്ങൾക്ക്: പാസ്റ്റർ മാത്യൂസ് ജോർജ് (മോഹൻ മായാലിൽ) 469 460 0466 (ഡാളസ്).

# ന്യൂനപക്ഷങ്ങൾ സുരക്ഷിതരെന്ന് മന്ത്രി കിരൺ റിജിജു

ന്യൂഡൽഹി: രാജ്യത്തെ ന്യൂനപക്ഷങ്ങൾ തികഞ്ഞ സ്വാതന്ത്ര്യം ആസ്വദിക്കുന്നുണ്ടെന്നും സ്വന്തം വിശ്വാസവും ജീവിതരീതിയും യാതൊരു തടസ്സവുമില്ലാതെ പിന്തുടരാൻ സാധിക്കുന്നുണ്ടെന്നും കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു.

ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെടുന്നുണ്ടെന്ന തരത്തിൽ വിദേശരാജ്യങ്ങളിൽ ബോധപൂർവം വ്യാജപ്രചാരണങ്ങൾ നടത്തുന്നതായും മതത്തിന്റെ പേരിൽ ആർക്കും രാജ്യം വിടേണ്ട അവസ്ഥ വന്നിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

നരേന്ദ്രമോദി സർക്കാരിന്റെ പത്ത് വർഷത്തെ ഭരണനേട്ടങ്ങൾ വിശദീകരിക്കുവാൻ മന്ത്രാലയം സംഘടിപ്പിച്ച 'റിഫോംസ് ഉത്സവ്' പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ നയങ്ങളെ വിമർശിക്കാമെങ്കിലും വ്യാജപ്രചാരണങ്ങൾ നടത്തരുതെന്ന് റിജിജു കൂട്ടിച്ചേർത്തു.

കേരളത്തിലെ മുനമ്പം ഭൂമി തർക്കവിഷയം നിലവിൽ നിയമമന്ത്രാലയത്തിന്റെ പരിഗണനയിലാണെന്നും ഭരണപരമായ വീഴ്ചകൾ കാരണം ഒരു പൗരനും ബുദ്ധിമുട്ടാൻ ഇടവരില്ലെന്നും അദ്ദേഹം വ്യക്തമാക്കി. തർക്ക ഭൂമി വഖഫ് സ്വത്തായി ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ടായിരുന്നു മന്ത്രിയുടെ പ്രതികരണം.

നിലവിൽ വഖഫ് സ്വത്തുക്കളുടെ ഡിജിറ്റൽ രജിസ്ട്രേഷനും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ് വിതരണവും ഇപ്പോൾ വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്.

രാജ്യത്തെ ഒമ്പത് ലക്ഷത്തോളം വഖഫ് സ്വത്തുക്കളുടെ വിവരങ്ങൾ തത്സമയം രേഖപ്പെടുത്താൻ 2025 ജൂൺ ആറിന് ആരംഭിച്ച ഉമീദ് പോർട്ടലിൽ 45 ശതമാനത്തോളം സ്വത്തുക്കളുടെ വിവരങ്ങൾ ഇനിയും അപ്‌ലോഡ് ചെയ്യാനുണ്ട്.

സംസ്ഥാന വഖഫ് ബോർഡുകളുടെ അപാകതകളും രേഖകളിലെ പിഴവുകളും കാരണം പലയിടങ്ങളിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായും കേന്ദ്ര മന്ത്രി ചൂണ്ടിക്കാട്ടി.

# ആൻഡമാനിലെ പദ്ധതി പുതുക്കി അവതരിപ്പിക്കുന്നു

കൊല്ലം: കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ ഖനനപദ്ധതിക്കു വീണ്ടും ജീവൻവെക്കുന്നു. ആൻഡമാൻ-നിക്കോബാർ, ഗുജറാത്തിലെ പോർബന്തർ, കേരളം എന്നിവിടങ്ങളിൽ ഖനനത്തിനു നേരത്തേ ക്ഷണിച്ച ടെൻഡർ ഖനിമന്ത്രാലയം റദ്ദാക്കിയിരുന്നു. ആൻഡമാനിലെ പദ്ധതി പുതുക്കി അവതരിപ്പിക്കാനാണ് ഇപ്പോഴത്തെ നീക്കം. ഇതിന്റെ ചുവടുപിടിച്ച് കേരളത്തിലും ഗുജറാത്തിലും പദ്ധതി വീണ്ടും വന്നേക്കാം.


ആൻഡമാൻ-നിക്കോബാർ കടലിൽ ആകെ 592.41 ചതുരശ്ര കിലോമീറ്റർ പ്രദേശത്തു നിക്കൽ, ധാതുമണൽ, ഇരുമ്പ്, മാംഗനീസ്, കൊബാൾട്ട് തുടങ്ങിയവ അടങ്ങിയ പോളി മെറ്റാലിക് നൊഡ്യൂൾ 500 മുതൽ 1500 മീറ്റർ വരെ ആഴത്തിൽനിന്നു ഖനനം ചെയ്യാൻ ലക്ഷ്യമിടുന്നതാണു പദ്ധതി. 84.63 ചതുരശ്ര കിലോമീറ്റർ വീതമുള്ള ഏഴ് ബ്ലോക്കുകളിലായിട്ടായിരുന്നു ഖനന പദ്ധതി വിഭാവനം ചെയ്തിരുന്നത്.

എന്നാൽ, ചെറിയ ബ്ലോക്കുകളിൽ ഖനനത്തിനു വൻ നിക്ഷേപം നടത്താൻ വൻകിട കമ്പനികൾ താൽപര്യം കാണിച്ചില്ല. ഈ ബ്ലോക്കുകളിൽ ആറ് മാസത്തെ ഖനനത്തിനുള്ള ധാതുനിക്ഷേപമേ ഉണ്ടാകൂവെന്നും ഇതു നഷ്ടത്തിനു വഴിവെച്ചേക്കാമെന്നുമായിരുന്നു കമ്പനികളുടെ ആശങ്ക. ടെൻഡർ സമർപ്പിച്ച ചില കമ്പനികൾക്കാകട്ടെ സാങ്കേതിക യോഗ്യത നേടാനുമായില്ല.

ഖനന മേഖലയുടെ വിസ്തൃതി വർധിപ്പിക്കണമെന്ന് ആവശ്യമുയർന്നതോടെ 592.41 ചതുരശ്ര കിലോമീറ്ററിന്റെ ഏഴ് ബ്ലോക്കുകൾക്കു പകരം 1000 ചതുരശ്ര കിലോമീറ്ററിന്റെ ഒറ്റ ബ്ലോക്ക് നിശ്ചയിക്കാനാണു നീക്കം. ഈ ബ്ലോക്ക് തിട്ടപ്പെടുത്തി ഖനി മന്ത്രാലയത്തിനു ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ശിപാർശ നൽകി. ഗ്രേറ്റ് നിക്കോബാർ പ്രോജക്ടുമായി ഇതിനെ ബന്ധിപ്പിക്കാനുമാകും.

ആൻഡമാനു പുറമേ, പോർബന്തറിലെ 203.09 ചതുരശ്ര കിലോമീറ്റർ കടലിൽനിന്നു ചുണ്ണാമ്പുകല്ല്, കേരളത്തിലെ 302.42 ചതുരശ്ര കിലോമീറ്റർ കടലിൽനിന്നു മണൽ എന്നിവ ഖനനം ചെയ്യാനാണ് 2024 നവംബറിൽ ടെൻഡർ വിളിച്ചത്. കേരളത്തിലേക്കും ഗുജറാത്തിലേക്കും ഒരു കമ്പനിപോലും ടെൻഡർ നൽകിയിരുന്നില്ല. ഇവിടെയും ഖനനമേഖലയുടെ വിസ്തൃതി കൂട്ടിയാൽ കമ്പനികൾ മുന്നോട്ടുവരുമെന്നാണു കണക്കുകൂട്ടൽ. കടൽമണൽ ഖനനപദ്ധതിക്കെതിരെ കേരളത്തിൽ ശക്തമായ പ്രതിഷേധം ഉയർന്നിരുന്നു.

## ഡോ. തോമസ് പി. മാത്യു അന്തരിച്ചു



ക്ലീവ്‌ലാൻഡ്: ഒഹായോ ക്ലീവ്‌ലാൻഡിലെ ഇന്ത്യൻ, മലയാളി സമൂഹത്തിലും ഓർത്തഡോക്സ് സഭാ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായിരുന്ന ഡോ. തോമസ് പി. മാത്യു (80) അന്തരിച്ചു. ക്ലീവ്‌ലാൻഡിലെ സെ. ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്ന അദ്ദേഹം വർഷങ്ങളോളം വിവിധ നേതൃസ്ഥാനങ്ങളിൽ സഭയെ സേവിച്ചു. ഭാര്യ: ഡോ. റെയ്ച്ചൽ മാത്യു. മക്കൾ: റോഷൻ മാത്യു, ആഷ്‌ലി മാത്യു. മരുമക്കൾ: സ്നേഹ, നോഹ സെപേല.

തിരുവല്ല മേൽപ്പാടം ആകേരിൽ പുത്തൻപറമ്പിൽ കുടുംബാംഗമായ പരേതൻആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിൽ നിന്ന് ഫിലോസഫി, സൈക്കോളി വിഷയങ്ങളിൽ ബിഎയും ആഗ്രയിലെ സെ. ജോൺസ് കോളജിൽനിന്ന് സൈക്കോളജിയിൽ എംഎയും കരസ്ഥമാക്കി. പിന്നീട് അമേരിക്കയിലേക്ക് കുടിയേറിയ ഇദ്ദേഹം ഒഹായോയിലെ ബൈബിൾ കോളജിൽനിന്ന് സേക്രഡ് ലിറ്ററേച്ചറിൽ ബിരുദവും ഒഹായോ യൂണിവേഴ്സിറ്റിയിൽ നിന്ന് കമ്യൂണിറ്റി കൗൺസിലിംഗിൽ മാസ്റ്റർ ബിരുദവും നേടി. അൻപത്തിയൊൻപതാം വയസ്സിൽ ആഷ്‌ലാൻഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഡോക്ടറേറ്റ് ഇൻ മിനിസ്ട്രി ബിരുദവും കരസ്ഥമാക്കി. അഞ്ച് പതിറ്റാണ്ടിലേറെയായി ക്ലീവ്‌ലാൻഡിൽ താമസിച്ചിരുന്ന അദ്ദേഹം കുയഹോഗ കൗണ്ടി ജുവനൈൽ കോടതിയിൽ പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ, ഡിറ്റൻഷൻ ഓഫീസർ, പ്രൊബേഷൻ കൗൺസിലർ, അസസ്മെന്റ് മാനേജർ, പ്രൊബേഷൻ മാനേജർ തുടങ്ങിയ നിലകളിൽ മൂന്നു പതിറ്റാണ്ടിലേറെ സേവനമനുഷ്ഠിച്ച ശേഷം 2010-ൽ വിരമിച്ചു.

വാർത്ത: ഉമ്മൻ കാപ്പിൽ

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.34 |
| യൂറോ | 109.96 |
| സ്റ്റെർലിംഗ്പൗണ്ട് | 127.20 |
| സ്വിസ് ഫ്രാങ്ക് | 119.67 |
| സിംഗപ്പൂർ ഡോളർ | 73.91 |
| കനേഡിയൻ ഡോളർ | 68.40 |
| ഒമാൻ റിയാൽ | 247.98 |
| ബഹ്റൈൻ ദിനാർ | 252.91 |
| സൗദി റിയാൽ | 25.38 |
| യു.എ.ഇ. ദിർഹം | 25.95 |
| കുവൈത്ത് ദിനാർ | 308.43 |

## 'മിഷൻ സമുദ്ര' സ്വപ്ന പദ്ധതി നടപ്പാക്കാൻ നിർദേശം

തിരുവനന്തപുരം: കേരളത്തിലെ തീരദേശത്തെയും നദികളെയും കായലുകളെയും രാജ്യാന്തര വിമാനത്താവളങ്ങളെയും ബന്ധിപ്പിക്കുന്ന 'മിഷൻ സമുദ്ര' കേരള സർക്കാരിന്റെ അഞ്ച് സ്വപ്ന പദ്ധതികളിലൊന്നായി നടപ്പാക്കാൻ തീരദേശ-ഉൾനാടൻ ജലഗതാഗത വകുപ്പിനു നിർദേശം ലഭിച്ചു. ഗതാഗത, വ്യോമയാന ജലവിഭവ വകുപ്പുകൾക്കും ചുമതലയുണ്ട്.

യുഡിഎഫ് പ്രകടനപത്രികയിലുണ്ടായിരുന്ന ഇന്ദിരാ ഗാരന്റികൾക്കു പുറമേയാണ് അഞ്ച് സ്വപ്ന പദ്ധതികൾകൂടി 'വിഷൻ 2031' രേഖയിൽ ഉൾപ്പെടുത്തിയത്. ഇവയുൾപ്പെടെ 1291 പദ്ധതികൾ അഞ്ച് വർഷത്തിനുള്ളിൽ നടപ്പാക്കാൻ ലക്ഷ്യമിട്ട് വിവിധ വകുപ്പുകൾക്കു കൈമാറി.

സമഗ്ര വ്യോമയാന വികസനം, ജോബ് വാച്ച്ടവർ, വയനാട് ഗോത്ര സർവകലാശാല, എംഎസ്എംഇ സംരംഭങ്ങൾക്കുള്ള സമഗ്ര സഹായ സംവിധാനം എന്നിവയാണ് മറ്റ് സ്വപ്ന പദ്ധതികൾ.




# 'ലിവിങ് ടുഗദറിലെ' കുട്ടികൾക്ക് പിതാവിന്റെ പേര് ചേർക്കാം

കൊച്ചി: വിവാഹത്തിനു മുൻപ് ഒരുമിച്ചു ജീവിച്ച കാലത്ത് പങ്കാളിയുടെ ബീജം ഉപയോഗിച്ച് ഐവിഎഫ് ചികിത്സയിലൂടെ ജന്മം നല്കിയ പെൺകുട്ടിക്ക് പിതാവിന്റെ പേരു ചേർത്ത് പുതിയ ജനന സർട്ടിഫിക്കറ്റ് അനുവദിക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. കുട്ടിയുടെ മാതാപിതാക്കൾ നല്കിയ ഹർജി അനുവദിച്ചാണ് ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണന്റെ ഇടപെടൽ.

മാതാപിതാക്കൾ ഒന്നിച്ചുനിന്ന് കുട്ടിയുടെ പിതൃത്വം വിളിച്ചു പറയാൻ തയ്യാറാകുമ്പോൾ നിയമം അത് അനുവദിക്കാത്തത് ദൗർഭാഗ്യകരമാണെന്നും ഇത്തരം സാഹചര്യങ്ങളിൽ ഭരണഘടനാ കോടതികൾക്ക് ഇടപെടാൻ സാധ്യമാണെന്നും കോടതി വ്യക്തമാക്കി.

ദുബായിൽ ജോലി ചെയ്യുമ്പോൾ അടുപ്പത്തിലായ ഹർജിക്കാർ ഒരുമിച്ചു ജീവിക്കാൻ തീരുമാനിച്ചെങ്കിലും വിവാഹത്തിനു വീട്ടുകാർ സമ്മതിച്ചിരുന്നില്ല. 2012-ൽ യുവാവിന്റെ ബീജത്തിൽ നിന്നു യുവതി കൃത്രിമ ഗർഭധാരണത്തിനു വിധേയയായി. കുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ അച്ഛന്റെ പേരില്ലാതെ 'സിംഗിൾ മദർ' എന്നു രേഖപ്പെടുത്തുകയും ചെയ്തു.

പിന്നീട് വിവാഹിതരായ ഇവർക്കു ജനിച്ച രണ്ടാമത്തെ കുട്ടിയുടെ സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേരുണ്ട്. തുടർന്ന് ആദ്യകുട്ടിയുടെ സർട്ടിഫിക്കറ്റ് തിരുത്താൻ അപേക്ഷ നല്കിയെങ്കിലും ഇതിനു വ്യവസ്ഥയില്ലെന്നു ചൂണ്ടിക്കാട്ടി പഞ്ചായത്തിലെ ജനനസർട്ടിഫിക്കറ്റ് രജിസ്ട്രാർ അപേക്ഷ നിരസിച്ചതിനെ തുടർന്നാണ് ഹർജി. 30 ദിവസത്തിനകം പുതിയ സർട്ടിഫിക്കറ്റ് നല്കാൻ അധികൃതർക്കു നിർദ്ദേശം നല്കി.

# ഇന്ത്യൻ പൗരന്മാരോട് ഇറാൻ വിടാൻ നിർദ്ദേശം

ന്യൂഡൽഹി: ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ ഉടൻ രാജ്യം വിടാൻ നിർദ്ദേശം. ഇറാനും ഇസ്രയേലും ആക്രമണം കടുപ്പിച്ചതിനു പിന്നാലെയാണ് പൗരന്മാർക്ക് ഇന്ത്യ അടിയന്തര മുന്നറിയിപ്പ് നല്കിയത്. ഇന്ത്യൻ പൗരന്മാർ ഇറാനിലേക്ക് യാത്ര ചെയ്യരുതെന്നും നിർദേശമുണ്ട്.

മേഖലയിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ ഇറാനിലേക്കുള്ള യാത്രകൾ ഒഴിവാക്കാൻ എല്ലാ ഇന്ത്യൻ പൗരന്മാർക്കും നേരത്തെ നല്കിയ ഉപദേശം ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. നിലവിൽ ഇറാനിലുള്ള ഇന്ത്യൻ പൗരന്മാരോട് ലഭ്യമായ ഗതാഗതമാർഗ്ഗങ്ങൾ ഉപയോഗിച്ച് രാജ്യം വിട്ടുപോകാനും നിർദ്ദേശിച്ചിട്ടുണ്ടെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി പ്രസ്താവനയിൽ പറഞ്ഞു.

ഇറാനു നേരെ ഇസ്രയേൽ ശക്തമായ വ്യോമാക്രമണം നടത്തി. ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിനു തിരിച്ചടിയായാണ് മൂന്നിടങ്ങളിൽ ഇസ്രയേൽ സൈന്യം ശക്തമായ വ്യോമാക്രമണം നടത്തിയത്. പടിഞ്ഞാറൻ, മധ്യ ഇറാനിലെ സൈനിക കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമാക്കിയായിരുന്നു ആക്രമണം. ഇതോടെ പശ്ചിമേഷ്യയിൽ സംഘർഷം അതീവ ഗുരുതരമായ അവസ്ഥയിലേക്ക് മാറുകയാണ്. സംഘർഷം നൂറുദിവസം പിന്നിട്ടിരിക്കെയാണ് പുതിയ സംഭവവികാസങ്ങൾ. വ്യോമാക്രമണങ്ങൾ തുടർന്നാൽ യുദ്ധം വീണ്ടും രൂക്ഷമാകുന്നതിലേക്ക് നയിക്കും. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യ തങ്ങളുടെ പൗരന്മാർക്ക് അടിയന്തര നിർദ്ദേശവുമായി രംഗത്തെത്തിയത്.

# ബി. അശോകും എൻ. പ്രശാന്തും തിരികെ സർവീസിൽ കയറി

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിനും ചീഫ് സെക്രട്ടറിക്കുമെതിരെ തുറന്ന പോരിനിറങ്ങിയതിനെത്തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഐഎഎസ് ഉദ്യോഗസ്ഥരായ ഡോ. കെ.ബി. അശോകും എൻ. പ്രശാന്തും തിരികെ സർവീസിൽ കയറി. ഇവരെ സർവീസിൽ തിരിച്ചെടുക്കാനുള്ള ഉത്തരവിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഒപ്പുവെച്ചു.

ഐഎഎസ് ഉദ്യോഗസ്ഥരുടെ വകുപ്പുകൾമാറ്റി പുതിയ സർക്കാർ നടത്തുന്ന അഴിച്ചുപണി ഉടനുണ്ടാകും. ഇതിനൊപ്പമായിരിക്കും അശോകിനും പ്രശാന്തിനും വകുപ്പുകൾ നല്കുക. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിനെ സാമൂഹിക മാധ്യമങ്ങളിൽ വിമർശിച്ചതിന്റെപേരിൽ ഒന്നര വർഷത്തിലധികമായി സസ്പെൻഷനിലാണ് പ്രശാന്ത്. ജയതിലക് ഈ മാസം 30-ന് വിരമിക്കാനിരിക്കെയാണ് പ്രശാന്ത് തിരികെസർവീസിലെത്തുന്നത്. പിണറായി വിജയനെയും എൽഡിഎഫ് സർക്കാരിന്റെ പ്രവർത്തനങ്ങളെയും വിമർശിച്ച് അഭിമുഖം നല്കിയതിനു പിന്നാലെ കഴിഞ്ഞ ഏപ്രിലിലാണ് അശോകിനെ സസ്പെൻഡ് ചെയ്തത്.

അനുവാദമില്ലാതെ മാധ്യമങ്ങളോട് സംസാരിച്ചു, സർക്കാരിന്റെ പ്രതിച്ഛായ മോശമാക്കി തുടങ്ങിയ കുറ്റങ്ങളാണ് അദ്ദേഹത്തിനുമേൽ ചുമത്തിയത്. കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന അശോകിനെ ഒതുക്കാൻ കഴിഞ്ഞ വർഷമാദ്യം മുതൽ അദ്ദേഹത്തെ പലതവണ സ്ഥലം മാറ്റിയിരുന്നു, നടപടിക്രമങ്ങൾ പാലിക്കാതെയുള്ള സ്ഥലംമാറ്റങ്ങൾ ചോദ്യം ചെയ്ത് കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ അശോക് അവയിലെല്ലാം അനുകൂല വിധി നേടിയിരുന്നു.

# തൊഴിൽ, സാമൂഹിക സുരക്ഷ, ആരോഗ്യ മേഖലകൾക്ക് ബജറ്റിൽ മുൻതൂക്കം

തിരുവനന്തപുരം: ഈ മാസം 19-ന് അവതരിപ്പിക്കുന്ന വി.ഡി. സതീശൻ സർക്കാരിന്റെ ആദ്യ ബജറ്റിൽ കാലത്തിന് അനുയോജ്യമായ അന്താരാഷ്ട്ര തൊഴിൽ മേഖല കണ്ടെത്തുന്ന ജോബ് വാച്ച് ടവർ പ്രഖ്യാപനമുണ്ടാകുമെന്നു സൂചന.

ലോക രാജ്യങ്ങളിലെ തൊഴിലുകളിൽ കാലത്തിന് അനുസരിച്ചുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലും പരിശീലനങ്ങളിലും മാറ്റം കൊണ്ടുവരാനായി രൂപവത്കരിക്കുന്ന രാജ്യാന്തര വിദഗ്ധരടങ്ങിയ സമിതിയാണ് ജോബ് വാച്ച് ടവർ. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലും ജോബ് വാച്ച് ടവർ നിർദേശമനുസരിച്ച് മാറ്റങ്ങൾ കൊണ്ടുവരും. ലോകത്തിലാകെയുണ്ടാകുന്ന തൊഴിൽ മാറ്റങ്ങൾക്കനുസരിച്ചുള്ള സാങ്കേതിക-ഉന്നത വിദ്യാഭ്യാസ സിലബസിൽ മാറ്റം നിർദേശിക്കാനും വിദഗ്ധരടങ്ങിയ ജോബ് വാച്ച് ടവറിനാകും.

ധനകാര്യംകൂടി കൈകാര്യംചെയ്യുന്ന വി.ഡി. സതീശന്റെ കന്നി ബജറ്റിൽ ഇത്തരം പ്രഖ്യാപനങ്ങളുണ്ടാകുമെന്നാണു സൂചന. ലോകത്തിലെ മിടുക്കരായ വിദ്യാർത്ഥികൾക്കൊപ്പം കേരള യുവതയെയും വാർത്തെടുക്കുകയും മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസരിച്ച് യുവാക്കൾക്കു പരിശീലനം കൊടുത്തു സജ്ജരാക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. തൊഴിൽ, ഉന്നത വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, പൊതുജനാരോഗ്യ മേഖലകൾക്കു മുൻതൂക്കം നൽകിയുള്ള പ്രഖ്യാപനങ്ങളാകും ബജറ്റിലുണ്ടാകുക. വരുമാനം വർധിപ്പിക്കാനായി നികുതി ചോർച്ച തടയാനുള്ള പ്രഖ്യാപനങ്ങളാകും പ്രധാനമായും ബജറ്റിലുണ്ടാകുക. ഓരോ വകുപ്പിനോടും നടപ്പാക്കേണ്ട പ്രധാന നിർദേശങ്ങൾ ബജറ്റിലുൾപ്പെടുത്തുന്നതിനായി നൽകാൻ നിർദേശിച്ചിരുന്നു. വരുന്ന ബുധനാഴ്ച ചേരുന്ന മന്ത്രിസഭായോഗത്തിലും ബജറ്റിലുൾപ്പെടുത്തേണ്ട സുപ്രധാന വുപ്പുതലത്തിലെ നിർദേശങ്ങൾ ചർച്ച ചെയ്യും.

സർക്കാരിന്റെ നയങ്ങളിലെ മാറ്റങ്ങളാകും പുതിയ ബജറ്റിൽ പ്രതിഫലിക്കുക. ഇപ്പോൾ നേരിടുന്ന സന്ദർഭത്തിരക്ക്, ബജറ്റ് തയാറാക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിനു മുഖ്യമന്ത്രിക്കു വിഘാതമാകുന്നുണ്ട്. അടുത്ത ഏതാനും ദിവസങ്ങളിൽ ബജറ്റ് തയാറാക്കാനായി തിരക്കൊഴിഞ്ഞ സ്ഥലങ്ങളിലേക്കു മാറാനും ആലോചനയുണ്ട്. ഓരോ ദിവസവും നിശ്ചിത സമയമാകും തിരക്ക് ഒഴിവാക്കി ബജറ്റ് തയാറാക്കുക.

# സുമതി ബാബു അന്തരിച്ചു




ടാമ്പ: മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ (എംഎസിഎഫ്) മുൻ പ്രസിഡണ്ട് ബാബു തോമസിന്റെ ഭാര്യ സുമതി ബാബു വാഹനാപകടത്തിൽ അന്തരിച്ചു. ഞായറാഴ്ച വൈകുന്നേരം ടാമ്പയിലായിരുന്നു അപകടം.

ടാമ്പയിലെ മലയാളി സമൂഹത്തിൽ ഏറെ പ്രിയങ്കരിയും സജീവസാന്നിദ്ധ്യവുമായിരുന്നു പരേതയായ സുമതി ബാബു. അന്മോൾ, അനൂപ് എന്നിവരാണ് മക്കൾ.

**വാർത്ത: സജി കരിമ്പന്നൂർ**


## Favors Received



*Inserted by:* Ajitha Kurien and family, Ellicott city, Md

## Favors Received




In trial or difficulty I have recourse to Mother Mary, whose glance alone is enough to dissipate every fear."

*Inserted by:* Ajitha Kurien and family, Ellicott city, Md


# നടൻ സലിംകുമാർ ഓർമ്മയായി

(3-ാം പേജിൽനിന്നും)

സിനിമാനടനാകണം എന്ന മോഹം സഫലമാക്കാൻ ഡിഗ്രിക്കു മഹാരാജാസ് കോളജിൽ ചേർന്നു. സ്കൂൾ കാലഘട്ടത്തിൽ മിമിക്രി അവതരിപ്പിച്ചു തുടങ്ങിയെങ്കിലും കോളജിൽ പഠിക്കുമ്പോഴാണ് മത്സരങ്ങളിൽ പങ്കെടുത്തത്.

മിമിക്രിയിൽ എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ മൂന്നുതവണ തുടർച്ചയായി ഒന്നാം സ്ഥാനം ലഭിച്ചു. കൊച്ചിൻ കലാഭവൻ, സാഗർ തുടങ്ങിയ ട്രൂപ്പുകളിലൂടെ വേദികളിലും സജീവമായി. 1996 സെപ്റ്റംബർ 14-നാണ് സുനിതയെ വിവാഹം ചെയ്തത്. ഇഷ്ടമാണ് നൂറുവട്ടം ആണ് ആദ്യ ചിത്രം. 2000-ൽ പുറത്തിറങ്ങിയ തെങ്കാശിപ്പട്ടണം എന്ന സൂപ്പർഹിറ്റ് ചിത്രം ജീവിതം മാറ്റി. ഹാസ്യതാരമായാണു തുടങ്ങിയതെങ്കിലും പിന്നീട് ആഴമുള്ള കഥാപാത്രങ്ങൾ ലഭിച്ചു. കല്യാണരാമൻ, സിഐഡി മൂസ, മായാവി, മീശ മാധവൻ, തിളക്കം, പുലിവാൽ കല്യാണം, ചതിക്കാത്ത ചന്തു, ചെസ് എന്നിവ ഉൾപ്പെടെ മുന്നൂറോളം ചിത്രങ്ങളിൽ അഭിനയിച്ചു. മൂന്നു തമിഴ് സിനിമകളിലും ഒരു ഒഡിയ സിനിമയിലും സലിംകുമാർ അഭിനയിച്ചു. കംപാർട്ട്മെന്റ്, കറുത്ത ജൂതൻ, ദൈവമേ കൈതൊഴാം കെ. കുമാറാകണം എന്നീ സിനിമകൾ സംവിധാനം ചെയ്തു.

ആദാമിന്റെ മകൻ അബു എന്ന ചിത്രത്തിലൂടെ 2010-ൽ മികച്ച നടനുള്ള ദേശീയ, സംസ്ഥാന പുരസ്കാരങ്ങൾക്ക് അർഹനായി. അച്ഛനുറങ്ങാത്ത വീട് എന്ന സിനിമയിലെ പ്രകടനത്തിന് 2005-ലെ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. അയാളും ഞാനും തമ്മിൽ എന്ന ചിത്രത്തിലൂടെ 2013-ൽ മികച്ച ഹാസ്യ നടനുള്ള സംസ്ഥാന പുരസ്കാരം നേടി. കറുത്ത ജൂതൻ എന്ന ചിത്രത്തിലൂടെ മികച്ച കഥാകൃത്തിനുള്ള 2016-ലെ സംസ്ഥാന പുരസ്കാരത്തിന് അർഹനായി. 2013-ൽ മികച്ച നടനുള്ള സംസ്ഥാന ടെലിവിഷൻ അവാർഡ് കരസ്ഥമാക്കി.

സലിംകുമാറിന്റെ കലാജീവിതത്തിലെ ഒട്ടേറെ മുഹൂർത്തങ്ങൾക്കു വേദിയായ പറവൂർ ടൗൺ ഹാളിൽ ജൂൺ ഏഴിന് ഞായറാഴ്ച 9.15-നു ഭൗതികശരീരം പൊതുദർശനത്തിനുവെച്ചു. ഉച്ചയ്ക്ക് രണ്ടരയോടെ ചിറ്റാറ്റുകര ആലുമ്മാവിലെ 'ലാഫിങ് വില്ല'യിലേക്കു ഭൗതിക ശരീരം എത്തിച്ചത് കോൺഗ്രസ്പതാക പുതപ്പിച്ചായിരുന്നു. തുടർന്ന് 3.30-ന് വീട്ടുവളപ്പിൽ സംസ്കാരം നടത്തി. മുഖ്യമന്ത്രി വി.ഡി. സതീശൻ, മന്ത്രി പി.സി. വിഷ്ണുനാഥ്, ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, എംപിമാരായ ഹൈബി ഈഡൻ, കെ.സി. വേണുഗോപാൽ, എംഎൽഎമാരായ അൻവർ സാദത്ത്, മുഹമ്മദ് ഷിയാസ് തുടങ്ങി ഒട്ടേറെ പ്രമുഖർ സംസ്കാരച്ചടങ്ങിൽ പങ്കെടുത്തു.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# നിര്യാതരായി

## ജോസ് എം. സ്റ്റീഫൻ

**എസ്.എച്ച്.മൗണ്ട്:** മുല്ലശേരിയിൽ ജോസ് എം. സ്റ്റീഫൻ (81) അന്തരിച്ചു. ഭാര്യ കുമരകം പുത്തൻകളം ബേബിക്കുട്ടി ജോസ്. മക്കൾ: റ്റോബി (യുഎസ്), ടീന (സെ. സ്റ്റീഫൻസ് കോളജ് ഉഴവൂർ), ടെറൻസ്. മരുമകൾ: എമി റ്റോബി (യുഎസ്).

**കോതമംഗലം:** കോതമംഗലം രൂപതാ വൈദികൻ ഫാ. ഡോ. ചെറിയാൻ വാരികാട്ട് (69) അന്തരിച്ചു. കോതമംഗലം വിജ്ഞാൻ ഭവൻ ഡയറക്ടർ, രൂപതാ ഫിനാൻസ് ഓഫീസർ, സെമിനാരി പ്രഫസർ, വൈസ് റെക്ടർ തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

**കൊച്ചി:** ഇന്ത്യൻ നേവി റിട്ട. ക്യാപ്റ്റൻ വടുതല പാടം റോഡ് ഡിഡി സിൽവർ സ്റ്റോണിൽ ബിജോയ് കുമാർ (70) അന്തരിച്ചു.

**തിരുവല്ല:** കുന്നൂർ മുണ്ടപ്പള്ളിൽ (ആശീർവാദ് ശാലോം) ഡോ. മേരി സാമുവേൽ (56) അന്തരിച്ചു.

## ആർ. വിജയമ്മ

**നാഗമ്പടം:** മൈത്രി നഗർ വലോമറ്റത്തിൽ കേരള കാർഷിക സർവകലാശാല റിട്ട. ഡെപ്യൂട്ടി കൺട്രോളർ (തൃശൂർ) ആർ. വിജയമ്മ (80) അന്തരിച്ചു. നട്ടാശേരി വെളുത്തേടത്തുപറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് വി.എസ്. തങ്കപ്പൻ (റിട്ട. ബിഎസ്എൻഎൽ). മക്കൾ: ബിനു (യുഎസ്), ജീന. മരുമകൻ: വിനയ് (യുഎസ്).

**കോട്ടയം:** ചക്കുപുരയ്ക്കൽ സി.എക്സ്. ജോസഫിന്റെയും പ്രീത ജോസഫിന്റെയും മകൾ ജിയന്ന മറിയം ജോസഫ് (23) അന്തരിച്ചു.

**കിളിയന്തറ:** തലശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസ് അംഗം സിസ്റ്റർ മേരി ഗ്ലോറിസ്റ്റ അറയ്ക്കൽ (80) അന്തരിച്ചു.

**മറ്റക്കര:** കുഴുപ്പള്ളിൽ സാവിത്രിയമ്മ (81) അന്തരിച്ചു.

**പറമ്പുകര:** മഠത്തിൽപറമ്പിൽ പി.എം. കുര്യാക്കോസ് (കുറിയാച്ചൻ-80) അന്തരിച്ചു.

**കുമ്പനാട്:** ബഹ്റൈൻ റിട്ട. അക്കൗണ്ടന്റ് ആറ്റുമാലിൽ കനാലിൽ തോമസ് ഏബ്രഹാം (കുഞ്ഞൂഞ്ഞച്ചൻ-71) അന്തരിച്ചു.

**ഉഴവൂർ:** ചീക്കപ്പാറയിൽ അന്നമ്മ മാത്യു (75) അന്തരിച്ചു.

**ആലപ്പുഴ:** ഡച്ച് സ്ക്വയർ പൂപ്പള്ളിൽ തങ്കമ്മ ജെയിംസ് (94) അന്തരിച്ചു.

**മാമ്മൂട്:** കൊല്ലപ്പള്ളി തെക്കേക്കുറ്റ് ത്രേസ്യാമ്മ തോമസ് (കുട്ടിയമ്മ-87) അന്തരിച്ചു.

**വാഴക്കുളം:** സിഎംഐ മൂവാറ്റുപുഴ പ്രവിശ്യാംഗം ബ്രദർ പീറ്റർ പൂത്തറ (93) അന്തരിച്ചു.

**ചെറിയനാട്:** തെങ്ങുംതറയിൽ അന്നമ്മ സാമുവേൽ (കുഞ്ഞുഞ്ഞമ്മ-81) അന്തരിച്ചു.

## കെ.എ. ഉതുപ്പ്

**പുതുപ്പള്ളി:** സി.എം.എസ് കോളജ് ഉദ്യോഗസ്ഥനായിരുന്ന അഞ്ചേരിയിലായ താഴത്തേതിൽ കൃപാ വില്ലയിൽ കെ.എ. ഉതുപ്പ് (അച്ചൻകുഞ്ഞ്-79) അന്തരിച്ചു. ഭാര്യ വാകത്താനം കൊച്ചുപ്ലാപ്പറമ്പിൽ മറിയാമ്മ. മക്കൾ: അനീഷ് (യുഎസ്), ആഷ, അജിൽ (ഇരുവരും കാനഡ). മരുമക്കൾ: റിൻസി (യുഎസ്), ജിജോ, ഡയാന (ഇരുവരും കാനഡ).

## മേരിക്കുട്ടി ഫിലിപ്പ്



**ഫിലാഡൽഫിയ:** കോട്ടയം ഈരയിൽ പരേതനായ എം.സി. ഏലിയാസിന്റെ (ഈരയിൽ അപ്പച്ചൻ) മകളും പെൻസിൽവേനിയ ഫിലാഡൽഫിയയിൽ താമസക്കാരിയുമായിരുന്ന മേരിക്കുട്ടി ഫിലിപ്പ് (ബേബിക്കുട്ടി-67) അന്തരിച്ചു. ഫിലാഡൽഫിയ ഫുൾ ഗോസ്പൽ സഭാംഗമാണ്. ഭർത്താവ് ക്രിസോസ്റ്റം ഫിലിപ്പ്. മക്കൾ: തബീഥ, ജെർമി.

**പാലാ:** സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷൻ ചെങ്ങളം ഭവനാംഗം സിസ്റ്റർ പുഷ്പ വാരണത്ത് (ത്രേസ്യാമ്മ-83) അന്തരിച്ചു.

**ആദിത്യപുരം:** പ്രശാന്തിയിൽ (കുളമ്പള്ളിൽ) പരേതനായ കെ.എൻ. കൃഷ്ണൻകുട്ടി നായരുടെ ഭാര്യ കെ.ആർ. രാധാമണിയമ്മ (90) അന്തരിച്ചു.

## സി.പി.യു. ഫാറൂഖ് ഷാഫി

**കാസർഗോഡ്:** കാസർഗോഡ് ജില്ലാ റിട്ട. ജഡ്ജി പുലിക്കുന്ന് ടൗൺഹാളിനു സമീപം സി.പി.യു. ഫാറൂഖ് ഷാഫി (ഉമ്മർ ഫാറൂഖ് ഷാഫി-89) അന്തരിച്ചു. ചെമ്മനാട് പുതിയപുരയിൽ കുടുംബാംഗമാണ്. ഭാര്യ സി.പി. ആയിഷ. മക്കൾ: മുഹമ്മദ് അർഷാദ് (ചാർട്ടേഡ് അക്കൗണ്ടന്റ്), ഫരീദലി (റിയാ ഫുഡ്സ്), സി.പി. ഷാബിനാസ് (അബുദാബി). മരുമക്കൾ: ഫൗസത്ത് അർഷാദ്, അഹമ്മദാലി ഷിയാഫ് റംലാൻ (യുഎസ്).

**കോട്ടയം:** ചവിട്ടുവരി പുത്തേട്ടുകളം ലിസി പി. ഷിജി (57) അന്തരിച്ചു.

**മാഞ്ഞൂർ സൗത്ത്:** കുഴിപ്പറമ്പിൽ കെ.വി. കുട്ടായി (85) അന്തരിച്ചു.

**വെളിയനാട്:** ചലച്ചിത്രതാരം പ്രമോദ് വെളിയനാടിന്റെ മാതാവ് കുറുവത്തടം വീട്ടിൽ വിജയമ്മ (65) അന്തരിച്ചു.

**പുതുപ്പള്ളി:** പുളിമൂട്ടിൽ സാറാ ചാക്കോ (86)അന്തരിച്ചു.

## ടി.പി. ഫിലിപ്പ്

**വൈറ്റില:** നിറ്റാ ജലാറ്റിൻ ഇന്ത്യ റിട്ട. ഡയറക്ടർ കുമരകം മനയത്ത് ടി.പി. ഫിലിപ്പ് (കൊച്ചുമോൻ-85) അന്തരിച്ചു. ഭാര്യ ചിറ്റേഴത്ത് സാറാമ്മ ഫിലിപ്പ്. മക്കൾ: നിരൻ ഫിലിപ്പ് (മസ്കറ്റ്), നീതു സൂസൻ ഫിലിപ്പ് (യുഎസ്), ഏബ്രഹാം ഫിലിപ്പ്. മരുമക്കൾ: രേഖ അന്ന അലക്സ് നെല്ലിമൂട്ടിൽ, കെ.എ. മാത്യു കുഴിത്താറ്റിൽ, ശ്വേത തോമസ് അറപുരയിൽ.

**വാകത്താനം:** ഞാലിയാകുഴി പാടത്തുമാപ്പിള കുടുംബാംഗമായ ചാക്കച്ചേരിൽ തങ്കമ്മ മാത്യു (73) അന്തരിച്ചു.

**ചങ്ങനാശേരി:** ബൈപാസ് റോഡ് കുട്ടംപേരൂർ ചക്കാലയ്ക്കൽ ദീപക് ലൗലിയുടെയും സൗമ്യയുടെയും മകൻ സെബാസ്റ്റ്യൻ തോമസ് (15) അന്തരിച്ചു.

**തിരുവനന്തപുരം:** വനം വകുപ്പ് മുൻ ചീഫ് കൺസർവേറ്റർ വഴുതക്കാട് ഗാന്ധിനഗർ ഫസ്റ്റ് സ്ട്രീറ്റ് സി. കരുണാകരൻ (92) അന്തരിച്ചു.

**ഇരവിപേരൂർ:** വിമുക്തഭടൻ കരത്താട്ടിൽ കെ.സി. ജോൺ (ജോർജ്- 92) അന്തരിച്ചു.

## കെ.ടി. തോമസ്

**ഇടയാറന്മുള:** കൊച്ചുപ്ലാമൂട്ടിൽ ടോം വില്ലയിൽ കെ.ടി. തോമസ് (കുഞ്ഞുമോൻ-85) അന്തരിച്ചു. ഭാര്യ തെക്കേമല പനച്ചക്കൽ പൊന്നമ്മ തോമസ്. മക്കൾ: പെക്സി മറിയം തോമസ്, ടോം തോമസ് (ഇരുവരും യുഎസ്). മരുമക്കൾ: ഇരവിപേരൂർ തറവേലിമണ്ണിൽ സഖറിയ മത്തായി, കോഴിമല വെപ്പിനേത്ത് റെനി മേരി മാത്യു.

**തിരുവല്ല:** മുത്തൂർ ജയഭാരത് മഹിളാസമാജം സ്ഥാപക സെക്രട്ടറിയും തയ്യൽ അധ്യാപികയുമായ കൈതവന കിഴക്കേതിൽ നാട്ടുവാതുക്കൽ മനു സദനത്തിൽ കെ.ജെ. ഭവാനിയമ്മ (ബേബി-102) അന്തരിച്ചു.

**ആലാംപള്ളി:** പടിഞ്ഞാറേക്കര ഏലിയാമ്മ ജോസഫ് (72) അന്തരിച്ചു.

**മീനടം:** തോണിപ്പുരയ്ക്കൽ ടി.സി. തോമസ് (കുഞ്ഞ്-80) അന്തരിച്ചു.

**തെള്ളകം:** മുണ്ടകപ്പാടം കൊച്ചുകളത്തിൽ റോയി കുര്യന്റെയും (റിട്ട. എസ്ഐ) റീനയുടെയും മകൾ ആഷ്ലി റോയ് (26) അന്തരിച്ചു.

**തെള്ളകം:** ചൂനാട്ട് മത്തായി മത്തായി (കുട്ടപ്പൻ-105) അന്തരിച്ചു.

**ഭരണങ്ങാനം:** തയ്യിൽ പരേതനായ ടി.സി. ജോസഫിന്റെ മകൻ മാത്യൂസ് (59) അന്തരിച്ചു.

**മുടിയൂർക്കര:** ഗാന്ധിനഗർ മംഗലത്തിൽ റോസമ്മ (ശോശാമ്മ-86) അന്തരിച്ചു.

**കുടവെച്ചൂർ:** നെല്ലിക്കുന്നത്ത് മത്തായി (അപ്പച്ചൻ-95) അന്തരിച്ചു.

**പാമ്പാടി:** വെട്ടിപ്പറമ്പിൽ സുജ ജഗദീഷ് (44) അന്തരിച്ചു.

## പി.എൻ. കുഞ്ഞുകുഞ്ഞ്



**ചെങ്ങന്നൂർ:** കോടുകുളഞ്ഞി നെടിയത്ത് മലയിൽ കുടുംബാംഗം പി.എൻ. കുഞ്ഞുകുഞ്ഞ് (85) അന്തരിച്ചു. ഭാര്യ ഉഷ. മക്കൾ: ജോൺ മാത്യു (യുഎസ്), ജോൺസൺ, മിനി. മരുമക്കൾ: ഷീജ (യുഎസ്), ജോജി, റോയി.

**പുതുപ്പള്ളി:** തേക്കാട്ടിൽ പാസ്റ്റർ ബാബു സീതത്തോടിന്റെയും (വാളകം എജി സഭാ ശുശ്രൂഷകൻ ഏബ്രഹാം മാത്യു) ഷേർളി ഏബ്രഹാമിന്റെയും മകൻ സയിൻ ഇട്ടി ഏബ്രഹാം (32) അന്തരിച്ചു.

**പാറമ്പുഴ:** അയ്മനം ജയന്തിക്കവല പൊക്കത്തിൽ പി.എ. ജോസഫ് (ജോപ്പൻ-75) അന്തരിച്ചു.

**ചിറക്കടവ് ഈസ്റ്റ്:** പൂവത്തുങ്കൽ റിട്ട. ഗവ. ഹൈസ്കൂൾ ജി. രാധ (85) അന്തരിച്ചു.

**എടത്വ:** കണ്ണൻമാലിൽ കെ.സി. മത്തായി (സണ്ണി-65) അന്തരിച്ചു.

**കളത്തൂർ:** നെല്ലിനിൽക്കുംതടത്തിൽ ചിന്നമ്മ മാത്യു (74) അന്തരിച്ചു.

**തൊടുപുഴ:** പൂവത്തുങ്കൽ പരേതനായ പി.വി. വർഗീസിന്റെ മകൻ ജിജോ ജോർജ് വർഗീസ് (45) അന്തരിച്ചു.

**പിറവം:** ഇടപ്പള്ളിച്ചിറ വടക്കേത്തറയിൽ വി.എ. ചാക്കോ (80) അന്തരിച്ചു.

**ഇളങ്ങുളം:** പൈങ്ങോട്ട് പി.ജെ. തോമസ് (71) അന്തരിച്ചു.

**കല്ലൂപ്പാറ:** റിട്ട. റവന്യൂ ഉദ്യോഗസ്ഥൻ മണ്ണിത്തോട്ടത്തിൽ മത്തായി കുര്യൻ (ഷാജി-59) അന്തരിച്ചു.

**പുറമറ്റം:** മുണ്ടമല കോമാട്ട് വില്ലയിൽ മോഹൻ കെ. തോമസ് വർഗീസ് (71) അന്തരിച്ചു.

**കല്ലൂപ്പാറ:** ചക്കാലമുറിയിൽ സി.കെ. വർഗീസ് (തങ്കച്ചൻ -91) അന്തരിച്ചു.

**പള്ളം:** അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് റിട്ട. ഉദ്യോഗസ്ഥൻ കണ്ണമ്പുറത്ത് നെടുമ്പറമ്പിൽ ടി. ഏബ്രഹാം (മോനാച്ചി-89) അന്തരിച്ചു.

**പാമ്പാടി:** ചെറുമല ഏലിയാമ്മ വർഗീസ് (94) അന്തരിച്ചു.

**ഉദയനാപുരം:** തച്ചനംവാതുക്കൽ ജോവമ്മ ജോയി (75) അന്തരിച്ചു.

**വാഴൂർ:** പകലോമറ്റം കാട്ടുതയ്യിലായ പുത്തൻപുരയിൽ അന്നമ്മ ജോർജ് (103) അന്തരിച്ചു.

## മദർ മേരി ലാംബർട്ട്

**പാലക്കാട്:** ആരാധനാ സന്യാസിനി സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറൽ മദർ മേരി ലാംബർട്ട് (87) അന്തരിച്ചു. മേലൂർ മൂത്തേടത്ത് പരേതരായ കുഞ്ഞിപൈലോയുടെയും റോസമ്മയുടെയും മകളാണ്. സഹോദരങ്ങൾ: സിസ്റ്റർ സിറില്ല, സെലിൻ മാത്യു (യുഎസ്), സിസ്റ്റർ അന്റോണിറ്റോ, തോമസ് പോൾ, പരേതരായ ആന്റണി, സിസ്റ്റർ ക്രിസ്റ്റല്ല.

## റോസമ്മ ഏബ്രഹാം

**ഹൂസ്റ്റൺ:** പോത്താനിക്കാട് പെരിങ്ങാറപിള്ളിൽ അർമ്മശേരിൽ റോസമ്മ ഏബ്രഹാം (78) ഹൂസ്റ്റണിൽ അന്തരിച്ചു. ഭർത്താവ് ജോൺ ഏബ്രഹാം. മക്കൾ: ജോൺസൺ ഏബ്രഹാം, ജോസഫ് ഏബ്രഹാം. മരുമക്കൾ: സിന്ധു ഏബ്രഹാം, രഞ്ജു ഏബ്രഹാം.

**കങ്ങഴ:** പയറ്റിത്തറ പരേതനായ പി.സി. ജേണിന്റെയും മറിയാമ്മ ജോണിന്റെയും മകൻ സുനിൽ പി. ജോൺ (സതീഷ് -48) അന്തരിച്ചു.

**പുതുവേലി:** നേവി റിട്ട. ഉദ്യോഗസ്ഥൻ നന്ദനം (തടത്തിൽ) മധുസൂദനൻ നായർ (69) അന്തരിച്ചു.

## എലിസബത്ത് അലക്സാണ്ടർ



**മങ്കൊമ്പ്:** പടവുപുരയ്ക്കൽ എലിസബത്ത് അലക്സാണ്ടർ (അക്കമ്മ-74) യുഎസിൽ അന്തരിച്ചു. ചമ്പക്കുളം കുര്യാളശേരി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ അലക്സ്. മക്കൾ: ബിജി അലക്സ്, അനു ജോസ്, ജിയ അലക്സ്. മരുമകൻ: ലിജോ ജോസ് പ്ലാത്തോട്ടം (ഈരാറ്റുപേട്ട).

**വാഴൂർ:** പതിനഞ്ചാം മൈലിൽ പാലോലിൽ (റാന്നിയിൽ) ഏലിയാമ്മ വർഗീസ് (90) അന്തരിച്ചു.

**ചെറുതോണി:** വാഴത്തോപ്പ് പുന്നാപ്പിള്ളിയിൽ മേരി ഐസക് (69) അന്തരിച്ചു.

**കോഴഞ്ചേരി:** വിമുക്തഭടൻ കിഴക്കേവലിയപറമ്പിൽ ജോസഫ് മാത്യു (ജോയി-90) അന്തരിച്ചു.

**മല്ലപ്പള്ളി:** പാലത്തിങ്കൽ തെക്കേതിൽ മറിയാമ്മ ചാക്കോ (86) അന്തരിച്ചു.

**കിടങ്ങൂർ സൗത്ത്:** ആർപിഎഫ്. റിട്ട. ഉദ്യോഗസ്ഥൻ ഇളപ്പുങ്കൽ വി.ടി. ജേക്കബ് (78) അന്തരിച്ചു.

## കെ.ഡബ്ല്യു. അച്യുത വാരിയർ

**തൃശൂർ:** മികച്ച അധ്യാപകനുള്ള സംസ്ഥാന-ദേശീയ പുരസ്കാര ജേതാവ് റിട്ട. അധ്യാപകൻ കിഴക്കേവാരിയത്ത് കെ.ഡബ്ല്യു. അച്യുതവാരിയർ (86) അന്തരിച്ചു. ഭാര്യ മുളങ് വാരിയത്ത് ശ്രീദേവി വാരസ്യാർ. മക്കൾ: ഗീത (അധ്യാപിക, സെൻട്രൽ സ്കൂൾ ന്യൂഡൽഹി), സുധ (അധ്യാപിക ഗവ. സ്കൂൾ കുറുമ്പിലാവ്), ശ്രീദേവി (യുഎസ്), ധന്യ. മരുമക്കൾ: രമേഷ് മണ്ണഴി, രവീന്ദ്രൻ, രമേഷ്, സൂരജ്.

**കടുത്തുരുത്തി:** കെ.എസ്. പുരം കൃഷ്ണ നിവാസിൽ റിട്ട. ലഫ്റ്റനന്റ് കേണൽ കൃഷ്ണ ജോളി (68) അന്തരിച്ചു.

**തുമ്പമൺ:** റിട്ട. എയർഫോഴ്സ് ഫ്ളൈയിംഗ് ഓഫീസർ പാനപ്പള്ളിൽ വടക്കേതിൽ പി.എൻ. രാമകൃഷ്ണപിള്ള (89) അന്തരിച്ചു.

## എലിസബത്ത്

**റാന്നി:** കണ്ണൻകുഴയത്ത് എലിസബത്ത് (മോൾ-75) അന്തരിച്ചു. വെളിയനാട് കറുകപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പ്രഫ. കെ.സി. ഉണ്ണിട്ടൻ. മക്കൾ: അബു (യുഎസ്), അജു, അശോക് (കുവൈറ്റ്), മരുമക്കൾ: ടിജു നെടുംചിറ, ഫെബി കിഴക്കേമുറിയിൽ.

**കോരുത്തോട്:** പള്ളിപ്പടി ആനക്കുഴിയിൽ ചാക്കോ ദേവസ്യ (91) അന്തരിച്ചു.

**പൊൻപള്ളി:** തലപ്പനാട് ടി.ഐ. തോമസ് (ബാബു-75) അന്തരിച്ചു.

**കുറുമുള്ളൂർ:** പഴുക്കായിൽ ലീല ജോർജ് (79) അഹമ്മദാബാദിൽ അന്തരിച്ചു.

**പാമ്പാടി:** നടേപ്പീടിക കൊച്ചിപ്പറമ്പിൽ സി.എം. ജോസഫ് (67) അന്തരിച്ചു.

**മൂലവട്ടം:** മുൻ പഞ്ചായത്തംഗവും എം.ജി. സർവകലാശാല മുൻ ഉദ്യോഗസ്ഥനുമായ വട്ടുകളത്തിൽ സണ്ണി സി. ഏബ്രഹാം (87) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** കൊച്ചുവടക്കേകര കോര വർഗീസ് (വറീച്ചൻ-88) അന്തരിച്ചു.

**കടയനിക്കാട്:** കുഴിമറ്റത്തിൽ അന്നമ്മ തോമസ് (കുഞ്ഞുമോൾ-74) അന്തരിച്ചു.

**വാകത്താനം:** ജില്ലാ ആശുപത്രി റിട്ട. എക്സ്റേ അറ്റൻഡർ കൊക്കറവാലയിലായ കിഴക്കേക്കുറ്റ് കെ.സി. കുര്യൻ (തമ്പി-78) അന്തരിച്ചു.

**മേലുകാവുമറ്റം:** ചീരാംകുഴിയിൽ മേരിയമ്മ (അജമോൾ -55) അന്തരിച്ചു.

**പാമ്പാടി:** വെള്ളൂർ മനത്താനത്ത് വ്യോമസേന മുൻ ഉദ്യോഗസ്ഥൻ എം.എൻ. ഗോപാലകൃഷ്ണൻ നായർ (കുഞ്ഞുക്കുട്ടൻ-82) അന്തരിച്ചു.

**ചെമ്മലമറ്റം:** പൊരിയത്ത് ഏലിക്കുട്ടി സെബാസ്റ്റ്യൻ (89) അന്തരിച്ചു.

# MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

# BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

# BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

# PRIME KERALA INVESTMENT OPPORTUNITY FOR NRIs

## 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

# CAREGIVER NEEDED – OKLAHOMA CITY

## (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

Visit Our Website: www.keralaexpress.com for Classified Advt.




# വ്യത്യസ്ത പ്രമേയവുമായി 'ആംഗ്ലോ ഇൻഡ്യൻസ്'




ആംഗ്ലോ ഇന്ത്യൻസ് കുടുംബങ്ങളുടെ ജീവിതം പൂർണമായും ചിത്രീകരിക്കുന്ന മലയാളത്തിലെ ആദ്യ ചിത്രമായ ആംഗ്ലോ ഇൻഡ്യൻസ് എന്ന ചിത്രം ജൂൺ 12-ന് തിയറ്ററുകളിലെത്തും. നിരവധി ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ എ.കെ.ബി. കുമാർ, നിർമാണം, രചന, സംവിധാനം നിർവഹിക്കുന്ന ഈ ചിത്രത്തിന്റെ ക്രിയേറ്റീവ് ഹെഡ് മമ്മി സെഞ്ചറി ആണ്. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ഭാസ്കരൻ വെറ്റിലപ്പാറ.

സുന്ദരിയായ ഒരു ആംഗ്ലോ ഇന്ത്യൻ പെൺകുട്ടിയായ ആൻഡ്രിയയുടെ കഥയാണ് ചിത്രം പറയുന്നത്. പിതാവ് പീറ്ററിനൊപ്പം കേരളത്തിൽ താമസിക്കുന്ന ആൻഡ്രിയയുടെ ഏറ്റവും വലിയ സ്വപ്നം അമേരിക്കയിലുള്ള റോഷനെ വിവാഹം കഴിച്ച് അവനൊപ്പം അമേരിക്കയിൽ ജീവിക്കുക എന്നതായിരുന്നു. അമേരിക്കയിൽ പെട്ടെന്നുണ്ടായ പുതിയ നിയമങ്ങൾ കാരണം റോഷന്റെ ജോലി നഷ്ടമാകും എന്ന അവസ്ഥയുണ്ടായി. ജോലി നഷ്ടമാകാതിരിക്കാനായി, റോഷന് അമ്മാവന്റെ മകളെ വിവാഹം കഴിക്കേണ്ടതായി വന്നു. ആൻഡ്രിയയുടെ സ്വപ്നം തകർന്നു. അമേരിക്കയിൽ പോകാനായി, സ്വന്തം ജോലി പോലും രാജിവെച്ചിരുന്ന ആൻഡ്രിയ സാമ്പത്തികമായും തകർന്നു. അതിനിടയിൽ സഹോദരിക്കുണ്ടായ ദുരന്തവും അവളെ തളർത്തി. ആയിടെയാണ് അയൽപക്കത്ത്, ബിജോയ് എന്ന ചെറുപ്പക്കാരനും അമ്മയും താമസത്തിനെത്തിയത്. ബിജോയിയോട് ആകർഷണം തോന്നിയ ആൻഡ്രിയ അവനെ പ്രണയിക്കാൻ തുടങ്ങി. പുതിയൊരു ജീവിതത്തിന് തുടക്കമിടുകയായിരുന്നു അവൾ. പക്ഷേ, പിന്നെയും ദുരന്തങ്ങൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു.

മരാമരം എന്ന ചിത്രത്തിലൂടെ അഭിനയരംഗത്ത് വന്ന ഭാസ്കരൻ വെറ്റിലപ്പാറ, ഈ ചിത്രത്തിലെ പ്രധാന കഥാപാത്രമായ പീറ്റർ ആയി എത്തുന്നു. രണ്ട് പെൺകുട്ടികളുടെ പിതാവായ പീറ്ററെ കുടുംബ സ്നേഹികളായ മലയാളികൾ ഇഷ്ടപ്പെടും.

എ.കെ.ബി. മൂവീസ് ഇന്റർനാഷണലിനുവേണ്ടി എ.കെ.ബി. കുമാർ, നിർമാണം, രചന, സംവിധാനം നിർവഹിക്കുന്നു. കാമറ-ഷെട്ടി മണി, സംഗീതം-പി.കെ. ബാഷ്, എഡിറ്റർ-ഷിബു, അസോസിയേറ്റ് ഡയറക്ടർ-അർജുൻ ദേവരാജ്, കല-സനൂപ്, വിനോദ് മാധവൻ, ആർ.ആർ-ജോയ് മാധവ്, സൗണ്ട് ഡിസൈൻ-ബർലിൻ മൂലമ്പള്ളി, ഡിഐ-അലക്സ് വർഗീസ്, മേക്കപ്പ്-വിജയൻ കേച്ചേരി, കോസ്റ്റ്യൂം-അബ്ബാസ് പാണാവള്ളി, മാനേജർ-വെൽസ് കോടനാട്, സ്റ്റിൽ-ഷാബു പോൾ. അനയ് സത്യൻ, അരുൺ ദയാനന്ദ്, ശ്വേത പ്രമോദ്, ദേവു, ഭാസ്കരൻ വെറ്റിലപ്പാറ, എ.കെ.ബി. കുമാർ, ജോജോ, ഗ്രേഷ്യ അരുൺ, സെബി ഞാറയ്ക്കൽ, റഷീദ് കാപ്പാട്, ജയിംസ്, സജീവൻ ഗോകുലം, ലക്ഷ്മണൻ എന്നിവർ അഭിനയിക്കുന്നു.

# ജയസൂര്യയുടെ 'ഓപ്പറേഷൻ ത്രാൾ' തുടങ്ങി

എൻഐഎയുടെ പശ്ചാത്തലത്തിൽ മലയാളത്തിൽ ആദ്യമായി ഒരുങ്ങുന്ന ഓപ്പറേഷൻ ത്രാൾ എന്ന സിനിമയുടെ ചിത്രീകരണം കൊച്ചിയിൽ തുടങ്ങി. പ്രശസ്ത സംഗീത സംവിധായകൻ രതീഷ് വേഗ തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ജയസൂര്യയാണ് നായകൻ.




ഗുഡ്‌വിൽ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ജോബി ജോർജ് തടത്തിലാണ് നിർമാണം. വിശാലമായ കാൻവാസിൽ വൻ മുതൽമുടക്കിൽ നിർമിക്കുന്ന പാൻ ഇന്ത്യൻ ചിത്രമാണ് ഇത്. ലോക മനസാക്ഷിയെ ഞെട്ടിച്ച കാശ്മീരിലെ കോൺവോയ് ആക്രമണവും തുടർന്നുള്ള രഹസ്യാന്വേഷണങ്ങളുമാണ് ചിത്രത്തിന്റെ പ്രമേയം.


എൻഐഎ ഉദ്യോഗസ്ഥൻ ഹർഷവർധനായാണ് ജയസൂര്യ എത്തുന്നത്. സായ് കുമാർ, സിദ്ദിഖ്, ആൻസൺ പോൾ, നന്ദു, അക്ഷയ് രാധാകൃഷ്ണൻ, ജോസ് ബിൻ പോൾ, ജോയൽ, സിറാജുദീൻ എന്നിവരും ബോളിവുഡ് താരങ്ങളായി തരുൺ അറോറ, റിഥികാ സിംഗ്, വിനയറായ് തുടങ്ങിയവരും പ്രധാന താരങ്ങളാണ്.

സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കുന്നത് സംവിധായകൻ രതീഷ് വേഗ തന്നെയാണ്.

ഛായാഗ്രഹണം-നജോസ്, എഡിറ്റിംഗ്-ഷഫീഖ് വി.ബി, കലാസംവിധാനം-സുനീഷ് സോദരൻ, മേക്കപ്പ്-റോണക്സ് സേവ്യർ, കോസ്റ്റ്യൂം ഡിസൈൻ-സമീരാ സനീഷ്, സരിതാ ജയസൂര്യ തുടങ്ങിയവർ അണിയറയിലുണ്ട്. പാലക്കാട്, കൊടൈക്കനാൽ, ജമ്മു കശ്മീർ, കുളു-മണാലി എന്നിവിടങ്ങളിലായാണ് ചിത്രീകരണം.

# 'തർക്കം' ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി

ദേശീയ അവാർഡ് ജേതാവായ സജിൻ ബാബു രചനയും സംവിധാനവും നിർവഹിക്കുന്ന തർക്കം എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.




പിഡബ്ല്യുഎൽഒ എന്റർടെയ്ൻമെന്റ്, സജിൻ ബാബു പ്രൊഡക്ഷൻസ് എന്നീ ബാനറിൽ അനൂപ് കുട്ടി, സജിൻ ബാബു എന്നിവർ ചേർന്ന് നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജെബിൻ ജേക്കബ് നിർവഹിക്കുന്നു.

പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നല്കി ഒരുക്കിയ ഈ ചിത്രത്തിൽ ജാതി-ഫ്യൂഡൽ മേധാവിത്വത്തെ ഇന്നും ന്യായീകരിച്ച് അഭിമാനത്തോടെ ജീവിക്കുന്ന ഒരു പോലീസ് ഓഫീസറും ഡോ. ബി.ആർ. അംബേദ്കറുടെ പുരോഗമന ആശയങ്ങളിൽ ആകൃഷ്ടനായി ലോകത്തെ കാണാനും നയിക്കാനും ശ്രമിക്കുന്ന സുർജിത്ത് എന്ന യുവാവും തമ്മിലുണ്ടാകുന്ന സംഘർഷത്തിന്റെ സംഭവബഹുലമായ മുഹൂർത്തങ്ങൾ, റിയാലിസ്റ്റിക് ത്രില്ലർ ജോണറിൽ ദൃശ്യവൽക്കരിക്കുന്നു.

ക്ലൈമാക്സ് രംഗങ്ങൾ ഒരേസമയം ഏഴോളം കാമറകൾ ഉപയോഗിച്ച് നാല് സിനിമോറ്റോഗ്രഫേഴ്സിന്റെ മേൽനോട്ടത്തിലാണ് ചിത്രീകരിച്ചത്.

കൊടുങ്ങല്ലൂർ ശ്രീ മഹാദേവി ക്ഷേത്രത്തിലെ ഭരണി ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ 'തർക്കം' എന്ന സിനിമയുടെ ചിത്രീകരണം പൂർത്തിയായി. സിനിമോട്ടോഗ്രാഫി-നന്ദകുമാർ തോട്ടത്തിൽ, സിമ്പാദ്, റോഷൻ ജോസ്, എഡിറ്റിംഗ്-അപ്പു ഭട്ടതിരി, ലൈൻ പ്രൊഡ്യൂസർ-ഷാജി അസീസ്, സംഗീതം-സൈദ് അബ്ബാസ്, പ്രൊഡക്ഷൻ ഡിസൈനർ-വിനോദ് പട്ടണക്കാടൻ, ആക്ഷൻ ഡയറക്ടർ-റോബിൻ മാസ്റ്റർ ടീം, പ്രൊഡക്ഷൻ കൺട്രോളർ-ഫിജോ ഫിലിപ്പ്, സിങ്ക് സൗണ്ട്-രാകേഷ് ശശീന്ദ്രൻ, സൗണ്ട് മിക്സിംഗ്-ജൂബിൻ രാജ്, വസ്ത്രാലങ്കാരം-സുർജിഷ് സി. സുരേഷ്, മേക്കപ്പ്-സുരേഷ് പിഷാരടി, അസോസിയേറ്റ് ഡയറക്ടർ-സോനു രാമകൃഷ്ണൻ, ജാസിർ, അസിസ്റ്റന്റ് ഡയറക്ടർ-സുബിൻ ജോർജ്, പ്രൊജക്ട് ഡിസൈനർ-അരുൺ സോൾ, കാസ്റ്റിംഗ് ഡയറക്ടർ-രാജേഷ് നാരായണൻ, പ്രൊഡക്ഷൻ മാനേജർ-ശ്യാം കാർഗോസ്, സിജോ ജോസ് ജോസി, ഇ.സി. അശോകൻ, സെക്കൻഡ് യൂണിറ്റ് സിനിമോട്ടോഗ്രാഫി-റാം രാഘവ്, മാർക്കറ്റിംഗ്-പ്രതീഷ് ശേഖർ, പബ്ലിസിറ്റി ഡിസൈൻ-ദിലീപ്ദാസ്.




# ‘സീക്രട്ട് ഓഫ് കലിംഗ’യുടെ ട്രീസർ റിലീസായി





മലയാളത്തിലെ പ്രിയ താരങ്ങളായ ധ്യാൻ ശ്രീനിവാസൻ, അൽത്താഫ് സലീം, റിയാസ് ഖാൻ എന്നിവർക്കൊപ്പം പ്രമുഖ സോഷ്യൽ മീഡിയ താരം നിതിൻ പരമേശ്വരും പ്രധാന വേഷങ്ങളിൽ എത്തുന്ന പുതിയ ചിത്രം സീക്രട്ട് ഓഫ് കലിംഗയുടെ ട്രീസർ റിലീസ് ആയി. മിസ്റ്ററി ഹൊറർ കോമഡി സ്വഭാവത്തിൽ എത്തുന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് നവാഗതനായ സനീഷ് ഉണ്ണികൃഷ്ണനനാണ്. പുരാതന കലിംഗ രാജ്യത്തിന്റെ അവശിഷ്ടങ്ങളുള്ള ഒരു കോളജ് കാമ്പസും അവിടുത്തെ കാട്ടിലുള്ള ഒരു പഴയ കിണറും ചുറ്റിപ്പറ്റിയാണ് കഥ നടക്കുന്നത്. നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ആത്മാവ്, പുറത്തുവരുമ്പോൾ ഉണ്ടാകുന്ന രസകരവും അമ്പരപ്പിക്കുന്നതുമായ സംഭവങ്ങളാണ് സിനിമ പറയുന്നത്. പ്രേക്ഷകരെ ഏറെ അമ്പരപ്പിക്കുന്നതും രസകരവുമായ തലത്തിലാണ് ചിത്രം ഒരുക്കിയിരിക്കുന്നതെന്ന് ടീസറിലൂടെ വ്യക്തമാണ്.

ജിഷ്ണു എം. ആര്യനും സനീഷ് ഉണ്ണികൃഷ്ണനും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയത്. ഈ മാസം ചിത്രം തിയറ്റർ റിലീസിന് എത്തുമെന്ന് നിർമാതാക്കൾ അറിയിച്ചു. ചിത്രത്തിൽ ഇവരെ കൂടാതെ മാളവിക മേനോൻ, ഉല്ലാസ് പന്തളം, മറീന മൈക്കിൾ, അൻവർ ഷെരീഫ്, ആദിർഷ, ഗൗരി നന്ദ്, ലക്ഷ്മി നന്ദൻ തുടങ്ങിയവരും മറ്റു വേഷങ്ങളിൽ എത്തുന്നു.

ഐറ ഫിലിംസിന്റെ ബാനറിൽ ബഷീർ വരന്തരപ്പിള്ളിയും സുൽത്താനും ചേർന്നു നിർമിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ആശ്രിത് സന്തോഷ് ആണ് നിർവഹിക്കുന്നത്.

എഡിറ്റിംഗ്-അശ്വന്ത് രവീന്ദ്രൻ, സംഗീതം, ബിജിഎം-ധനുഷ് ഹരികുമാർ, വിമൽജിത്ത് വിജയൻ, ആർട്ട്-അഖിൽ റോയ്, പ്രൊഡക്ഷൻ കൺട്രോളർ-ജെ.പി. മണക്കാട്, മേക്കപ്പ്-അമൽ ചന്ദ്രൻ, കോസ്റ്റ്യൂംസ്-ഖാലിദ് അബൂബക്കർ, സൗണ്ട് ഡിസൈൻ-സുബിൻ ജോസഫ്, മിക്സിംഗ്-ബിനൂപ് എസ്. ദേവൻ, അഡീഷണൽ സോംഗ്-ഗോകുൽ ശ്രീകണ്ഠൻ, എ.ഐ. സൂപ്പർവൈസർ-അഖിൽ പരപ്പനങ്ങാടി, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അമിതാബ് പണിക്കർ, ആബേൽ കൗസ്തുഭം, ഡിജിറ്റൽ മാർക്കറ്റിംഗ്-ഒപ്പ, ഡിസൈൻസ്-ആദിൻ ഒല്ലൂർ.

## ഐ, നോബഡി പ്രദർശനത്തിനൊരുങ്ങുന്നു



പൃഥ്വിരാജ്, പാർവതി തിരുവോത്ത് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നിസാം ബഷീർ സംവിധാനം ചെയ്യുന്ന ‘ഐ നോബഡി’ എന്ന ചിത്രം പ്രദർശനത്തിനൊരുങ്ങുന്നു.

പൃഥ്വിരാജ് പ്രൊഡക്ഷൻസ്, ഇ ഫോർ എക്സ്പെരിമെന്റ്സ് എന്നീ ബാനറിൽ സുപ്രിയ മേനോൻ, മുകേഷ് ആർ. മേത്ത, സി.വി. സാരഥി എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിൽ അശോകൻ, മധുപാൽ, വിനയ് ഫോർട്ട്, ഹക്കീം ഷാജഹാൻ, ലുക്മാൻ ആവറാൻ, ഗണപതി തുടങ്ങിയ താരങ്ങളാണ് അഭിനയിക്കുന്നത്. കെട്ട്യോളാണ് മാലാഖ, റോഷാക്ക് എന്നീ ചിത്രങ്ങൾക്കുശേഷം നിസാം ബഷീർ സംവിധാനം ചെയ്യുന്ന ചിത്രമാണ് നോബഡി. സമീർ അബ്ദുൾ തിരക്കഥ, സംഭാഷണമെഴുതുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ദിനേശ് പുരുഷോത്തമൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ-റിന്നി ദിവാകർ.

## ‘പാതിരാക്കുറുക്കൻ’ പൂർത്തിയായി

ജഗദീഷ്, മുകേഷ്, സിദ്ദിഖ്, അശോകൻ എന്നിവരെ കേന്ദ്രകഥാപാത്രങ്ങളാക്കി ജയേഷ് വേണുഗോപാൽ സംവിധാനം ചെയ്യുന്ന പാതിരാക്കുറുക്കന്റെ ചിത്രീകരണം പൊന്നാനി, എടപ്പാൾ പരിസര പ്രദേശങ്ങളിലായി പൂർത്തിയായി. അപ്പായ് സിനിമാസിന്റെ



ബാനറിൽ സിജോ ജോർജ് നിർമിക്കുന്ന ചിത്രത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് സുനിൽ കർമ, നിഖിൽ ജിനൻ എന്നിവരാണ്. ഇന്ദ്രൻസ്, നിർമൽ പാലാഴി, വിനീത് തട്ടിൽ, റിയാസ് നർമ കല, സുധീർ പറവൂർ, കുട്ടി അഖിൽ, അനീഷ് ഗോപാൽ, ടെസ്സ ജോസഫ്, അജയൻ മാടയ്ക്കൽ, സോഷ്യൽ മീഡിയ ഇൻഫ്ളുവെൻസേഴ്സ് ആയ അശ്വിത-അശ്വിജ, ഹരികുമാർ കാട്ടൂർ, ലിജിൻ സിയാർ, സോണി, ഉമ്മർഖാൻ, ശശി കുളപ്പുള്ളി തുടങ്ങിയവരാണ് മറ്റു താരങ്ങൾ. വ്യത്യസ്ത സാഹചര്യത്തിൽപ്പെട്ട നാലുപേർ ഒരു പ്രതിസന്ധിഘട്ടത്തിൽ പെടുന്നതും അവരുടെ അതിജീവനവുമാണ് നർമത്തിൽ ചാലിച്ചു പറയുന്നത്.

ഛായാഗ്രഹണം-എസ്. സെൽവകുമാർ, സംഗീതം-ഗോപി സുന്ദർ, എഡിറ്റർ-അതുൽ വിജയ്, കലാസംവിധാനം-ത്യാഗു തവനൂർ, നൃത്തസംവിധാനം-ശ്രീ സെൽവി തുടങ്ങിയവരാണ് അണിയറക്കാർ.

## ‘മോളിവുഡ് ടൈംസ്” റിലീസായി

യുവനടൻ നസ്ലിനെ നായകനാക്കി ‘മുകുന്ദൻ ഉണ്ണി അസോസിയേറ്റ്സ്’ എന്ന ചിത്രത്തിനു ശേഷം അഭിനവ് സുന്ദർ നായക് സംവിധാനം ചെയ്യുന്ന ‘മോളിവുഡ് ടൈംസ്’ പ്രദർശനത്തിനെത്തി. ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമിക്കുന്ന ഈ ചിത്രത്തിൽ സംഗീത് പ്രതാപ്, ഷറഫുദ്ദീൻ എന്നിവരും കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.


സംവിധായകനാകണമെന്ന മോഹവുമായി നടക്കുന്ന വിനീത് മാധവൻ എന്ന കൗമാരക്കാരനായി നസ്ലിൻ എത്തുന്ന ചിത്രത്തിൽ മലയാള സിനിമയിലെ ഒട്ടേറെ താരങ്ങൾ കാമിയോ റോളുകളിൽ വരുന്നുണ്ട്. വിശ്വജിത് ഒടുക്കത്തിൽ ഛായാഗ്രഹണം നിർവഹിക്കുന്നു. തിരക്കഥ, സംഭാഷണം-രാമു സുനിൽ, സംഗീതം-ജേക്സ് ബിജോയ്, എഡിറ്റിംഗ്-നിധിൻ രാജ് അരോൾ, അഭിനവ് സുന്ദർ നായക്, മേക്കപ്പ്-റോണക്സ് സേവ്യർ തുടങ്ങിയവരാണ് അണിയറയിൽ.

## ആർ. മാധവന്റെ ‘ജി.ഡി.എൻ’ ജൂലൈ 17-ന്

ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് മോട്ടോറിന്റെ സ്രഷ്ടാവ് എന്നറിയപ്പെടുന്ന ഗോപാൽസ്വാമി ദൊരൈസ്വാമി നായിഡുവിന്റെ ബയോപിക് സിനിമ ജി.ഡി.എൻ ജൂലൈ 17-ന് തിയറ്ററുകളിലെത്തും. ആർ. മാധവനെ നായകനാക്കി നവാഗതനും പ്രമുഖ പരസ്യ സംവിധായകനുമായ കൃഷ്ണകുമാർ രാമകുമാറാണ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്നത്.

പുതുതായി പുറത്തിറക്കിയ പോസ്റ്റിൽ ജി.ഡി.നായിഡുവിന്റെ വേഷത്തിലുള്ള മാധവനെയും സത്യരാജ്, തുഷാര വിജയൻ എന്നിവരെയും കാണാം. ‘റോക്കട്രി: ദി നമ്പി ഇഫക്റ്റ്’ എന്ന ചിത്രത്തിന് 2022-ലെ മികച്ച ഫീച്ചർ ഫിലിമിനുള്ള ദേശീയ അവാർഡ് ലഭിച്ചതിനുശേഷം, വർഗീസ് മൂലൻ പിക്ചേഴ്സും ട്രൈകളർ ഫിലിംസും മീഡിയ മാക്സ് എന്റർടെയിൻമെന്റ്സും ചേർന്നു നിർമിക്കുന്ന ചിത്രത്തിൽ പ്രിയാമണി, ജയറാം, വിനയ് റായ്, കനിഹ, ഷീല, കരുണാകരൻ, ടീജയ് അരുണാചലം, തമ്പി രാമയ്യ, വിജയ് യേശുദാസ്, ആടുകളം നരേൻ, ജോണി വിജയ്, ജൻസൺ ദിവാകർ, ബ്രിജിഡ സാഗ തുടങ്ങിയവരും അഭിനയിക്കുന്നു.

സംഗീതമൊരുക്കുന്നത് ഗോവിന്ദ് വസന്തയാണ്. ‘ഇന്ത്യയുടെ എഡിസൺ’, ‘കോയമ്പത്തൂരിന്റെ സാമ്പത്തിക സ്രഷ്ടാവ്’ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്ന ജി.ഡി. നായിഡുവിന്റെ ജന്മസ്ഥലമായ കോയമ്പത്തൂരിലാണ് ചിത്രത്തിന്റെ ഇന്ത്യൻ ഷെഡ്യൂൾ പൂർത്തിയാക്കിയത്.




തമിഴിൽ ചിത്രീകരിക്കുന്ന സിനിമ ഹിന്ദി, മലയാളം, കന്നഡ, തെലുങ്ക് ഭാഷകളിലും പ്രദർശനത്തിനെത്തും.

ഛായാഗ്രാഹകനും ക്രിയേറ്റീവ് പ്രൊഡ്യൂസറും അരവിന്ദ് കമലനാഥനാണ്.

KERALA EXPRESS കേരളം

# അജിത്കുമാറിനെതിരെ കൂടുതൽ തെളിവുമായി എസ്ഐടി

ആലപ്പുഴ: മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ ഗൺമാൻമാരെ രക്ഷിക്കാൻ ആലപ്പുഴയിലെ നവകേരളായാത്രാ മർദനക്കേസ് അട്ടിമറിച്ചത് എഡിജിപി എം.ആർ. അജിത്കുമാറാണെന്ന നിഗമനത്തിലേക്ക് പ്രത്യേക അന്വേഷണസംഘം.

അജിത്കുമാറിന്റെ നിർദേശപ്രകാരമാണ് അന്വേഷണ റിപ്പോർട്ട് തിരുത്തിയതെന്ന് എഡിജിപിയുടെ ഓഫീസിലുണ്ടായിരുന്ന എസ്ഐമാർ മൊഴി നൽകിയതായി സൂചന. അജിത്കുമാർ നേരിട്ട് പരിശോധിച്ചാണ് തിരുത്തിയ റിപ്പോർട്ടിന് അംഗീകാരം നൽകിയതെന്നും ഇവർ മൊഴി നൽകിയതായാണ് വിവരം.

മൊഴി എടുക്കുന്നതിനിടെ ഇവർ വികാരാധീനരായാണ് സംസാരിച്ചത്. എഡിജിപിയുടെ ഓഫീസിലെ ഗ്രേഡ് എസ്ഐമാരായ ഗിരീഷിന്റെയും ശ്രീകാന്തിന്റെയും മൊഴിയാണ് പ്രത്യേക അന്വേഷണസംഘം (എസ്ഐടി) രേഖപ്പെടുത്തിയത്.

ഇവരുടെ മൊഴി പ്രകാരം അട്ടിമറിയുടെ തുടക്കം 2024 ഓഗസ്റ്റ് നാലിനാണ്. അജിത് കുമാർ അന്ന് വയനാട് ദുരന്തഭൂമിയിലായിരുന്നു. അവിടെനിന്ന് ഫോൺവിളിച്ച് എത്രയുംവേഗം മർദനക്കേസ് അവസാനിപ്പിച്ച് കോടതിയിൽ റിപ്പോർട്ട് നൽകാൻ അന്വേഷണ സംഘത്തോട് ആവശ്യപ്പെടുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അഞ്ചിന് ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയെ എഡിജിപിയുടെ തിരുവനന്തപുരത്തെ ഓഫീസിലേക്ക് വിളിച്ചുവരുത്തി.

തെളിവില്ലെന്നു വരുത്താനായി എഴുതിചേർക്കേണ്ട കാര്യങ്ങൾ മറ്റൊരു പേപ്പറിൽ ഡിവൈഎസ്പിക്ക് പ്രത്യേകം എഴുതി നൽകി. ഇതനുസരിച്ച് എത്രയും വേഗം കോടതിയിൽ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടെങ്കിലും അന്വേഷണ സംഘം തയാറായില്ല. അതോടെ ഓഗസ്റ്റ് 12-ന് വീണ്ടും അജിത്കുമാർ ഇടപെട്ടു. അന്വേഷണസംഘത്തെ തിരുവനന്തപുരത്തേക്ക് രണ്ടാമതും വിളിപ്പിച്ചു. 13, 14, 15 തീയതികളിൽ എഡിജിപിയുടെ ഓഫീസിലിരുന്ന് കേസ് ഡയറിയും റഫർ റിപ്പോർട്ടും അവർ തന്നെ തിരുത്തി എഴുതിയെന്നാണ് എസ്ഐമാരുടെ മൊഴിയിലുള്ളതെന്ന് അറിയുന്നു.

ഈ സമയത്ത് ഓഫീസിൽ ഇല്ലാതിരുന്ന അജിത് കുമാർ ഫോണിൽ നിർദേശങ്ങൾ നൽകി. ഒടുവിൽ സ്വാതന്ത്ര്യദിനത്തിന്റെ അവധിയായിട്ടും ഓഗസ്റ്റ് 15-ന് വൈകിട്ട് അജിത് കുമാർ ഓഫീസിലെത്തി. തിരുത്തിയതെല്ലാം വായിച്ച് നോക്കി അവിടെവെച്ച് തന്നെ അന്വേഷണ ഉദ്യോഗസ്ഥനെക്കൊണ്ട് ഒപ്പിടുവിച്ചാണ് വിട്ടയച്ചതെന്നും മൊഴിയിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

ആദ്യ ഘട്ടത്തിൽ തിരുത്തൽ സമ്മതിക്കാതിരുന്നെങ്കിലും തെളിവ് നിരത്തി ചോദ്യം ചെയ്തതോടെ എഡിജിപിയുടെ സമ്മർദം മൂലം ചെയ്യേണ്ടിവന്നുവെന്ന് പൊട്ടിക്കരഞ്ഞുകൊണ്ട് രണ്ട് എസ്ഐമാരും സമ്മതിക്കുകയായിരുന്നുവെന്നാണ് അറിയുന്നത്.

## എസ്ഐആർ

(3-ാം പേജിൽനിന്നും)

ബംഗാളിൽ എസ്ഐആർ നടക്കവേ നൂറുകണക്കിന് ബംഗ്ലാദേശ് പൗരർ അതിർത്തി കടന്നതായി ബിഎസ്എഫും പറഞ്ഞിരുന്നു.

എസ്ഐആർ മൂന്നാംഘട്ടം 16 സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി നടക്കുകയാണ്. ഇതിനുശേഷം ജമ്മുകശ്മീർ, ലഡാക്ക്, ഹിമാചൽപ്രദേശ് എന്നിവിടങ്ങളിലും നടത്തും.

ഇതോടെ അസം ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും എസ്ഐആർ പൂർത്തിയാകും. ദേശീയ പൗരത്വ രജിസ്റ്റർ (എൻആർസി) നടപ്പാക്കിയ രാജ്യത്തെ ഏക സംസ്ഥാനമാണ് അസം. ഇതുമായി ബന്ധപ്പെട്ടു സുപ്രീം കോടതിയിലുള്ള ഹർജികൾ തീർപ്പാക്കിയ ശേഷമായിരിക്കും അസമിൽ എസ്ഐആർ നടത്തുക.

# അതിവേഗ റെയിലിനെക്കുറിച്ച് പഠിക്കുന്നു

തിരുവനന്തപുരം: നിർദിഷ്ട അതിവേഗ റെയിൽപ്പാത (ഹൈസ്പീഡ് റെയിൽ) പദ്ധതിയുടെ സാദ്ധ്യതകൾ പഠിക്കാൻ നാലംഗ വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചു. ഗതാഗത വകുപ്പ് (റെയിൽവേ) സെക്രട്ടറി ജെ. വിനയനാണ് സമിതി കൺവീനർ. സാമ്പത്തിക വശങ്ങൾ പഠിക്കാനുള്ള ചുമതല ഡോ. സി. വീരമണിക്കാണ്.

പരിസ്ഥിതി ആഘാതങ്ങളും സുസ്ഥിരതാ വിഷയങ്ങളും ശ്രീധർ രാധാകൃഷ്ണൻ വിലയിരുത്തും. മുഖ്യമന്ത്രിയുടെ ഒ.എസ്.ഡി. എസ്.എസ്.കെ ഉമേഷ് പഠനപ്രവർത്തനങ്ങളുടെ ഏകോപന ചുമതല വഹിക്കും. സാങ്കേതികം, സാമ്പത്തികം, പരിസ്ഥിതി, ഭരണനിർവഹണം തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധരെ കൂട്ടിയാണ് സമിതി രൂപീകരിച്ചിരിക്കുന്നത്. കേരളത്തിൽ അതിവേഗ റെയിൽപ്പാത നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളും പ്രായോഗികതകളും വിലയിരുത്തുന്നതിനൊപ്പം മെട്രോമാൻ ഇ. ശ്രീധരൻ മുന്നോട്ടുവെച്ച ബദൽ അതിവേഗ റെയിൽ പദ്ധതിയും സമിതി പഠനവിഷയമാക്കും.

സംസ്ഥാന സർക്കാർ മുൻപ് അവതരിപ്പിച്ച സിൽവർലൈൻ പദ്ധതി കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പ്രായോഗികമല്ലെന്ന വിലയിരുത്തലിനെത്തുടർന്നാണ് ശ്രീധരൻ ബദൽ നിർദ്ദേശം മുന്നോട്ടുവെച്ചത്. കേരളത്തിലെ റോഡ് ഗതാഗതം ഇന്ന് കടുത്ത സമ്മർദ്ദത്തിലാണ്.

ദേശീയപാതാ വികസനം പുരോഗമിക്കുന്നുണ്ടെങ്കിലും വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് യാത്രാസമയം കുറയുമെന്നതിന് ഉറപ്പില്ല. നിലവിലെ റെയിൽപ്പാതകൾക്കും ശേഷിപരിമിതിയുണ്ട്. ഈ സാഹചര്യത്തിലാണ് മണിക്കൂറിൽ 250 മുതൽ 350 വരെ കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന അതിവേഗ റെയിലിനെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവമായത്.

എന്നാൽ, കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയാണ് പദ്ധതിക്ക് വലിയ വെല്ലുവിളി. ഭൂമി ഏറ്റെടുക്കൽ, ജനവാസ മേഖലകളിലൂടെയുള്ള പാത നിർമാണം, പരിസ്ഥിതി ആഘാതം, പുനരധിവാസം തുടങ്ങിയ വിഷയങ്ങൾ വലിയ വിവാദങ്ങൾക്ക് ഇടയാക്കാൻ സാധ്യതയുണ്ട്. സിൽവർലൈൻ പദ്ധതിയെച്ചൊല്ലി ഉയർന്ന ശക്തമായ ജനപ്രതിഷേധം ഇക്കാര്യത്തിൽ സർക്കാരിന് ഒരു മുന്നറിയിപ്പു കൂടിയാണ്.

മറുവശത്ത് അതിവേഗ റെയിൽ യാഥാർത്ഥ്യമായാൽ തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള യാത്രാസമയം ഗണ്യമായി കുറയ്ക്കാൻ കഴിയും.

വ്യവസായം, ടൂറിസം, സേവനമേഖലകൾ എന്നിവയ്ക്ക് വലിയ ഉത്തേജനമാകുമെന്നും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പുതിയ സാദ്ധ്യതകൾ തുറക്കുമെന്നുമാണ് അനുകൂലികളുടെ വാദം. ദീർഘകാല വികസന കാഴ്ചപ്പാടിൽ കേരളത്തിന്റെ മത്സരശേഷി വർദ്ധിപ്പിക്കാനും ഇത് സഹായിച്ചേക്കും.

സാമ്പത്തിക പ്രായോഗികതയാണ് ഏറ്റവും നിർണായക ഘടകം. ലക്ഷക്കണക്കിനു കോടി രൂപയുടെ നിക്ഷേപം ആവശ്യമായ പദ്ധതിയിൽ യാത്രക്കാരുടെ എണ്ണം, ടിക്കറ്റ് നിരക്ക്, പ്രവർത്തനച്ചെലവ്, കടബാധ്യത, ധനസമാഹരണ മാർഗ്ഗങ്ങൾ എന്നിവയെല്ലാം സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

സാങ്കേതികമായി സാദ്ധ്യമായ ഒരു പദ്ധതി സാമ്പത്തികമായി നിലനിൽക്കുന്നതാകണമെന്നില്ല. ഇത്തരം സാഹചര്യങ്ങൾ നാലംഗ വിദഗ്ധ സമിതി പരിശോധിക്കും.

## ജന്തർമന്തറിൽ വൻ പ്രതിഷേധം

(3-ാം പേജിൽനിന്നും)

യുവജനങ്ങളുടെ രോഷം ഇന്ത്യാതലസ്ഥാന ഹൃദയത്തിലെ ജന്തർമന്തറിൽ ഇരമ്പി. പൂക്കളും ദേശീയ പതാകകളുമേന്തിയായിരുന്നു യുവജനങ്ങളുടെ വരവ്.

സിജെപി സ്ഥാപകനായ അഭിജിത് ദീപ്കെയായിരുന്നു ശ്രദ്ധാകേന്ദ്രം. ഡൽഹി വിമാനത്താവളത്തിൽനിന്ന് പുറത്തേക്കുവന്ന ദീപ്കെ ബി.ആർ. അംബേദ്കറുടെ പുസ്തകം ഉയർത്തിക്കാട്ടി. സമരത്തെ പിന്തുണച്ച് ലഡാക്ക് സമരനായകനും പരിസ്ഥിതി പ്രവർത്തകനുമായ സോനം വാങ്ചുക്, സിപിഐഎംഎൽ ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ, സിപിഐ നേതാവ് ആനി രാജ എന്നിവർ ഉൾപ്പെടെയുള്ള നേതാക്കളുമെത്തിയിരുന്നു. ഒരാഴ്ചയ്ക്കുള്ളിൽ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവെച്ചില്ലെങ്കിൽ ഇന്ത്യയിൽ വ്യാപകമായി പ്രതിഷേധം.

ഈ പ്രതിഷേധം 'ഒരു ട്രെയിലർ മാത്ര'മാണെന്നായിരുന്നു സമരത്തിനു ശേഷം അഭിജിത്തിന്റെ പ്രതികരണം.

# കാനഡയിൽ കരടി ആക്രമണത്തിൽ മലയാളി യുവാവിന് ദാരുണാന്ത്യം

കോഴിക്കോട്: കാനഡയിലെ വടക്കൻ സസ്ക്കാച്ചവനിലെ യുറേനിയം ഖനനമേഖലിലുണ്ടായ കരടി ആക്രമണത്തിൽ കോഴിക്കോട് സ്വദേശിയായ യുവാവിന് ദാരുണാന്ത്യം. മാവൂർ റോഡ് സ്വദേശി കെ. ഹൃഷികേശ് (27) ആണ് കൊല്ലപ്പെട്ടത്.

വാൻകൂവർ ആസ്ഥാനമായുള്ള യുറേനിയം എക്സ് ഡിസ്കവറി കോർപ്പറേഷനിൽ കരാറടിസ്ഥാനത്തിൽ ടെക്നീഷ്യനായി ജോലിചെയ്യുകയായിരുന്നു. മേയ് എട്ടിന് പ്രോജക്ട് സൈറ്റിൽവെച്ചാണ് കരടിയുടെ ആക്രമണമുണ്ടായത്.

ജോലിസ്ഥലത്തേക്ക് ഹെലികോപ്റ്ററിലാണ് ഹൃഷികേശിനെയും സഹപ്രവർത്തകരെയും കമ്പനി എത്തിച്ചത്. അവിടെനിന്ന് വനമേഖലയോടുചേർന്നുള്ള സൈറ്റിൽവെച്ച് ആക്രമണമുണ്ടായതായാണ് വിവരം. കരടിയെ പിന്നീട് വെടിവെച്ചു കൊല്ലുകയായിരുന്നു.

ബോക്സറായ ഹൃഷികേശ് മൂന്നുവർഷം മുൻപാണ് ജോലിക്കായി കാനഡയിലെത്തിയത്. മൂത്തസഹോദരൻ കെ. അർജുനൊപ്പം ബ്രിട്ടീഷ് കൊളംബിയയിലെ പെന്റിങ്ടണ്ണിലാണ് താമസിച്ചിരുന്നത്. 10 വർഷത്തിലധികമായി മിക്സഡ് മാർഷ്യൽ ആർട്സിൽ പരിശീലനം നേടുന്നുണ്ട്.

കാനഡയിലെ പെനിങ്ടണിലെ സ്കോഡൻ മാർഷ്യൽ ആർട്സിൽ ചേർന്ന് പരിശീലനം തുടർന്നിരുന്നു. വെസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ പ്രവേശനംനേടി പഠനം ആരംഭിക്കാനിരിക്കുകയായിരുന്നു.

ആക്രമണത്തെക്കുറിച്ചും കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയെക്കുറിച്ചും കാനഡയിൽ അന്വേഷണം നടക്കുന്നുണ്ടെന്നാണ് വിവരം. 2020-ലാണ് ഇതിനുമുൻപ് സസ്ക്കാച്ചവനിൽ കരടി ആക്രമണം റിപ്പോർട്ട് ചെയ്തത്. കെ. രതീഷിന്റെയും (മെമന്റോ വേൾഡ്, മാവൂർ റോഡ്) പി. തുളസിയുടെയും മകനാണ്. ശ്രീശങ്കറാണ് ഇളയ സഹോദരൻ.

# കർണാടകത്തിൽ ഡി.കെ. ശിവകുമാർ മുഖ്യമന്ത്രിയായി



ബെംഗ്ളൂരു: കർണാടക മുഖ്യമന്ത്രിയായി ഡി.കെ. ശിവകുമാർ അധികാരമേറ്റു. ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ താവർചന്ദ് ഗേലോട്ട് സത്യവാചകം ചൊല്ലിക്കൊടുത്തു. ജി. പരമേശ്വരയാണ് ഉപമുഖ്യമന്ത്രി.

ഭരണഘടനയുടെ പകർപ്പ് കൈയിലേന്തി 'ഗംഗാധര അജ്ജ്' എന്ന ആത്മീയ ഗുരുവിന്റെ നാമത്തിലാണ് ശിവകുമാർ സത്യപ്രതിജ്ഞ ചെയ്തത്. ഡോ. ബി.ആർ. അംബേദ്കറുടെ നാമത്തിലായിരുന്നു ജി. പരമേശ്വരയുടെ സത്യപ്രതിജ്ഞ.

കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ, കേരള മുഖ്യമന്ത്രി വി.ഡി. സതീശൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മലയാളികളായ കെ.ജെ. ജോർജ്, യു.ടി. ഖാദർ എന്നിവരും മന്ത്രിസഭയിൽ ഇടംനേടി.

യു.ടി. ഖാദർ, യതീന്ദ്ര എന്നിവരൊഴികെ ബാക്കിയെല്ലാവരും സിദ്ധരാമയ്യയുടെ മുൻ സർക്കാരിലും മന്ത്രിമാരായിരുന്നു. ഖാദർ കർണാടക നിയമസഭാ സ്പീക്കറായിരുന്നു. നിയമനിർമാണ കൗൺസിൽ അംഗമായ യതീന്ദ്ര സിദ്ധരാമയ്യയുടെ മകനാണ്.

# സൂര്യനെല്ലിയിൽ കാട്ടാന ആക്രമണം: യുവതിക്കു ദാരുണാന്ത്യം

ഇടുക്കി: ചിന്നക്കനാൽ സൂര്യനെല്ലിയിൽ വീണ്ടും കാട്ടാന ആക്രമണം. മകനെ സ്കൂളിൽ വിടാൻ പോകുന്നതിനിടെ കാട്ടാനയുടെ ആക്രമണത്തിൽ യുവതി ദാരുണമായി കൊല്ലപ്പെട്ടു. സിങ്കുകണ്ടം സ്വദേശി വെള്ളസ്വാമിയുടെ മകൾ മാരി (35) ആണ് മരിച്ചത്.

ഒപ്പമുണ്ടായിരുന്ന മകന് സാരമായി പരുക്കേറ്റു. കുട്ടിയെ എച്ച്എംഎൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടി അപകടനില തരണംചെയ്തിട്ടുണ്ട്.

ജൂൺ എട്ടിന് രാവിലെ എട്ടോടെ സൂര്യനെല്ലിയിലായിരുന്നു സംഭവം. കനത്ത മഴയും മൂടൽമഞ്ഞും മൂലം ആന നിൽക്കുന്നത് കണ്ടില്ല. അപ്രതീക്ഷിതമായി ആനയുടെ മുന്നിൽപ്പെട്ടതോടെ ഇവർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു.

എന്നാൽ മാരിയെ ആന ചവിട്ടുകയായിരുന്നു. മൃതദേഹം സൂര്യനെല്ലിയിലെ ആശുപത്രിയിൽ. വനംവകുപ്പ് ഉദ്യോഗസ്ഥരും പോലീസും സ്ഥലത്തെത്തിയിട്ടുണ്ട്.

# മറിയാമ്മ പിള്ള മെമ്മോറിയൽ സൂപ്പർ കപ്പ് ടോറന്റോ സ്പൈക്കേഴ്സിന്

**ജോർജ് പണിക്കർ**

ചിക്കാഗോ: ഇല്ലിനോയി മലയാളി അസോസിയേഷൻ നടത്തിയ മറിയാമ്മ പിള്ള മെമ്മോറിയൽ സൂപ്പർ കപ്പ് മത്സരത്തിൽ ടോറന്റോ സ്പൈക്കേഴ്സ് ടീം ജേതാക്കളായി. ന്യൂയോർക്ക് ചലഞ്ചേഴ്സുമായി ഏറ്റുമുട്ടിയാണ് ടോറന്റോ സ്പൈക്കേഴ്സ് വിജയശ്രീലാളിതരായത്.

രാവിലെ 8 മണിക്കു തന്നെ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കാനഡയിൽ നിന്നുമുള്ള ചെറുപ്പക്കാരുടെ സോക്കർ ടീമുകൾ അണിനിരന്നു കഴിഞ്ഞിരുന്നു. ഹൂസ്റ്റൺ യുണൈറ്റഡ്, ചിക്കാഗോ മലയാളി എഫ്സി, വാക്കീഗൺ യംഗ് ബോയിസ്, ഫില്ലി ആർസിണൽ, മെറിലാൻഡ് സ്ട്രൈക്കേഴ്സ്, ചിക്കാഗോ ചലഞ്ചേഴ്സ്, ന്യൂയോർക്ക് ചലഞ്ചേഴ്സ്, ടോറന്റോ സ്പൈക്കേഴ്സ് എന്നീ എട്ടു ടീമുകളാണ് മാറ്റുരയ്ക്കാൻ ചിക്കാഗോയുടെ മണ്ണിൽ ആഗതരായത്.

ഉച്ചക്ക് 12 മണിക്ക് പ്രസിഡണ്ട് ജോയി ഇണ്ടിക്കുഴി ടൂർണമെന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. തദവസരത്തിൽ മുഖ്യ സ്പോൺസറായ ചന്ദ്രൻ പിള്ളയും ഐഎംഎ ഭാരവാഹികളായ ജോർജ് പണിക്കർ, അനിൽ പിള്ള, പ്രിജീൽ അലക്സാണ്ടർ, ഷാനി ഏബ്രഹാം, സ്റ്റീഫൻ ചൊള്ളമ്പേൽ, ലിൻസ് ജോസഫ്, ജോസി കുരിശിങ്കൽ, ജോർജ് മാത്യു, സിബു മാത്യു, വർക്കി ശാമുവേൽ, പ്രവീൺ തോമസ്, സാം തോമസ്, സാം ജോർജ്, സാക്ക തോമസ്, ലിനു ജോസഫ് എന്നിവരും മറ്റു സ്പോൺസർമാരായ ജെയ്ബു കുളങ്ങര, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, അറ്റോർണി സ്റ്റീവ് ക്രിഫേയിസ്, ഷിജോ മുല്ലപ്പള്ളി, കൈരളി ഫുഡ്സ്, സണ്ണി ഈറോറിക്കൽ തുടങ്ങിയ ഒരു വൻനിര സ്പോൺസർമാരും ഈ ടൂർണമെന്റിന് നേതൃത്വമേകാൻ സന്നിഹിതരായിരുന്നു.







ചിക്കാഗോയിലെ ഏതു പരിപാടിയിലും കാണികളെ ഉദ്വേഗഭരിതരാക്കി മുൾമുനയിൽ നിർത്തുന്ന സജി പൂതൃക്കയിൽ തന്റെ റണ്ണിംഗ് കമന്ററികൾ കൊണ്ട് കാണികളെ ആവേശഭരിതരാക്കി.

മെഡിക്കൽ ടീമിനു വേണ്ടി ലിസി പീറ്റർ ഇണ്ടിക്കുഴിയും ബഞ്ചമിൻ തോമസും സ്തുത്യർഹമായ സേവനം നടത്തി.

വൈകുന്നേരം 6 മണിക്ക് നടന്ന സമ്മാനദാന ചടങ്ങിൽ ഒന്നാം സമ്മാനമായ മറിയാമ്മ പിള്ള മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും 1000 ഡോളർ ക്യാഷ് അവാർഡും ഐഎംഎ മുൻ ട്രഷറർ ചന്ദ്രൻ പിള്ള നല്കി. രണ്ടാം സമ്മാനമായ 500 ഡോളർ ക്യാഷ് പ്രൈസും പീറ്റർ ഇണ്ടിക്കുഴി മെമ്മോറിയൽ എവർറോളിങ് ട്രോഫിയും സംഘടന പ്രസിഡണ്ട് ജോയി ഇണ്ടിക്കുഴി നല്കുകയുണ്ടായി.


ചെറുപ്പക്കാർക്കും ഏറെ അവസരങ്ങൾ ഒരുക്കുന്ന ഐഎംഎ കഴിഞ്ഞ 35 വർഷമായി കലാ- കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിലും മുൻപന്തിയിലാണ്. ഐഎംഎയുടെ സോക്കർ ടൂർണമെന്റിന് പിന്തുണയുമായി ചിക്കാഗോയിലെ വിവിധ സംഘടനാ നേതാക്കളായ ജോസ് മണക്കാട്ട്, പീറ്റർ കുളങ്ങര, സിറിയക് പുത്തൻപുര, സാബു അച്ചേട്ട്, മനോജ് അച്ചേട്ട്, സൈമൺ ചക്കാലപ്പടവിൽ, ആന്റോ കവലയ്ക്കൽ, ജെയിംസ് പുത്തൻപുര, ജിസ്മോൻ വിൽസൺ ഊഴത്തിൽ തുടങ്ങി ഒരു വൻനിരതന്നെ സന്നിഹിതരായിരുന്നു.










PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more…
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com